# വിശ്വാസികളുടെ പിതാവ്

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 683 562

# വിശ്വാസികളുടെ പിതാവ്


## പ്രൊഫ. എം.വൈ. യോഹന്നാൻ

**റിട്ടയേഡ് പ്രിൻസിപ്പൽ,**
**സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി**

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 683 562**

●

Cover Page & Design
Binu Varghese
Dentcare Dental Lab Pvt. Ltd., Muvattupuzha

●

Printed at
Viani Printings, Kochi - 682 018

●

Price: ` 70


●


All rights reserved with the publisher

# ആമുഖം

പ്രാർത്ഥന ദൈവവുമായുള്ള ഒരു സംഭാഷണമാണ് എന്ന് അലക്സാൻഡ്രിയായിലെ ക്ലമന്റ് പറയുന്നു. സംഭാഷണത്തിൽ, ഒരാൾ കേൾക്കുകയും മറ്റെയാൾ പറയുകയും മാത്രമല്ല, പരസ്പരം ആശയങ്ങൾ കൈമാറുന്നു. കൂടെക്കൂടെ ദൈവവുമായുള്ള സംഭാഷണത്തിൽ ആനന്ദിച്ച് ലയിച്ച ഒരാളാണ് തിരുവചനത്തിലെ അബ്രാഹാം.

ദൈവത്തിന്റെ ശബ്ദം കേട്ടാണ് അബ്രാഹാം മെസ്സപ്പൊട്ടോമിയൻ സമതലത്തിൽ നിന്ന് യാത്ര പുറപ്പെട്ടത്. എങ്ങോട്ട് എന്ന് അറിയാതെയാണ് അബ്രാഹാം പുറപ്പെട്ടത്. ദൈവം അരുളിച്ചെയ്തു, അബ്രാഹാം അനുസരിച്ചു. ദൈവവിശ്വാസത്തിലുള്ള അചഞ്ചലമായ നിലപാടാണ് അബ്രാഹാമിനെ വിശ്വാസികളുടെ പിതാവാക്കി തീർത്തത്.

പ്രാർത്ഥന ഒരു മൊബൈൽ ഫോണിനോട് ഉപമിക്കാവുന്നതാണ്. എപ്പോഴും എവിടെവച്ചും അതിൽക്കൂടി സംസാരിക്കാം. എവിടെവെച്ച് പ്രാർത്ഥിച്ചാലും നമുക്ക് ദൈവം മറുപടി തരും.

അബ്രാഹാം ഒരിടത്തും സ്ഥിരമായി വസിച്ചില്ല. അബ്രാഹാം "കൂടാരങ്ങളിൽ പാർത്ത്" ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു" എന്ന് തിരുവചനം പറയുന്നു. എബ്രായർ 11 : 10

അബ്രാഹാമിന്റെ ജീവിതം സത്യവിശ്വാസികൾക്ക് ഒരു

മാതൃകയാണ് സത്യസന്ധതയും നീതിബോധവും നമ്മുടെ ജീവിതത്തിൽ കാമ്പുറ്റ അനുഭവമായി മാറേണ്ടതാണ്. സൊദോം രാജാവിനുവേണ്ടി യുദ്ധം ജയിച്ചുവന്ന അബ്രാഹാം, യുദ്ധത്തിന്റെ കൊള്ളമുതൽ അബ്രാഹാമിന് കൊടുക്കുവാൻ തയ്യാറായപ്പോൾ പറഞ്ഞു:

> *"സൊദോം രാജാവ് അബ്രാമിനോട്: ആളുകളെ എനിക്കു തരിക; സമ്പത്തു നീ എടുത്തുകൊൾക എന്നു പറഞ്ഞു. അതിന് അബ്രാം സൊദോം രാജാവിനോട് പറഞ്ഞത്: ഞാൻ അബ്രാമിനെ സമ്പന്നനാക്കി എന്ന് നീ പറയാതിരിപ്പാൻ ഞാൻ ഒരു ചരടാകട്ടെ ചെരിപ്പ് വാറാകട്ടെ നിനക്കുള്ള തിൽ യാതൊന്നുമാകട്ടെ എടുക്കയില്ല എന്നു ഞാൻ സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി അത്യുന്നത ദൈവമായ യഹോവയിങ്കലേക്ക് കൈ ഉയർത്തി സത്യം ചെയ്യുന്നു."* *ഉല്പത്തി 14 : 21 – 23*

അബ്രാഹാമിന്റെ വിശ്വാസത്തിന്റെ കാലടിപ്പാടുകളെ പിന്തുടർന്ന്, അബ്രാഹാം 'ദൈവത്തിന്റെ സ്നേഹിതൻ' എന്നും 'വിശ്വാസികളുടെ പിതാവ്' എന്നും അറിയപ്പെട്ടതുപോലെ ഈ ഗ്രന്ഥം അനുശീലനം ചെയ്യുന്ന എല്ലാവർക്കും ധാരാളമായി അനുഗ്രഹങ്ങൾ ലഭിക്കട്ടെ എന്നാണ് എന്റെ പ്രാർത്ഥനയും ആശംസയും.

ഈ പുസ്തകത്തിന്റെ രചനയിലും DTP, അച്ചടി, മുഖചിത്രം എന്നിവയിലും സജീവമായ പങ്കുവഹിച്ച എന്റെ വാത്സല്യ ഭാജനങ്ങളായ സാജു കുര്യാക്കോസ് (Director, Dentcare), സാലി സാജു (Director, Dentcare), ബിനു വർഗ്ഗീസ് (Manager, Dentcare), ബിജു മാത്യു (Sr. Manager IT, Dentcare) ജിജി. N. ജോർജ്ജ്, മുളന്തുരുത്തി മുതലായവരോടുള്ള എന്റെ അകൈതവമായ കൃതജ്ഞതയും കടപ്പാടും ഞാൻ

പ്രകാശിപ്പിച്ചു കൊള്ളട്ടെ.

'വിശ്വാസികളുടെ പിതാവ്' എന്ന ഈ പുസ്തകം എന്റെ അനുവാചകർ ഏവർക്കും പ്രചോദനം അരുളട്ടെ എന്ന ആശംസയോടുകൂടി ഞാൻ ഈ ആമുഖക്കുറിപ്പുകൾക്ക് വിരാമമിടട്ടെ.

എന്ന്, നിങ്ങളുടെ സ്വന്തം,

**എം.വൈ. യോഹന്നാൻ സാർ.**

## ഒന്ന്

*"ഇങ്ങനെ അബ്രാമും ഭാര്യയും അവനുള്ളതൊക്കെയും അവനോടുകൂടെ ലോത്തും മിസ്രയീമിൽ നിന്നു പുറപ്പെട്ടു തെക്കേ ദേശത്തു വന്നു. കന്നുകാലി, വെള്ളി, പൊന്ന് ഈ വകയിൽ അബ്രാം ബഹുസമ്പന്നനായിരുന്നു. അവൻ തന്റെ യാത്രയിൽ തെക്കുനിന്നു ബേഥേൽവരെയും ബേഥേലിനും ഹായിക്കും മദ്ധ്യേ തനിക്ക് ആദിയിൽ കൂടാരം ഉണ്ടായിരുന്നതും താൻ ആദിയിൽ ഉണ്ടാക്കിയ യാഗപീഠമിരുന്നതുമായ സ്ഥലം വരെയും ചെന്നു."* *ഉല്പത്തി 13 : 1 – 3*

അബ്രാഹാമിന് ദൈവം പ്രത്യക്ഷപ്പെട്ട സ്ഥലമാണ് ബേഥേൽ. എന്നാൽ അബ്രാഹാം ക്ഷാമം വന്നപ്പോൾ മിസ്രയീമിലേക്ക് ഇറങ്ങിപ്പോയി. മിസ്രയീമിൽ വെച്ച് വിലപ്പെട്ട പലതും നഷ്ടപ്പെട്ട അബ്രാഹാം ബേഥേലിലേക്കു തിരികെ വന്നു.

ഒരിക്കൽ അബ്രാഹാം ബേഥേലിൽ വച്ച് യാഗപീഠം പണിതതാണ്; യാഗം കഴിച്ചതാണ്. ഒരിക്കൽ സമർപ്പണമെടുത്ത ആ സമർപ്പണസ്ഥലംവരെയും അബ്രാഹാം തിരികെ പോന്നു. ഒരിക്കൽ ദൈവത്തോടു പറഞ്ഞ ഉടമ്പടിയിലേക്ക്, ദൈവസന്നിധിയിൽ ചെയ്ത തീരുമാനത്തിലേക്ക് അബ്രാഹാം മടങ്ങിവന്നു.

ബേഥേൽ ദൈവപ്രത്യക്ഷതയുടെ സ്ഥലമാണ്. ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയ സ്ഥലമാണ്. ദൈവം തന്റെ ദാസനോടു സംസാരിച്ച സ്ഥലമാണ്. തുടർന്ന് യാക്കോബിന്

ദൈവം ബേഥേലിൽ വച്ച് പ്രത്യക്ഷനായി.

ദൈവജനമേ, നിങ്ങൾ ദൈവത്തിന്റെ ശബ്ദം കേൾക്കാറുണ്ടോ? ഈ എഴുതപ്പെട്ട തിരുവചനത്തിൽ നിങ്ങൾക്ക് ദൈവത്തിന്റെ ശബ്ദം കേൾക്കാം. ദൈവിക സ്വരം കേൾക്കാം, ദൈവിക ആലോചന കേൾക്കാം. തിരുവചന ത്തിലൂടെ ദൈവം നിങ്ങളോട് നേരിട്ട് ഇടപെടുന്നത് നിങ്ങൾക്കനുഭവിക്കാം.

ശാന്തമായി, എല്ലാം മറന്ന് കർത്താവിന്റെ പാദപീഠ ത്തിൽ ഇരിക്കുന്നതായി ധ്യാനിച്ചുകൊണ്ട് ഈ തിരുവചനം പ്രാർത്ഥനയോടെ നിങ്ങൾ വീണ്ടും വീണ്ടും വായിക്കൂ. അപ്പോൾ ദൈവിക ആലോചനകൾ നിങ്ങൾക്കു ലഭിക്കും. നിങ്ങളോടുള്ള specific message നിങ്ങൾക്കു കിട്ടും.

മനസ്സു വാടുമ്പോൾ, ഉള്ളം വേദനിക്കുമ്പോൾ, പ്രതിസ ന്ധികളിൽ ഉലയുമ്പോൾ, എന്തുവേണ്ടു എന്നറിയാതെ അമ്പര പ്പിലാകുമ്പോൾ, മുന്നോട്ട് ഒരു ചുവട് വയ്ക്കാൻ വയ്യാതെ വിഷമസന്ധിയിൽപ്പെട്ട് വട്ടം കറങ്ങുമ്പോൾ നിങ്ങൾ ഈ വിശുദ്ധബൈബിളുമായി, ശാന്തമായി കർത്താവിന്റെ പാദപീഠ ത്തിലിരിക്കണം. എണ്ണിയെണ്ണി എല്ലാം കർത്താവിനോട് പറ യണം. നിങ്ങളുടെ ആവശ്യങ്ങൾ കർത്താവിനോട് അപേ ക്ഷിച്ചു വാങ്ങണം.

തിരുവചനം ശക്തിയാണ്, തിരുവചനം ജീവനാണ്, തിരു വചനം ബലമാണ്, തിരുവചനം വിശ്വാസമാണ്, തിരുവചനം കരുത്താണ്, തിരുവചനം തീയാണ്, തിരുവചനം ആത്മാവാണ്.

വഴിതെറ്റി ഉഴലുന്നവർക്ക് സത്യവഴി കാണിച്ചുതരുന്ന താണ് ദൈവത്തിന്റെ വചനം. അദ്ധ്വാനിച്ച് വലഞ്ഞ്, ഭാരം ചുമന്ന് തളർന്ന് വിഷമിക്കുന്നവർക്ക് അത്താണിയായി വരുന്ന താണ് ദൈവത്തിന്റെ തിരുവചനം. ശത്രുവാകുന്ന പൈശാചി കന്റെ കടിയേറ്റു വലയുന്നവർക്ക്, പാപത്തിന്റെ ഭീകരമായ പോരാട്ടത്തിൽ തളർന്നു വീണുകിടക്കുന്നവർക്ക് പാപത്തിൽ

നിന്നെഴുന്നേൽക്കാനുള്ള ശക്തിയാണ് ദൈവത്തിന്റെ വചനം.

അബ്രാഹാമിനു ദൈവം നേരിട്ടു പ്രത്യക്ഷനായി. അവിടെ അബ്രാഹാം തനിക്കു പ്രത്യക്ഷനായ യഹോവയ്ക്ക് ഒരു യാഗപീഠം പണിതു. നാളുകൾക്കു മുമ്പ്, മിസ്രയീമിലേക്കു പോകുന്നതിനു മുമ്പ് എഴുപത്തിയഞ്ചാമത്തെ വയസ്സിൽ യാത്ര പുറപ്പെട്ടു പോരുന്ന വഴിക്ക് ബേഥേലിൽ വന്നപ്പോൾ ദൈവം അവന് പ്രത്യക്ഷനായി. അവിടെ അബ്രാഹാം ദൈവത്തിന് ഒരു യാഗപീഠം പണിതു യാഗം കഴിച്ചു.

> *"യാഗം കഴിച്ച് എന്നോടു നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ." സങ്കീർത്തനങ്ങൾ 50 : 5*

യാഗം കഴിക്കുന്നത് ദൈവത്തോടു നിയമം ചെയ്യാനാണ്. ദൈവത്തോടു നിയമം ചെയ്യുന്ന വിശുദ്ധന്മാർ കൂടി വരുന്നത് ആരാധിക്കാനാണ്; ദൈവത്തിനു സ്തുതി കരേറ്റാനാണ്.

സ്തുതിയും സ്തോത്രവും പ്രഭയും പുകഴ്ചയും മാഞ്ഞുപോകാത്ത നല്ല ഉന്നതിയും സദാനേരവും ഇടവിടാതെ കരേറ്റുവാനാണ് യാഗപീഠം പണിയുന്നത്. ആരാധന സ്തോത്രമാണ്. "ഈ കുർബ്ബാന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാകുന്നു."

ദൈവത്തോട് ഉടമ്പടി ചെയ്ത് പാപം മാറുമ്പോൾ, യാഗപീഠം പണിത് തന്നെത്താൻ യാഗമായി അർപ്പിക്കുമ്പോൾ ലഭിക്കുന്ന സൗഭാഗ്യമാണ് സ്തുതിയും ഹാലേലുയ്യായും.

അബ്രാഹാം യാഗപീഠം പണിതു. അബ്രാഹാം ദൈവത്തോട് ഉടമ്പടി ചെയ്തു; ആരാധന തുടങ്ങി. മിസ്രയീമിലേക്കു പോയപ്പോൾ ആരാധന നിലച്ചുപോയിരുന്നു; സ്തുതി നിലച്ചുപോയിരുന്നു. അബ്രാഹാമിന്റെ ആത്മാവ് നിശ്ചലമായിപ്പോയിരുന്നു. മിസ്രയീമിലേക്കു പോയപ്പോൾ അബ്രാഹാമിനു പറ്റിയ ഒരു വലിയ നഷ്ടം ഇതാണ് - അവന്റെ ആരാധന നഷ്ട

പ്പെട്ടുപോയി.

അബ്രാഹാം മിസ്രയീമിലേക്കു പോയകാലത്ത് ആരാധനയില്ല, യാഗപീഠമില്ല. ഉടമ്പടി നഷ്ടപ്പെട്ടുപോയിരുന്നു. നഷ്ടത്തിന്റെ കണക്കും പേറി ദൈവപുരുഷൻ നിരാശനായി നടക്കുകയാണ്. ഭാരത്തോടെ ജീവിക്കുകയാണ്. സാക്ഷ്യം നഷ്ടപ്പെട്ടു, വിശ്വാസം നഷ്ടപ്പെട്ടു, ധൈര്യം നഷ്ടപ്പെട്ടു, പ്രാഗത്ഭ്യം നഷ്ടപ്പെട്ടു, ലോത്ത് നഷ്ടപ്പെട്ടു. ജീവിതത്തിലേക്ക് ഒരിക്കലും വരരുതാത്ത പലതരം പ്രശ്നങ്ങൾ വന്നു. നഷ്ടങ്ങളുടെ കണക്കുകൾ ഏറെ സംഭവിച്ചുപോയി. ആരാധന മുടങ്ങിപ്പോയി.

ആരാധന മുടങ്ങിയ ദൈവപൈതലേ, നിനക്കിനിയും ആരാധന ആരംഭിക്കാം. മടങ്ങി വരിക, നിങ്ങൾ ബേഥേലിലേക്കു മടങ്ങി വരിക. പുറപ്പെട്ട സ്ഥലത്തേക്കു മടങ്ങി വരിക. ഒരിക്കൽ എടുത്ത സമർപ്പണത്തിലേക്ക് മടങ്ങി വരിക. അല്പം പോലും വൈകണ്ട.

സ്നേഹവാനായ ക്രിസ്തു നിങ്ങളെ സ്നേഹത്തോടെ, വാത്സല്യത്തോടെ ക്ഷണിക്കുകയാണ്. മകനേ വരുവിൻ, മകളേ വരുവിൻ, ആരാധന പുന:സ്ഥാപിപ്പിൻ! ആരാധന തുടങ്ങുവിൻ! സത്യാരാധന ആരംഭിക്കുവിൻ! ആത്മാവിലും സത്യത്തിലുമുള്ള ആരാധന തുടങ്ങുവിൻ! ആരാധനയുടെ സന്തോഷം അനുഭവിപ്പിൻ! ആരാധനയുടെ ലഹരിയിൽ ദൈവത്തെ സ്തുതിപ്പിൻ, വാഴ്ത്തിപ്പാടുവിൻ!

*"തലപൊക്കി ചുറ്റും നോക്കുക; ഇവർ എല്ലാവരും നിന്റെ അടുക്കൽ വന്നുകൂടുന്നു."*

*യെശയ്യാവ് 49 : 18*

*"നീ തല പൊക്കി ചുറ്റും നോക്കുക; അവർ എല്ലാവരും ഒന്നിച്ചുകൂടി നിന്റെ അടുക്കൽ വരുന്നു; നിന്റെ പുത്രന്മാർ ദൂരത്തു നിന്നുവരും; നിന്റെ പുത്രിമാരെ പാർശ്വത്തിങ്കൽ വഹിച്ചുകൊണ്ടുവരും."*

*യെശയ്യാവ് 60 : 4*

തല പൊക്കി ചുറ്റും നോക്കുക. തല താഴ്ത്തി ഇരിക്കുന്ന ഒരു സമൂഹത്തോട്, ഏതോ ചില കാരണങ്ങളാൽ അപകർഷതാബോധം പുലർത്തുന്ന മനുഷ്യനോട് ദൈവം കല്പിക്കുകയാണ്, നീ തല താഴ്ത്തി ഇരിക്കേണ്ട. തല കുമ്പിട്ടിരിക്കണ്ട; നീ തല പൊക്കി ചുറ്റു നോക്കുക.

അബ്രാഹാം തല താണുപോയ വ്യക്തിയാണ്. പലപ്പോഴും നമ്മുടെ തല താണുപോകാറുണ്ട്; നമുക്ക് ക്ഷീണം തട്ടാറുണ്ട്; വാട്ടം വരാറുണ്ട്.

പക്ഷേ, ദൈവം പറയുന്നു: തലപൊക്കി ചുറ്റും നോക്കുക. അബ്രാഹാം തലപൊക്കി നോക്കി. തല താണിരുന്ന ദൈവദാസൻ തല പൊക്കി നോക്കി.

> *"ലോത്ത് അബ്രാമിനെ വിട്ടുപിരിഞ്ഞശേഷം യഹോവ അബ്രാമിനോടു അരുളിച്ചെയ്തത്: തല പൊക്കി, നീ ഇരിക്കുന്ന സ്ഥലത്തുനിന്നു വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക."* *ഉല്പത്തി 13 : 14*

അബ്രാഹാമിന്റെ തല താണുപോയിരുന്നു. കാരണം, ഒരുമിച്ചു പുറപ്പെട്ട ലോത്ത് തന്നെ വിട്ടുപിരിഞ്ഞു. ലോത്ത് വിട്ടുപിരിഞ്ഞതോടെ അബ്രാഹാമിന് ഏതോ ചില നഷ്ടബോധങ്ങൾ, ചില മ്ലാനതകൾ; എന്തോ ചില ക്ഷീണങ്ങൾ; അബ്രാഹാമിന്റെ മനസ്സിൽ ഒരു വാട്ടം തട്ടിപ്പോയി. അബ്രാഹാം ചിന്തിക്കുകയാണ്: എങ്കിലും എന്റെ കൂടെ പുറപ്പെട്ട എന്റെ സഹോദരപുത്രൻ, അവൻ ലോകത്തിന്റെ സുഖവും സന്തോഷവും തേടി എന്നെ വിട്ടുപോയല്ലോ. അവൻ കൂടാരം നീക്കി നീക്കി അടിച്ച് സോദോമിലേക്കു നീങ്ങിയല്ലോ. അബ്രാഹാമിന് സങ്കടം സഹിക്ക വയ്യാ.

ഇവിടെ ഒരു ദൈവദാസന്റെ ഹൃദയത്തിന്റെ വിങ്ങലുകൾ, ഹൃദയത്തിലുള്ള ഏങ്ങലടികൾ നമുക്കു കേൾക്കാം.

കൂട്ടായ്മയിൽ ഒരുമിച്ചു പ്രവർത്തിച്ചു, ഒരുമിച്ചു നീങ്ങി. അവരിൽ ആരെങ്കിലും വിട്ടുപോയാൽ സങ്കടമുണ്ട്; വേദന യുണ്ട്; അടക്കാനാവാത്ത ദു:ഖമുണ്ട്. ഒരു കുടുംബത്തിൽ ഒരു മിച്ച് ജീവിച്ചു; ഒരുമിച്ചു പാർത്തു; ഒരാൾ നേരത്തെ അക്ക രയ്ക്കു പറന്നുപോയാൽ സഹിക്കാവുന്നതല്ല; താങ്ങാവുന്ന തല്ല. ഇനി കാണുമോ? തമ്മിൽ കാണാനൊക്കുമോ? അറിഞ്ഞു കൂടാ. ഒരു പ്രത്യാശയില്ല; ഉറപ്പില്ല; ഒരു ധൈര്യമില്ല.

വചനം പറയുന്നു, വിശ്വാസിയായി കടന്നുപോയെങ്കിൽ, ഞാനും വിശ്വാസിയായിട്ട് ജീവിക്കുന്നെങ്കിൽ കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ മദ്ധ്യാകാശത്തിൽ കൂടി ക്കാണാം. വിശുദ്ധന്മാരുടെ മഹാസമ്മേളനത്തിൽ അന്ന് ഒരുമി ച്ചുകാണാം. എന്നാൽ അതിനെക്കുറിച്ച് ഒരു നിർണ്ണയമില്ലാത്ത ആളുകളുണ്ട്. വ്യക്തമായ ധാരണ ഇല്ലാത്തതുകൊണ്ട് തല താണു പോയവരുണ്ട്.

പ്രിയപ്പെട്ട പിതാവ് നേരത്തെ നഷ്ടപ്പെട്ടുപോയതിൽ ഉള്ളം തേങ്ങിക്കൊണ്ടിരിക്കുന്നവരില്ലേ? പ്രിയപ്പെട്ട അമ്മ നേരത്തെ നഷ്ടപ്പെട്ടുപോയതുകൊണ്ട് സങ്കടപ്പെട്ട് ഏങ്ങല ടിച്ചു കഴിയുന്നവരില്ലേ? പ്രിയപ്പെട്ട ഭർത്താവ് നേരത്തെ കട ന്നുപോയതുകൊണ്ട് ദു:ഖിച്ചു വിവശതയോടെ കഴിയുന്നവ രില്ലേ? പ്രിയപ്പെട്ട ഭാര്യ നേരത്തെ കടന്നുപോയതുകൊണ്ട് സങ്കടപ്പെട്ടു കഴിയുന്നവരില്ലേ? അതെല്ലാം ഭൗതികമായ വേർപാടാണ്.

എന്നാൽ അബ്രാഹാമിനു വന്നത് ഭൗതികമായ വേർപാ ടല്ല, ആത്മീയമായ വേർപാടാണ്. അബ്രാഹാം ഒരു വിശ്വാസി യാണ്. ദൈവത്തിന്റെ വചനം കേട്ട് ഇറങ്ങി പുറപ്പെട്ട ദൈവ പൈതലാണ്. ദൈവം പറഞ്ഞ വാക്കു കേട്ടു പുറപ്പെട്ടാൽ കിട്ടുന്ന മേന്മ എന്താണെന്നും, നേട്ടം എന്താണെന്നും, നിത്യത യിലേക്കുള്ള മുതൽക്കൂട്ട് എന്താണെന്നും അബ്രാഹാമിന് അറിയാം. അതുകൊണ്ട് ആ മഹാഭാഗ്യമാണല്ലോ എന്റെ കൂടെ പുറപ്പെട്ട എന്റെ സഹോദരപുത്രനു നഷ്ടപ്പെട്ടത് എന്ന തിരിച്ച

റിവിൽ നിന്ന് ഉള്ളം വിങ്ങുന്നു; ഹൃദയം വേദനിക്കുന്നു.

ആത്മാവിനെക്കുറിച്ചുള്ള ഭാരം! അതൊരു നല്ല ലക്ഷണ മാണ്. നഷ്ടപ്പെട്ടുപോകുന്നവരെക്കുറിച്ചുള്ള ഭാരം! അറിഞ്ഞോ അറിയാതെയോ നരകത്തിന്റെ ഭീകരാന്ധകാരത്തിലേക്കു നീങ്ങുന്നവരെക്കുറിച്ചുള്ള ആകുലം; അതും ഏറ്റവും പ്രിയപ്പെ ട്ടവരാണ് പോകുന്നതെങ്കിൽ! ഇതുവരെയും ഒരുമിച്ചു സംസാ രിച്ചവരും ഇതുവരെയും ഒരുമിച്ചു പ്രാർത്ഥിച്ചവരും ഇതുവ രേയും ഒരുമിച്ചു ശുശ്രൂഷ ചെയ്തവരുമാണ് പോകുന്നതെ ങ്കിൽ ആ ഹൃദയത്തിന്റെ വേദന താങ്ങാവുന്നതല്ല; സഹിക്കാ വുന്നതല്ല.

ഭൗതികമായ നേട്ടങ്ങളിലേക്കു നോക്കുന്ന ഒരു ദൈവ പൈതലല്ല അബ്രാഹാം. അബ്രാഹാം എന്നുമെന്നും കൂടാരങ്ങ ളിലേ വസിച്ചിട്ടുള്ളു. സ്ഥിരവാസം അബ്രാഹാമിനു ചിന്തി ക്കാൻപോലും സാധ്യമല്ല. ഭൂമിയിൽ നീരോട്ടമുള്ള സ്ഥലങ്ങൾ കിട്ടിയില്ല എന്ന് അബ്രാഹാം ചിന്തിക്കുന്നില്ല. എബ്രായ ലേഖനം 11–ാം അദ്ധ്യായത്തിൽ പറയും:

> *"കൂടാരങ്ങളിൽ പാർത്തുകൊണ്ട് ദൈവം ശില്പി യായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിന്നായി കാത്തിരുന്നു." എബ്രായർ 11 : 10*

അബ്രാഹാം നോക്കിയപ്പോൾ പിന്നേയുമുണ്ട് തെക്കോട്ടും വടക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും കുറെയേറെ ഭൂമി. തല താണുപോയി. അയ്യോ, ഈ ഭൂമി എല്ലാം ആർക്ക്? എന്തിന്? എനിക്ക് മക്കളില്ലല്ലോ.

മക്കളില്ലല്ലോ എന്ന തീവ്രദു:ഖം അബ്രാഹാമിന്റെ തല താഴ്ത്തി. പ്രിയപ്പെട്ടവരേ, ഈ ലോകത്ത് ദൈവമക്കൾക്കും ഭൗതികമായ ചില കാര്യങ്ങളിൽ അപകർഷത വരാം. എനിക്ക് മക്കൾ ഇല്ലല്ലോ, എന്റെ കുഞ്ഞിന്റെ വിവാഹം നടന്നില്ലല്ലോ, വിവാഹം നടത്താനുള്ള പൈസ ഇല്ലല്ലോ, കടം കൂടിക്കൂടി വരുന്നല്ലോ, കടം വീട്ടാനുള്ള മാർഗ്ഗമില്ലല്ലോ, എനിക്കു

വിദ്യാഭ്യാസം കിട്ടിയില്ലല്ലോ, എനിക്ക് മറ്റുള്ളവരെപ്പോലെ ആരോഗ്യം ഇല്ലല്ലോ, എനിക്ക് ഒരു നല്ല വീടില്ലല്ലോ, എനിക്ക് സ്വന്തമായിട്ട് പത്തു രൂപ എടുക്കാൻ ഉതകുന്ന ഒരു വരുമാന മാർഗ്ഗമില്ലല്ലോ, എനിക്ക് നല്ലൊരു തൊഴിൽ ഇല്ലല്ലോ, എനിക്ക് സൗന്ദര്യം ഇല്ലല്ലോ. ഇങ്ങനെ ഏതെല്ലാം കാര്യത്തിൽ അപ കർഷത നാം പുലർത്തുന്നുണ്ട്?

ദൈവമക്കളായ നമുക്കും, ഉള്ളിന്റെ ഉള്ളിൽ ചില അപ കർഷതകളില്ലേ എന്ന് ചിന്തിച്ചു നോക്കൂ. അപകർഷതാബോധ ത്തിൽ തല താണുപോയവരുടെ തല ഉയർത്താൻ കല്പി ക്കുന്ന ഒരു ദൈവം ജീവിക്കുന്നുണ്ട്. എവിടെയെല്ലാം നിങ്ങൾക്ക് അപകർഷതയുണ്ടോ അവിടെയെല്ലാം നിങ്ങൾക്ക് തലയെടുപ്പോടെ നിൽക്കാൻ കൃപ തരുന്ന ജീവനുള്ള ദൈവം നിങ്ങളുടെ അരികത്തുണ്ട്.

ഞാൻ തല താണുപോയ ഒരു മനുഷ്യനാണ്. ക്ഷീണിത നായിപ്പോയ, അവശനായിപ്പോയ, രോഗിയായിപ്പോയ ഒരു മനുഷ്യനാണ്. എല്ലാ വിധത്തിലും അപകർഷതാബോധം കൊണ്ട് തല താണുപോയ ഒരു സാധു മനുഷ്യൻ.

എന്നാൽ എന്റെ തല ഉയർത്തിത്തരുവാൻ കർത്താവായ യേശുക്രിസ്തു ഒരു ദിവസം എന്റെ ജീവിതത്തിലേക്ക് എഴു ന്നള്ളി വന്നു. എന്റെ നാഥനായി, രക്ഷകർത്താവായി അവൻ എഴുന്നള്ളി വന്നു; അപ്പനായി അവൻ എന്റെ ജീവിതത്തിന്റെ ചുക്കാൻ പിടിക്കാൻ തുടങ്ങി. എന്നെ ക്രിസ്തു ഭരിക്കാൻ തുട ങ്ങി.

ക്രിസ്തു എന്നെ നിയന്ത്രിക്കാൻ തുടങ്ങി. എന്റെ കാര്യങ്ങൾ അന്വേഷിക്കാൻ തുടങ്ങി. ഞാൻ ഏകനല്ല, അപ്പ നുള്ള മകനാണ് എന്നുള്ള ഉറപ്പ് അവൻ എനിക്കു തന്നു. എനി ക്കൊരു ഉടമസ്ഥനുണ്ട് എന്നുള്ള ധൈര്യം എനിക്കവൻ തന്നു. കരുണയുള്ള കർത്താവ് ഈ നാളുകൾ ഒക്കെയും എന്നെ അതിമനോഹരമായി നടത്തി.

നിങ്ങളുടെ ജീവിതത്തിൽ ഒരിക്കലും നേരെയാകില്ല എന്നു വിചാരിച്ചിരുന്ന കാര്യങ്ങളിൽ ദൈവം നിങ്ങൾക്കു നീക്കുപോക്കു തന്നത്, ഒരിക്കലും കരേറ്റമില്ല എന്നു വിചാരിച്ചിരുന്ന കാര്യങ്ങളിൽ പോക്കുവഴി തന്നത്, ഒരു കാലത്തും രക്ഷപ്പെടുകയില്ല എന്നു വിചാരിച്ചിരുന്ന ചില രംഗങ്ങളിൽ ദൈവം നിങ്ങളെ മനോഹരമായി ഇത്രയുംകാലം നടത്തിക്കൊണ്ടുവന്നത്, എത്രയെത്ര അനുഭവങ്ങൾ നിങ്ങൾക്ക് പറയാനുണ്ട്?

ദൈവം അബ്രാഹാമിനോട് പറഞ്ഞു, തല പൊക്കി നോക്കുക. തെക്കോട്ടും വടക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക. അബ്രാഹാം എല്ലാം കണ്ടവൻ തന്നെയാണ്. എനിക്കു മക്കളില്ലല്ലോ, ഇതെല്ലാം ആര് അനുഭവിക്കും? അബ്രാഹാമിന്റെ ഉള്ള് പിടയുകയാണ്.

പക്ഷേ, ദൈവം പറഞ്ഞു:

*"ലോത്ത് അബ്രാമിനെ വിട്ടുപിരിഞ്ഞശേഷം യഹോവ അബ്രാമിനോട് അരുളിച്ചെയ്തത്: തല പൊക്കി, നീ ഇരിക്കുന്ന സ്ഥലത്തുനിന്നു വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക. നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും."* *ഉല്പത്തി 13 : 14, 15*

എനിക്ക് മക്കളില്ലല്ലോ എന്നു പറഞ്ഞു കരയുന്നവനോടു ദൈവം പറയുകയാണ്: ഈ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതാവകാശമായിത്തരും. നിനക്കു മാത്രമല്ല, നിന്റെ സന്തതിക്കും ഞാൻ അത് വാഗ്ദാനം ചെയ്യുകയാണ്; നീ ഇന്നു പറയുന്നു, എനിക്കു മക്കളില്ല എന്ന്; എനിക്ക് ഇത്രയും പ്രായമായി, വാർദ്ധക്യമായി ഇനി എനിക്കു മക്കളെ കിട്ടാൻ സാദ്ധ്യതയില്ല എന്ന്. എന്നാൽ അസാദ്ധ്യതകളെ സാദ്ധ്യതകളാക്കി മാറ്റുന്ന ജീവനുള്ള ദൈവം നിന്നോടു

കല്പിക്കുന്നു: നിന്റെ ജീവിതത്തിലെ അസാദ്ധ്യതകളെല്ലാം സാദ്ധ്യതകളായി മാറാൻ പോകുകയാണ് ഇതുവരെയും നിനക്ക് അനുഭവിക്കാൻ കഴിയാതിരുന്ന ചില അത്യത്ഭുതങ്ങൾ നിന്റെ ജീവിതത്തിൽ സംഭവിക്കാൻ പോകുകയാണ്.

ഇന്ന് നിങ്ങൾ കടംവാങ്ങി മടുത്തവരാണ്. എന്നാൽ നാളെ ഒരു ദിവസം നിങ്ങളുടെ മുമ്പിൽ വന്ന് ചിലർ കൈനീട്ടുവാനും അവർക്ക് നീ വാരിക്കോരി കൊടുക്കുവാനും കർത്താവ് നിന്റെ കൈയിൽ നിറച്ചുതരും എന്ന് നീ വിശ്വസിക്കൂ. ഇത് അസാദ്ധ്യമല്ലേ എന്നു നിനക്കു തോന്നും. ഇന്നുള്ളതെല്ലാം വിറ്റാലും കടം തീരുകയില്ല എന്നു നിനക്കു തോന്നും.

ഇതെങ്ങനെ തീരാനാണ്, ഞാൻ ഈ കടത്തിൽത്തന്നെ മരിക്കും എന്നാണു വിചാരം. എന്നാൽ നീ കേൾക്കൂ. അത്യത്ഭുതങ്ങളുടെ ദൈവം ജീവിക്കുന്നു; കർത്താവായ യേശുക്രിസ്തു ജീവിക്കുന്നു; അവൻ മരിച്ച് തീർന്നുപോയ ദൈവമല്ല; അവൻ മൺമറഞ്ഞുപോയ ദൈവമല്ല; അവൻ ഇന്നും ജീവിക്കുന്നവനാണ്. അവൻ നിങ്ങളുടെ അരികിലേക്കു വരികയാണ്, നിങ്ങളെ സ്നേഹിക്കുകയാണ്, നിങ്ങളെ കരുതുകയാണ്.

നിങ്ങൾ ഇന്നത്തേതു മാത്രമേ കാണുന്നുള്ളൂ. അവൻ നാളെയും അടുത്ത തലമുറയേയും അതിനടുത്ത തലമുറയേയും കാണുന്നു. വരുംകാല തലമുറകളെ അവൻ കാണുന്നു. അവൻ നിന്നോടു പറയുന്നു: നീ തലപൊക്കി നോക്കുക. നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതാവകാശമായി തരും.

അബ്രാഹാം നല്ലപോലെ ഒന്നു തലപൊക്കി. ഒരിക്കലും സംഭവിക്കാൻ സാദ്ധ്യമല്ലാത്ത കാര്യം ഞാൻ കേൾക്കുന്നല്ലോ. ദൈവം എന്നെ വ്യാമോഹിപ്പിക്കുകയാണോ? എന്റെ ദൈവമേ, നദിക്ക് അക്കരെ നിന്ന് എന്നെ പുറപ്പെടുവിച്ച നീ ഇപ്പോൾ എന്നെ വെറുതെ മോഹിപ്പിക്കുകയാണോ? എനിക്ക് ഗ്രഹി

ക്കാനും ഉൾക്കൊള്ളാനും കഴിയുന്നില്ലല്ലോ.

സ്നേഹിതരേ, നിങ്ങൾ ചുറ്റും നോക്കുക. സന്തോഷത്തിന്റെ കാലങ്ങൾ, സമാധാനത്തിന്റെ കാലങ്ങൾ കർത്താവു നിങ്ങൾക്കു തരും. ഞാനിനി എന്തിനു ജീവിക്കണം? ആർക്കു വേണ്ടി ജീവിക്കണം? എന്റെ ജീവിതംകൊണ്ട് ആർക്കാണ് മെച്ചം? ഞാൻ കടന്നു പോകുകയല്ലേ നല്ലത് എന്ന് ചിന്തിക്കുന്ന എത്രയോ പേരുണ്ട്. എന്നാൽ നിങ്ങൾ വിലയില്ലാത്തവരല്ല, വിലയേറിയവരാണ്. നിത്യനായ ദൈവത്തിന്റെ മുമ്പിൽ നിങ്ങൾ വിലപ്പെട്ടവരാണ്.

ജീവനുള്ള ദൈവം നിങ്ങളുടെ കുറവുകളെയല്ല, നിങ്ങൾക്കു കിട്ടാൻ പോകുന്ന സാദ്ധ്യതകളെയാണ് കാണുന്നത്. നിങ്ങളുടെ ജീവിതത്തിൽ എന്തെല്ലാം potentialities ഉണ്ട്. എന്തെല്ലാം possibilities ഉണ്ട്. എല്ലാം കർത്താവ് മുൻകൂട്ടി കാണുകയാണ്. അതെല്ലാം കണ്ടുകൊണ്ട് അവൻ നിങ്ങളെ അനുഗ്രഹിക്കാൻ കരം നീട്ടുകയാണ്.

“തലപൊക്കി ചുറ്റും നോക്കുക. ഈ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതാവകാശമായി തരും.” അബ്രാഹാം തലപൊക്കി ചുറ്റും നോക്കി. ദൈവം തന്ന വാഗ്ദത്തം അബ്രാഹാം ശ്രദ്ധയോടെ കേട്ടു. ദൈവം പിന്നെയും പറയുകയാണ്: ഞാൻ നിന്റെ സന്തതിയെ ഭൂമിയിലെ പൊടിപോലെ ആക്കും; പൂഴിമണ്ണിനെ ആർക്കെങ്കിലും എണ്ണാനോ അളക്കാനോ പറ്റുമോ? ഭൂമിയിലെ പൊടിയെ എണ്ണാൻ കഴിയുമെങ്കിൽ നിന്റെ സന്തതിയേയും എണ്ണാം. സന്തതിപരമ്പരകൾ, അസംഖ്യമസംഖ്യം സന്തതികൾ നിനക്കു ലഭിക്കുമെന്നാണ് ദൈവം പറയുന്നത്.

സ്നേഹിതരേ, നിങ്ങൾ പ്രാർത്ഥിക്കണം: ജീവനുള്ള ദൈവമേ, സഭാഭേദം കൂടാതെ, സമുദായഭേദം കൂടാതെ, മതവ്യത്യാസം കൂടാതെ അനേകർ ക്രൂശിലെ സ്നേഹം കാണാൻ ഇടയാകണമേ. അനേകർ ക്രൂശിന്റെ ചുവട്ടടിയിലേക്ക്

ഓടിയണയുവാൻ ഇടയാകണമേ. കരുണയുള്ള കർത്താവിന്റെ സന്നിധിയിൽ അനേകർ വന്നുചേരാൻ ഇടയാകണമേ.

ക്രൂശിലെ സ്നേഹത്തിന്റെ സത്യസാക്ഷ്യം അനുഭവിക്കുന്നവർ, ക്രൂശിലെ ത്യാഗത്തിന്റേയും സ്നേഹത്തിന്റേയും അത്യത്ഭുത വശീകരണശക്തി അനുഭവിക്കുന്നവർ എഴുന്നേൽക്കട്ടെ.

ദേശങ്ങൾ ഉണരട്ടെ, കൂട്ടായ്മകൾ ഉണരട്ടെ, സഭകൾ ഉണരട്ടെ, സമുദായങ്ങൾ ഉണരട്ടെ; മതങ്ങൾ ഉണരട്ടെ. അനേകർ സത്യം കണ്ടെത്തട്ടെ, സത്യം അറിയട്ടെ. മിഥ്യയായതെല്ലാം വിട്ട് സത്യത്തെ അനേകർ പുൽകാൻ ഇടവരട്ടെ. സത്യം ഒന്നേയുള്ളൂ. സമ്പൂർണ്ണ സത്യം അത് ക്രിസ്തുവിൽക്കൂടി വെളിപ്പെടുത്തിയ സ്വർഗ്ഗീയ സ്നേഹമാണ്. ആ സ്നേഹത്തെ എല്ലാവരും അറിയാൻ ഇടയാകട്ടെ. ആ സ്നേഹത്തിന്റെ കൊടിക്കീഴിലേക്ക് നമുക്ക് ഓടി അണയാം.

നമുക്ക് വാഗ്ദാനം തരുന്ന ദൈവത്തെ, നമ്മുടെ തലയെ ഉയർത്തുന്ന ദൈവത്തെ, നമ്മുടെ എല്ലാ അപകർഷതയും മാറ്റുന്ന ദൈവത്തെ നമുക്കാരാധിക്കാം. ക്രിസ്തുവിനായി ജീവിതം സമർപ്പിക്കാം.

## രണ്ട്

*"വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവ് വിളിച്ചു വരുത്തുന്ന ദൂരസ്ഥരായ ഏവർക്കും ഉള്ളതല്ലോ എന്നു പറഞ്ഞു."* *അപ്പൊ. പ്രവൃത്തികൾ 2 : 39*

വാഗ്ദത്തം നിങ്ങൾക്കുണ്ട്; നിങ്ങളുടെ മക്കൾക്കുണ്ട്; വാഗ്ദത്തം ദൈവമായ കർത്താവ് വിളിച്ചുവരുത്തുന്ന ദൂരസ്ഥരായ ഏവർക്കുമുണ്ട്.

ദൈവത്തിന്റെ വാഗ്ദത്തം! അബ്രാഹാമിന് ദൈവത്തിന്റെ വാഗ്ദത്തം ഉണ്ടായി. പക്ഷേ, വാഗ്ദത്തം കിട്ടിയപ്പോൾ അന്നുതന്നെ അബ്രാഹാമിന് മകനെ ലഭിച്ചില്ല. ഇക്കണ്ട ഭൂമിയെല്ലാം അനുഭവിക്കാൻ സന്തതിയെ പെട്ടെന്നു ലഭിച്ചില്ല. പക്ഷേ, വാഗ്ദത്തം ലഭിച്ചു. തല പൊക്കി ചുറ്റും നോക്കിക്കൊള്ളാൻ ദൈവം പറഞ്ഞു. നീ തല താഴ്ത്തി ഇരിക്കണ്ട. ഈ ഭൂമി എല്ലാം ആരനുഭവിക്കും എന്നോർത്തു വിഷമിച്ചിരിക്കേണ്ട. നിനക്ക് മക്കൾ ഉണ്ടാകും. എണ്ണിയാൽ തീരാത്ത സന്തതി ഉണ്ടാകും.

കടൽക്കരയിലെ മണൽത്തരിപോലെയും ആകാശത്തിലെ നക്ഷത്രം പോലെയും നിനക്കു സന്തതി ഉണ്ടാകും. ഈ മണ്ണിലെ പൂഴിയെ എണ്ണിത്തീർക്കാമെങ്കിലേ നിന്റെ സന്തതിയെ എണ്ണാൻ പറ്റൂ. നിനക്ക് അത്രയധികം സന്തതികൾ ഉണ്ടാകും. അബ്രാഹാമിനു ദൈവം വാഗ്ദത്തം കൊടുത്തു.

സമാധാനത്തിന്റെ വാഗ്ദത്തം, ശാശ്വതമായ ശാന്തി

യുടെ വാഗ്ദത്തം, സന്തോഷമായും സമാധാനമായും ജീവിക്കാനുള്ള വാഗ്ദത്തം എല്ലാവർക്കുമുണ്ട്.

വാഗ്ദത്തമുണ്ടെങ്കിലും നാം പലപ്പോഴും ആ വാഗ്ദത്തം സ്വായത്തമാക്കുന്നില്ല; വാഗ്ദത്തം നാം ചോദിച്ചു വാങ്ങണം. ദൈവത്തോട് അപേക്ഷിച്ച് വാങ്ങണം.

*"ഞാൻ അവനെ യഹോവയോടു അപേക്ഷിച്ചു വാങ്ങി എന്നു പറഞ്ഞു അവന്നു ശമുവേൽ എന്നു പേരിട്ടു."* *1 ശമുവേൽ 1 : 20*

ഹന്നയ്ക്ക് പ്രാർത്ഥിച്ചപ്പോൾ തന്നെ വാഗ്ദത്തം കിട്ടി. പിന്നെ അപേക്ഷിച്ച്, അപേക്ഷിച്ച് വാങ്ങുകയാണ്.

വാഗ്ദത്തം നാം അപേക്ഷിച്ചു വാങ്ങണം. അത് എന്റേതാക്കി, സ്വന്തം ജീവിതാനുഭവമാക്കി മാറ്റിയെടുക്കണം; ഞാൻ അത് നേടിയെടുക്കണം.

രോഗക്കിടക്കയിൽ വേദനകൊണ്ട് ഞെളിപിരികൊണ്ടു കിടക്കുമ്പോഴും ദൈവിക വാഗ്ദത്തങ്ങൾ ഓർത്ത് അവകാശം പറഞ്ഞ് പ്രാർത്ഥിക്കുമ്പോൾ ജീവനുള്ള ക്രിസ്തുവിന്റെ വചനത്തിന്റെ ശക്തിയാൽ നിങ്ങളിൽ തന്റെ തിരുരക്തത്തിന്റെ അത്ഭുതശക്തി വെളിപ്പെടും. നിങ്ങളിലേക്ക് ദൈവസ്നേഹം പകർന്നു വരും. അപ്പോൾ നിങ്ങളുടെ രോഗത്തിന്റെ വേദന നിങ്ങൾ അറിയുകയില്ല. കഷ്ടത നിങ്ങളെ തൊടുകയില്ല. ഒരു പ്രത്യേക കൃപ വന്ന് നിങ്ങളെ പൊതിയുന്നത് നിങ്ങൾക്ക് അനുഭവമാകും.

നിങ്ങൾ ഒരു മേഘത്തിൻ കീഴിൽ ആകുന്നത് നിങ്ങൾക്ക് അനുഭവമാകും. സ്വർഗ്ഗീയമേഘത്തിന്റെ കീഴിൽ! അത്യുന്നതന്റെ മറവിൽ! സർവ്വശക്തന്റെ നിഴലിൻ കീഴിൽ!

ചുറ്റുമുള്ള ശത്രുക്കളുടെ മുൻപിൽ തല താണിരുന്നവരുടെ തല ഉയരുന്നത് ഒരു അത്ഭുതകരമായ കാഴ്ചയല്ലേ?

*"ഞാൻ യഹോവയോട് ഒരു കാര്യം അപേക്ഷിച്ചു;*

*അതുതന്നെ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാൺമാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്ക്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ. അനർത്ഥദിവസത്തിൽ അവൻ തന്റെ കൂടാരത്തിൽ എന്നെ ഒളിപ്പിക്കും; തിരുനിവാസത്തിന്റെ മറവിൽ എന്നെ മറയ്ക്കും; പാറമേൽ എന്നെ ഉയർത്തും. ഇപ്പോൾ എന്റെ ചുറ്റുമുള്ള ശത്രുക്കളുടെമേൽ എന്റെ തല ഉയരും; ഞാൻ അവന്റെ കൂടാരത്തിൽ ജയഘോഷയാഗങ്ങളെ അർപ്പിക്കും; ഞാൻ യഹോവക്കു പാടി കീർത്തനം ചെയ്യും." സങ്കീർത്തനങ്ങൾ 27 : 4 – 6*

തല ഉയരുകയാണ്, തല പൊങ്ങുകയാണ്. ജയഘോഷയാഗങ്ങളെ അർപ്പിക്കുകയാണ്; ഇരുകരവും വിശുദ്ധകരങ്ങളാക്കി ഉയർത്തിക്കൊണ്ട് ദൈവത്തെ ആരാധിക്കുകയാണ്; ദൈവത്തെ സ്തുതിക്കുകയാണ്, മഹത്വം പാടുകയാണ്.

അപ്പൊസ്തലനായ പൗലോസ് പറയുന്നത് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തത്തെക്കുറിച്ചാണ്. "പരിശുദ്ധാത്മാവ് എന്ന ദാനം നിങ്ങൾക്ക് ലഭിക്കും"

ഒരു മനുഷ്യനു കിട്ടാവുന്ന ഏറ്റവും വലിയ സ്വത്താണ് പരിശുദ്ധാത്മാവ്! ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളത്തിലേക്കു വരും. ഈ വാഗ്ദത്തം പ്രാപിക്കാൻ വേണ്ടി നിങ്ങളെത്തന്നെ ഒരുക്കണം. പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ നിങ്ങൾ നിങ്ങളെത്തന്നെ വിശുദ്ധീകരിക്കണം. നിങ്ങളുടെ ഓർമ്മയിൽ ഉറങ്ങിക്കിടക്കുന്ന, ഉപബോധമനസ്സിലേക്കു താണുപോയ അനേകമനേകം പാപങ്ങൾ ചികഞ്ഞെടുത്ത് അത് ദൈവതിരുമുമ്പാകെ കൊണ്ടുവന്ന് ഏറ്റുപറഞ്ഞുപേക്ഷിച്ച് പാപമില്ലാത്ത ഒരു ജീവിതം നിങ്ങൾ തുടങ്ങുക.

Count Zinzendorf ധനാഢ്യനായിരുന്നു, സമ്പന്നനായ ഒരു മനുഷ്യനായിരുന്നു. അദ്ദേഹം ജർമ്മനിയിലെ ഒരു ആർട്ട് ഗ്യാലറിയിൽക്കൂടി ഓരോരോ പടങ്ങൾ നോക്കിക്കണ്ടു പോകുകയായിരുന്നു. ഒരു പടം കണ്ടപ്പോൾ അദ്ദേഹം അവിടെ അനക്കമറ്റ് നിന്നു.

യേശുക്രിസ്തു ക്രൂശിൽ തൂങ്ങിക്കിടക്കുന്ന ഒരു പടമാണ് ആ ആർട്ട് ഗ്യാലറിയിൽ വച്ചിരുന്നത്. അദ്ദേഹത്തിന്റെ കണ്ണ് ക്രിസ്തുവിന്റെ തിരുമുഖത്തേക്കു തന്നെ സൂക്ഷിച്ചു നോക്കി. നോക്കി നോക്കി നിൽക്കെ കണ്ണു നിറഞ്ഞു. ആ പടത്തിന്റെ താഴെ ഒരു എഴുത്തുണ്ട്. “നിനക്കുവേണ്ടി ഞാൻ ഇതെല്ലാം സഹിച്ചു. നീ എനിക്കുവേണ്ടി എന്തു ചെയ്തു” എന്ന് ജർമ്മൻഭാഷയിൽ എഴുതിവച്ചിരിക്കുന്നു.

അദ്ദേഹം ചിന്തിച്ചു: എനിക്കുവേണ്ടിയാണോ ഇതെല്ലാം ചെയ്തത്? എനിക്കുവേണ്ടി എന്തിനാണ് ഈ ത്യാഗമെല്ലാം സഹിച്ചത്? ഇങ്ങനെ ഓർത്തോർത്തു നില്ക്കുമ്പോൾ അദ്ദേഹം കരയാൻ തുടങ്ങി. അവിടെ വച്ച് അദ്ദേഹം ഒരു തീരുമാനമെടുത്തു: “ഈ ജീവിതം ക്രിസ്തുവിന്. ഇനിയുള്ള ജീവിതം ക്രിസ്തുവിന്.”

അദ്ദേഹം ജീവിതം മുഴുവൻ പരിശോധിച്ച് കർത്താവിന്റെ തിരുമുമ്പിൽ എല്ലാം സമർപ്പിച്ചു. അദ്ദേഹം ഒരു പുതിയ ജീവിതം തുടങ്ങി. ‘മൊറേവിയൻ മിഷനറീസ്’ എന്നു പറയുന്ന സ്ഥാപനത്തിന്റെ ആരംഭം അങ്ങനെയാണ്. അദ്ദേഹമാണ് മൊറേവിയൻ മിഷനറീസ് പ്രസ്ഥാനം തുടങ്ങിയത്. മൊറേവിയൻ മിഷനറിമാരിൽ ഒരാൾ പറഞ്ഞ വചനം കേട്ടാണ് സുപ്രസിദ്ധ സുവിശേഷകനായ ജോൺ വെസ്ലി മാനസാന്തരപ്പെട്ടത്. മൊറേവിയൻ മിഷനറീസ് എന്നു പറയുന്നത് സുവിശേഷത്തിന്റെ ഏറ്റവും മർമ്മമായ അനുഭവത്തിൽ നിലനിന്ന ഒരു മിഷനറി സമൂഹമാണ്.

പടം വരച്ചതിന്റെ പിന്നിൽ വേറൊരു ചരിത്രമുണ്ട്. ഈ

പടം വരച്ചത് ജർമ്മനിയിലുള്ള സ്റ്റേൺബർഗ് എന്നയാളാണ്. സ്റ്റേൺബർഗ് ജീവിതം ക്രിസ്തുവിന് സമർപ്പിച്ച വ്യക്തിയല്ലായിരുന്നു, ഒരു നാമധേയ ക്രിസ്ത്യാനിയായിരുന്നു. ഒരിക്കൽ അദ്ദേഹം ക്രിസ്തുവിന്റെ പടം ഒന്നു വരയ്ക്കാം എന്നു തീരുമാനിച്ചു.

കുറെ വരച്ചപ്പോൾ മനസ്സു മടുത്തു, ആ പടം അദ്ദേഹത്തിന്റെ മുറിയിൽ ഒരിടത്ത് ചാരിവച്ചു. പൂർത്തീകരിച്ചില്ല. അദ്ദേഹത്തിനു തോന്നി, ആളുകൾക്ക് കൂടുതൽ ഇമ്പമായിട്ടുള്ള ഒരു പെൺകുട്ടിയുടെ പടം വരയ്ക്കുന്നതായിരിക്കും നല്ലത്. ഒരു ജിപ്സി പെൺകുട്ടി നൃത്തം ചെയ്യുന്ന പടം വരയ്ക്കാം എന്നു തീരുമാനിച്ചു. അതിനുവേണ്ടി ഒരു പെൺകുട്ടിയെ കണ്ടെത്തി.

അവളെ മാതൃകയാക്കി നിർത്തിക്കൊണ്ട് വരയ്ക്കാൻ തുടങ്ങി. എല്ലാ ദിവസവും അവൾ ഇങ്ങനെ വന്നുകൊണ്ടിരുന്നു. ഒരു ദിവസം പടം വരച്ചുകൊണ്ടിരിക്കുമ്പോൾ ഈ പെൺകുട്ടി യേശുവിന്റെ പകുതിയാക്കി നിർത്തിവച്ചിരുന്ന പടം കണ്ടു. അവൾ ചോദിച്ചു: അദ്ദേഹത്തെ എന്തിനാണ് ക്രൂശിന്മേൽ തൂക്കിക്കൊല്ലുന്നതിനു തയ്യാറായത്? അദ്ദേഹം അത്രയും വലിയ നീചനായിരുന്നുവോ?

ഉടനെ സ്റ്റേൺബർഗ് പറഞ്ഞു: "അല്ല, അദ്ദേഹം നീചനൊന്നും ആയിരുന്നില്ല. യാതൊരു തെറ്റും ചെയ്ത ആളല്ല. മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടിയാണ് അദ്ദേഹം ക്രൂശിക്കപ്പെട്ടത്." ഉടനെ അവൾ ചോദിച്ചു: ഓ, അങ്ങനെയാണോ? അപ്പോൾ നിങ്ങൾക്കു വേണ്ടിയും കൂടിയാണോ അദ്ദേഹം ക്രൂശിക്കപ്പെട്ടത്?

ആ പെൺകുട്ടിയുടെ ചോദ്യം അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരു ചലനമുണ്ടാക്കി. അപ്പോൾ എനിക്കുവേണ്ടിയാണ് ക്രിസ്തു ക്രൂശിക്കപ്പെട്ടത്. മനുഷ്യജാതിക്കുവേണ്ടി ക്രൂശിക്കപ്പെട്ടു എന്നറിയാം. എന്നാൽ എനിക്കുവേണ്ടിയാണ് ക്രൂശിക്ക

പ്പെട്ടത് എന്ന് അതുവരെ ചിന്തിച്ചിരുന്നില്ല.

ആ വാക്കുകൾ അദ്ദേഹത്തെ ചിന്തിപ്പിച്ചു. അദ്ദേഹം അവിടെത്തന്നെ മുട്ടു മടക്കി കരയാൻ തുടങ്ങി: കർത്താവേ, ഇത്രയുംകാലം ഒരു നാമധേയ ക്രിസ്ത്യാനിയായി ഞാൻ ജീവിച്ചു. എന്നോടു ക്ഷമിക്കണമേ. അദ്ദേഹം ജീവിതം കർത്താവിനു സമർപ്പിച്ചു. അദ്ദേഹം പിന്നീട് വരച്ചു പൂർത്തിയാക്കിയ ആ പടത്തിന്റെ അടിയിലാണ് ഞാൻ ഇതെല്ലാം നിനക്കുവേണ്ടി ചെയ്തു, നീ എനിക്കുവേണ്ടി എന്തു ചെയ്തു എന്ന് എഴുതിയിരുന്നത്.

Count Zinzendorf, ആ പടം കണ്ടാണ് മാനസാന്തരപ്പെട്ടത്. ജീവിതത്തിൽ പടിപടിയായി ദൈവം നടത്തുന്ന വിധങ്ങൾ! ഓരോന്നോരോന്നോർത്താൽ ദൈവത്തിന്റെ വാഗ്ദാനങ്ങൾ, ദൈവിക പദ്ധതികൾ നിറവേറുന്നത് നമുക്കു കാണാം. ദൈവം ഓരോരുത്തരേയും സമീപിക്കുന്നത് ഓരോ വിധത്തിലായിരിക്കും. ആയിരിക്കുന്ന നിലയിൽ, ആയിരിക്കുന്ന ചുറ്റുപാടിൽ, ആയിരിക്കുന്ന ജോലിയിൽ, ആയിരിക്കുന്ന സാഹചര്യത്തിൽ ദൈവം ഓരോരുത്തരേയും സന്ദർശിക്കുകയാണ്.

നിങ്ങൾ പരിശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥിക്കുന്നവരായിരിക്കണം. ആശ്വാസപ്രദനുവേണ്ടി, വിശുദ്ധിയുടെ, തേജസ്സിന്റെ ആത്മാവിനുവേണ്ടി, ശക്തിയുടെ ആത്മാവിനുവേണ്ടി, ധൈര്യത്തിന്റെ ആത്മാവിനുവേണ്ടി, സുബോധത്തിന്റെ ആത്മാവിനുവേണ്ടി പ്രാർത്ഥിക്കുന്നവരായിത്തീരണം.

ശുദ്ധമുള്ള റൂഹായുടെ ശുദ്ധമുള്ള കുടിയിരിപ്പുഭവനമാക്കി നമ്മെ തീർക്കുവാൻ ദൈവത്തിനാഗ്രഹമുണ്ട്.

പരിശുദ്ധാത്മാവ് ജയം തരുന്ന ആത്മാവാണ്; പാപബോധം തരുന്ന ആത്മാവാണ്; കുറ്റബോധം തരുന്ന ആത്മാവാണ്; കൃപതരുന്ന ആത്മാവാണ്; ജീവിതത്തിൽ മുന്നേറ്റം തരുന്ന ആത്മാവാണ്; അസ്വസ്ഥതകൾ മാറ്റുന്ന ആത്മാവാണ്; രോഗസൗഖ്യം തരുന്ന ആത്മാവാണ്; തീയുടെ ആത്മാവാണ്;

രൂപാന്തരപ്പെടുത്തുന്ന ആത്മാവാണ്; പുതുക്കുന്ന ആത്മാവാണ്; ധൈര്യത്തിന്റെ ആത്മാവാണ്; ഭയം മാറ്റുന്ന ആത്മാവാണ്; ജീവൻ തരുന്ന ആത്മാവാണ്; പ്രകാശത്തിന്റെ ആത്മാവാണ്.

പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിനു വിധേയപ്പെട്ടവരായി പുതുജീവിതം നയിപ്പാൻ നിങ്ങൾ ഒരുങ്ങുക. നിങ്ങളെത്തന്നെ സമർപ്പിക്കുക.

*"നീ പുറപ്പെട്ട് ദേശത്തു നെടുകെയും കുറുകെയും സഞ്ചരിക്ക, ഞാൻ അത് നിനക്കു തരും."*

*ഉല്പത്തി 13 : 17*

ദൈവം അബ്രാഹാമിനോട് സംസാരിക്കുകയാണ്, അബ്രാഹാമിന് വാഗ്ദത്തം നൽകുകയാണ്.

അബ്രാഹാം തല പൊക്കിനോക്കി. തല പൊക്കി നോക്കിയപ്പോൾ ദൈവികവാഗ്ദത്തം ലഭിച്ചു. അബ്രാഹാമിനെ വിട്ട് ലോത്ത് നീരോട്ടമുള്ള പ്രദേശങ്ങൾ തെരഞ്ഞെടുത്ത് കൂടാരമടിച്ച് മാറി. ലോത്ത് സോദോമിലേക്ക് നീങ്ങി നീങ്ങി പോയ്ക്കൊണ്ടിരുന്നു. അബ്രാഹാമിന്റെ ഉള്ളിൽ കനത്ത വിഷാദം. നല്ല നല്ല സ്ഥലങ്ങൾ ലോത്ത് എടുത്തതുകൊണ്ടല്ല വിഷാദം.

ഈക്കണ്ട ഭൂമിയെല്ലാം എനിക്കുണ്ട്. ഇത് അനുഭവിക്കാൻ എനിക്ക് മക്കളില്ലല്ലോ എന്നതായിരുന്നു അബ്രാഹാമിന്റെ ഉള്ളിൽ വിങ്ങുന്ന വേദന. അബ്രാഹാം അതോർത്ത് ആകുലപ്പെട്ട് മനസ്സുവേദനിച്ച് നിൽക്കുകയായിരുന്നു. പക്ഷേ, തല പൊക്കി നോക്കി അപ്പോൾ:

*"യഹോവ അബ്രാമിനോട് അരുളിച്ചെയ്തത്: തല പൊക്കി നീ ഇരിക്കുന്ന സ്ഥലത്തുനിന്ന് വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക. നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വത*

*മായി തരും."* *ഉല്പത്തി 13 : 14, 15*

നിനക്കു മാത്രമല്ല നിന്റെ സന്തതിക്കും ശാശ്വതമായി തരും. നിനക്കു സന്തതി ഉണ്ടാകും എന്ന് ദൈവം അബ്രാഹാമിന് ഒരു വാഗ്ദാനം നൽകുകയാണ്.

അന്ന് ദൈവം കൊടുത്ത വാഗ്ദത്തം പിന്നീട് മോശയ്ക്ക് നൽകി. യോശുവയ്ക്കും ആ വാഗ്ദത്തം ദൈവം നൽകി.

യോശുവ ഒന്നാം അദ്ധ്യായം മൂന്നാം വാക്യത്തിലും ആവർത്തനപുസ്തകം 11-ാം അദ്ധ്യായം 24-ാം വാക്യത്തിലും ഈ വാഗ്ദത്തം ആവർത്തിക്കുന്നത് നമുക്കു കാണാം. നൂറ്റാണ്ടുകൾക്കു മുമ്പു കൊടുത്ത ആ വാഗ്ദത്തം ദൈവം നമുക്കും തരികയാണ്.

യോശുവയ്ക്കു കൊടുത്ത വാഗ്ദത്തം കനാൻനാട് നൽകുമെന്നാണ്. മോശയ്ക്കു കൊടുത്ത വാഗ്ദത്തം കനാൻ നാട് നൽകുമെന്നാണ്. അബ്രാഹാമിനു കൊടുത്ത വാഗ്ദത്തം കനാൻ നാടു നൽകുമെന്നാണ്. നൂറ്റാണ്ടുകൾക്കുശേഷം ജീവനുള്ള ദൈവം തന്റെ മഹത്വമുള്ള വചനത്തിൽക്കൂടി നമുക്ക് തരുന്ന വാഗ്ദത്തം പുതിയ നിയമത്തിലേക്കു വരുമ്പോൾ നമുക്കു കാണാം:

*"സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും."* *മത്തായി 5 : 5*

മോശക്കു കൊടുത്ത വാഗ്ദത്തം:

*"നിങ്ങളുടെ ഉള്ളങ്കാൽ ചവിട്ടുന്ന ഇടമൊക്കെയും നിങ്ങൾക്ക് ആകും."* *ആവർത്തനം 11 : 24*

അറുന്നൂറായിരങ്ങളെ നയിച്ചുകൊണ്ടുപോകുന്ന മോശയോട് ദൈവം കല്പിക്കുകയാണ്, നിങ്ങളുടെ ഉള്ളങ്കാൽ ചവിട്ടുന്ന ഇടം ഒക്കെയും നിങ്ങൾക്ക് ആകും.

മോശയുടെ കാലശേഷം യോശുവയോട് ദൈവം സംസാരിക്കുന്നു:

> *"നിങ്ങളുടെ ഉള്ളങ്കാൽ ചവിട്ടുന്ന സ്ഥലമൊക്കെയും ഞാൻ മോശയോടു കല്പിച്ചതുപോലെ നിങ്ങൾക്കു തന്നിരിക്കുന്നു." യോശുവ 1: 3*

അബ്രാഹാമിനോട് ദൈവം പറഞ്ഞു: നീ നെടുകെയും കുറുകെയും സഞ്ചരിക്ക. നീ കാൽ ചവിട്ടുന്ന ഇടം ഒക്കെയും നിനക്കുതരും. ദൈവത്തിന്റെ ആത്മാവ് തിങ്ങിയ ദൈവപുരുഷൻ ചവിട്ടുന്ന ഭൂമി പരിശുദ്ധമാക്കപ്പെടും. അവൻ ചെല്ലുന്നിടം ദൈവത്തിന്റെ അവകാശഭൂമിയായി മാറും.

സ്വർഗ്ഗത്തിലെ ദൈവം, ഞാൻ ചവിട്ടുന്നേടത്ത് വരത്തക്കവണ്ണം എന്റെ കാൽ ജീവനുള്ള ക്രിസ്തുവിന്റെ പാദമായി പരിശുദ്ധമാക്കപ്പെടണം. ഞാൻ പോകുന്നേടത്ത് യേശു എന്നോടുകൂടെ വരുവാൻ തക്കവണ്ണം ഞാൻ യേശുവിന്റെ പ്രതിഛായയായി മാറണം. ഞാൻ പ്രവർത്തിക്കുന്നേടത്ത്, ഞാൻ സംസാരിക്കുന്നേടത്ത് യേശു പ്രവർത്തിക്കത്തക്കവണ്ണം യേശുവിന്റെ പ്രതിനിധിയായി ഞാൻ മാറണം.

ഒന്നാംനൂറ്റാണ്ടിൽ ക്രിസ്ത്യാനികൾ പീഡിതരായിരുന്നു. അവരെ മറ്റുള്ളവർ വേട്ടയാടിക്കൊണ്ടിരുന്നു. അവർ പട്ടണത്തിൽനിന്ന് പട്ടണത്തിലേക്ക് ഒളിച്ചുപോയ്ക്കൊണ്ടിരുന്നു. എന്നാൽ പോകുന്നേടത്തെല്ലാം അവർ സുവിശേഷം വാരിവിതറിക്കൊണ്ടിരുന്നു. കാൽ ചവിട്ടുന്ന ഭൂമിയൊക്കെയും ക്രിസ്തുവിനുവേണ്ടി നേടിക്കൊണ്ടിരുന്നു. ചെല്ലുന്നേടത്തെല്ലാം ക്രിസ്തുവിനെ ജനത്തിനു കാണുവാൻ തക്കവണ്ണം അവരിൽക്കൂടെ പ്രതിഫലിപ്പിച്ചുകൊണ്ടിരുന്നു.

ഇന്നത്തെ ക്രിസ്ത്യാനികളായ നാം വാസ്തവത്തിൽ ലജ്ജയോടുകൂടി ഓർക്കേണ്ടതാണത്. ഇന്ന് ക്രിസ്ത്യാനികളായ നമ്മുടെ ജീവിതത്തിലേക്കു നോക്കുമ്പോൾ കാപട്യവും തന്ത്രവും കൗശലവും സൂത്രവും ദ്രവ്യാഗ്രഹവും സ്വാർത്ഥ

തയും അഹങ്കാരവും തന്നിഷ്ടവും വേണ്ടാത്ത കൂട്ടുകെട്ടുകളും അരുതാത്ത വഴികളും എല്ലാമായി നശിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹമായി അധ:പ്പതിച്ചിരിക്കുന്നു.

അബ്രാഹാമിനോടു ദൈവം പറഞ്ഞു: 'ദേശത്ത് നെടുകെയും കുറുകെയും സഞ്ചരിക്ക. അത് ഞാൻ നിനക്കു തരും' അബ്രാഹാം കാൽവച്ചാൽ അത് ദൈവത്തിന് അവകാശമാണ്. ജീവനുള്ള ദൈവത്തിന്റെ നാമത്തിലാണ് അബ്രാഹാം സഞ്ചരിക്കുന്നത്. ദൈവത്തിന്റെ ശബ്ദംകേട്ടനുസരിച്ചു പുറപ്പെട്ട ദൈവപൈതൽ ദൈവത്തിന്റെ പ്രതിനിധിയായി പ്രവർത്തിക്കുകയാണ്.

ദൈവവചനം നാമും കേൾക്കുന്നുണ്ട്. ദൈവത്തിന്റെ ആലോചന നമുക്കും കിട്ടുന്നുണ്ട്. ഈ തലമുറയിൽ ദൈവത്തിന്റെ വചനം കിട്ടുന്ന ഭാഗ്യശാലികളാണ് നാം ഓരോരുത്തരും. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ അരുളപ്പാടുകൾ ദൈവം നമുക്കു ദിനംപ്രതി പൊഴിച്ചുതരുന്നു.

നമ്മുടെ പാദം വയ്ക്കുന്നേടത്ത് ക്രിസ്തുവിന്റെ പാദം വരത്തക്കവണ്ണം നാം ക്രിസ്തുവിന്റെ പ്രതിനിധികളായി നിൽക്കുക; ക്രിസ്തുവിന്റെ അതേ ഛായയുള്ളവരായി, ക്രിസ്തുവിന്റെ അതേ സ്വഭാവമുള്ളവരായി നിൽക്കുക. ഇത് അസാദ്ധ്യമെന്ന് നിങ്ങൾ കരുതരുത്.

ഇനിയുള്ള ഒരു നിമിഷംപോലും നഷ്ടമാക്കാതെ ഞാൻ മുന്നോട്ടുപോകുമെന്ന് നിങ്ങൾ ദൈവസന്നിധിയിൽ ഉറപ്പേറിയ തീരുമാനങ്ങൾ എടുക്കുക. ദൈവത്തോടു വാക്ക് പറയുക: കർത്താവേ, നിന്റെ കരം എന്നെ പിടിക്കണമേ. എന്റെ ഓരോ അവയവത്തിലും നിന്റെ പരിശുദ്ധാത്മാവ് പ്രസരിക്കണമേ. എന്നിൽ ദൈവാത്മാവിന്റെ തീ എപ്പോഴും കത്തിക്കൊണ്ടിരിക്കണമേ. ജ്വലിക്കുന്ന ആത്മാവിന്റെ ശക്തിയാൽ എന്നെ നീ പ്രകാശിപ്പിക്കണമേ.

## മൂന്ന്

*"അനന്തരം യഹോവ അവന്നു മമ്രേയുടെ തോപ്പിൽ വച്ചു പ്രത്യക്ഷനായി; വെയിലുറച്ച പ്പോൾ അവൻ കൂടാര വാതിൽക്കൽ ഇരിക്കയായി രുന്നു. അവൻ തല പൊക്കി നോക്കിയപ്പോൾ മൂന്നു പുരുഷന്മാർ തന്റെ നേരെ നിൽക്കുന്നതു കണ്ടു; അവരെ കണ്ടപ്പോൾ അവൻ കൂടാരവാ തിൽക്കൽ നിന്ന് അവരെ എതിരേല്പാൻ ഓടി ച്ചെന്നു നിലം വരെ കുനിഞ്ഞു: യജമാനനേ, എന്നോടു കൃപയുണ്ടെങ്കിൽ അടിയനെ കടന്നു പോകരുതേ."* *ഉല്പത്തി 18 : 1– 3*

അബ്രാഹാമിന് ദൈവം പ്രത്യക്ഷപ്പെട്ടത് എഴുപത്തിയ ഞ്ചാമത്തെ വയസ്സിലാണ്. ഇപ്പോൾ വർഷം 24 കഴിഞ്ഞിരി ക്കുന്നു. ദൈവം അബ്രാഹാമിന് നല്ലൊരു വാഗ്ദത്തം നൽകി: "നീ കാൽ ചവിട്ടുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും" എന്ന്.

വളരെ അവശനിലയിൽ ക്ഷീണിതനായി, നിരാശനായി അബ്രാഹാം ഇരിക്കുമ്പോഴാണ് ദൈവം അരികത്തു വന്ന് അബ്രാഹാമിനോടു പറഞ്ഞത്, നീ തല പൊക്കിക്കൊള്ളുക എന്ന്. നീ ദേശത്ത് നെടുകെയും കുറുകെയും സഞ്ചരിക്ക. നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്ത തിക്കും തരും.

വ്യക്തമായി എഴുപത്തിയഞ്ചാമത്തെ വയസ്സിൽ അബ്രാ ഹാമിനു വാഗ്ദത്തം കിട്ടി, കടൽക്കരയിലെ മണൽപോലെയും

ആകാശത്തിലെ നക്ഷത്രംപോലെയും സന്തതിപരമ്പരകൾ ജനിക്കുമെന്ന്. വർഷങ്ങൾ മുന്നോട്ടു മുന്നോട്ടുപോയി പക്ഷേ, സാറ ഇപ്പോഴും മച്ചിയാണ്. അവൾക്കിപ്പോൾ എൺപത്തിയൊൻപതു വയസ്സായി. അബ്രാഹാമിന് തൊണ്ണൂറ്റിഒൻപതു വയസ്സും. വാഗ്ദത്തം ലഭിച്ചതിനുശേഷം ഇരുപത്തിനാലു കൊല്ലം അബ്രാഹാം വളരെ പ്രതീക്ഷയോടെ കാത്തിരുന്നു. ശരീരത്തിന്റെ ഓജസ്സും തേജസ്സും പോയി. അബ്രാഹാം ക്ഷീണിച്ചു വിവശനായി. ശരീരം തളർന്നു; മനസ്സും തളർന്നു; പ്രതീക്ഷ തളർന്നു; ആശ തളർന്നു; ആഗ്രഹങ്ങൾ തളർന്നു; എല്ലാം തീർന്നു.

സാറയ്ക്കു സ്ത്രീകൾക്കുള്ള പതിവ് നിന്നുപോയിരുന്നു. ഇനിയും ഒരു കുഞ്ഞുണ്ടാകുമെന്നുള്ള പ്രതീക്ഷയില്ല. ദൈവം തന്ന വാഗ്ദത്തം നിറവേറിയില്ലല്ലോ. സങ്കടഭാരത്തോടെ തല താഴ്ത്തി അബ്രാഹാം കൂടാരവാതിൽക്കൽ ഇരിക്കുന്നു. സാറാ കൂടാരത്തിന്റെ ഉള്ളിലിരുന്നു നെടുവീർപ്പിടുന്നു. രണ്ടുപേരും വൃദ്ധർ!

ജീവിതത്തിലെ ആശകൾ അസ്തമിച്ചുപോയവരുണ്ട്. നല്ലനല്ല സ്വപ്നങ്ങൾ ഉണ്ടായിരുന്നു; നല്ല പ്രതീക്ഷകൾ ഉണ്ടായിരുന്നു. എല്ലാം കരിഞ്ഞുണങ്ങി, ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളെല്ലാം അസ്തമിച്ചു. ആശകളെല്ലാം തീർന്നു.

ഇങ്ങനെ നിരാശ ബാധിച്ചവർ ആരെങ്കിലും ഈ വചനം വായിക്കുന്നുണ്ടോ? ആശകൾ അസ്തമിച്ചുപോയവർ! പ്രതീക്ഷ നഷ്ടപ്പെട്ടവർ! സങ്കടത്തോടെ കേഴുന്നവർ! എല്ലാം തകർന്ന് മനസ്സു മടുത്തു ജീവിതം വിവശമായിരിക്കുന്നവർ! ഏകാന്തത പൂണ്ടിരിക്കുന്നവർ! എന്റെ ഏറ്റവും പ്രിയപ്പെട്ടവൻ കടന്നുപോയി എന്നുപറഞ്ഞ് ദു:ഖത്തോടിരിക്കുന്ന ഭാര്യമാർ. എന്റെ പ്രിയപ്പെട്ടവൾ നേരത്തെ കടന്നുപോയല്ലോ എന്നോർത്ത് സങ്കടത്തോടിരിക്കുന്ന ഭർത്താക്കന്മാർ.

എനിക്ക് അപ്പനില്ല, എനിക്ക് അമ്മയില്ല; ഞാൻ അനാഥ

നായിപ്പോയില്ലേ? എന്റെ കാര്യമന്വേഷിക്കാൻ എനിക്ക് ആരുമില്ലല്ലോ എന്നുപറഞ്ഞ് വിഷമിച്ചു കഴിയുന്നവർ. വലിയ ബിസിനസ്സ് ആയിരുന്നു, തകർന്നുപോയി. കടത്തിനുമേൽ കടമായി. പലിശ കൊടുക്കാൻപോലും മാർഗ്ഗമില്ല. എല്ലാം തകർന്ന് മനസ്സ് നൊന്തു കഴിയുന്നവർ.

മരിച്ചാൽ മതി, ആർക്കുവേണ്ടി ഞാൻ ജീവിക്കണം എന്നോർത്ത് ജീവിതം ഒടുക്കാൻ മാർഗ്ഗം തേടിക്കൊണ്ടിരിക്കുന്നവർ. എന്നാൽ സ്നേഹിതരേ, അബ്രാഹാം നിരാശനായിരുന്നപ്പോൾ അബ്രാഹാമിന്റെ കൂടാരവാതിൽക്കൽ ഇറങ്ങിവന്ന കർത്താവായ യേശുക്രിസ്തു നിങ്ങളുടെ ജീവിതത്തിന്റെ അരികത്തേക്കു വന്ന് നിങ്ങളുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്.

ലോകാരംഭത്തിനുമുമ്പെ കുരളറുക്കപ്പെട്ട ദൈവകുഞ്ഞാടാണ് അവൻ. കർത്താവായ യേശുക്രിസ്തു ആദ്യന്തവിഹീനനാണ്. ആദിയും അന്തവും ഇല്ലാത്തവനാണ്. ആദി ഇല്ലാത്ത ആദിയും അന്തമില്ലാത്ത അന്തവുമാണ്.

കർത്താവായ യേശുക്രിസ്തു രണ്ടു മാലാഖമാരോടുകൂടെ കൂടാരവാതിൽക്കൽ വന്നു. അബ്രാഹാം തലപൊക്കി നോക്കിയപ്പോൾ മൂന്നു പുരുഷന്മാർ അവന്റെ നേരെ നിൽക്കുന്നതു കണ്ടു. ചില വേദപണ്ഡിതന്മാർ പറയുന്നു, ത്രിത്വം വെളിപ്പെടുന്ന ബൈബിളിലെ ഒന്നാമത്തെ ഭാഗമാണ് അത് എന്ന്.

അവൻ തലപൊക്കി നോക്കിയപ്പോൾ മൂന്നു പുരുഷന്മാർ തന്റെ നേരെ നിൽക്കുന്നതു കണ്ടു. അവരെ കണ്ടപ്പോൾ അവൻ ഓടിച്ചെന്ന് അവരെ എതിരേൽപ്പാൻ നിലം വരെ കുനിഞ്ഞ്, യജമാനനേ, എന്നോടു കൃപയുണ്ടെങ്കിൽ അടിയനെ കടന്നുപോകരുതേ എന്ന് പറഞ്ഞു.

അബ്രാഹാം ജീവനുള്ള ദൈവത്തെ തിരിച്ചറിഞ്ഞു. അവിടെ മൂന്നു പുരുഷന്മാർ വന്നെങ്കിലും അബ്രാഹാം യജമാ

നനേ എന്നു വിളിച്ച് ക്രിസ്തുവിനോടു സംസാരിക്കുകയാണ്.

വേദപുസ്തകത്തിൽ ദൂതൻ എന്നു കാണുന്ന പല ഭാഗങ്ങളും യേശുക്രിസ്തുവിനെ കാണിക്കുകയാണ്. യേശുക്രിസ്തു രണ്ടു മാലാഖമാരുടെ അകമ്പടിയോടുകൂടെ പരിവാരസമേതനായി തന്റെ ദാസന്റെ കൂടാരവാതില്ക്കൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

എഴുപത്തിയഞ്ചാമത്തെ വയസ്സിൽ വാഗ്ദത്തം കിട്ടിയ അബ്രാഹാമിന് ഇടയ്ക്കിടക്ക് വാഗ്ദത്തം കിട്ടിക്കൊണ്ടിരുന്നു. പക്ഷേ, ഏതാണ്ട് ഇരുപത്തിനാലു കൊല്ലമായി അബ്രാഹാമിന് ദൈവിക വാഗ്ദത്തങ്ങളോ ദൈവിക പ്രത്യക്ഷതകളോ കിട്ടുന്നില്ല. എവിടെയോ പാകപ്പിഴകൾ പറ്റുന്നുണ്ട്. ദൈവിക പ്രത്യക്ഷത നഷ്ടപ്പെട്ടുപോയി.

ഉല്പത്തിപുസ്തകം പതിനേഴാം അദ്ധ്യായം ഒന്നാം വാക്യത്തിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് രേഖപ്പെടുത്തുന്നു: “അബ്രാഹാമിനു തൊണ്ണൂറ്റൊമ്പതു വയസ്സായപ്പോൾ യഹോവ അബ്രാഹാമിനു പ്രത്യക്ഷനായി അവനോട്. ഞാൻ സർവ്വശക്തിയുള്ള ദൈവമാകുന്നു. നീ എന്റെ മുമ്പാകെ നടന്നു നിഷ്ക്കളങ്കനായിരിക്ക” എന്നു പറഞ്ഞു.

സർവ്വശക്തനായ ദൈവം മനുഷ്യനിൽ പ്രവർത്തിക്കണമെങ്കിൽ ദൈവത്തിനു ചില നിയമങ്ങൾ ഉണ്ട്. ഞാൻ നിന്നോട് ഒരു നിയമം ചെയ്യും. ദൈവത്തിനു മനുഷ്യനോട് ഒരു നിയമം അറിയിക്കാനുണ്ട്. ആ നിയമം മനുഷ്യൻ പാലിക്കുമ്പോൾ ദൈവം അവന്റെ കൂടാരവാതിൽക്കൽ പ്രത്യക്ഷപ്പെടും.

അബ്രാഹാമിനു ദൈവം പ്രത്യക്ഷമായത് നിയമം അറിയിക്കാനാണ്. നിയമം പാലിച്ചപ്പോൾ ദൈവം വാഗ്ദത്തം നിവർത്തിപ്പാൻ പ്രത്യക്ഷപ്പെടുകയാണ്. ദൈവത്തിന്റെ നിയമം അബ്രാഹാം പാലിച്ചു. ഉല്പത്തിപുസ്തകം പതിനേഴാം അദ്ധ്യായത്തിൽ, ദൈവം കൊടുത്ത നിയമം എന്ത് എന്നും അബ്രാഹാം പാലിച്ചത് എങ്ങനെ എന്നും നമുക്കു കാണാൻ

സാധിക്കും.

തെറ്റുപറ്റിയിടത്ത് കത്തിവെച്ചല്ലാതെ ദൈവത്തിന്റെ പ്രത്യക്ഷത ലഭിക്കയില്ല. വാഗ്ദത്തം നിറവേറുകയില്ല. ജീവിതത്തിൽ തെറ്റുപറ്റിയിടത്ത് കത്തിവെയ്ക്കാൻ തയ്യാറായപ്പോൾ അബ്രാഹാമിന്റെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കുകയായിരുന്നു. അബ്രാഹാമും അബ്രാഹാമിന്റെ കൂടാരത്തിലുള്ള എല്ലാവരും ഉടമ്പടി പാലിച്ചുകഴിഞ്ഞപ്പോൾ ദൈവം അബ്രാഹാമിന്റെ അരികിലേക്കു വന്ന് കൂടാരവാതിൽക്കൽ നിൽക്കുകയാണ്.

ദൈവത്തിന്റെ സന്നിധിയിൽ നീ ഉടമ്പടി പുതുക്കിക്കൊണ്ട്, തീരുമാനം പുതുക്കിക്കൊണ്ട് ദൈവസന്നിധിയിൽ നിന്റെ തീരുമാനം പാലിക്കാൻ തയ്യാറായാൽ ദൈവം നിന്റെ മുന്നിൽ വന്നു കാത്തുനിൽക്കും. നീ ഒന്നു തലപൊക്കി നോക്കാൻ ദൈവം പ്രതീക്ഷയോടെ നിൽക്കും. ദൈവത്തിന്റെ വചനം നീ അനുസരിക്കാൻ തയ്യാറാകുമ്പോൾ സ്വർഗ്ഗത്തിലെ ദൈവം നിന്റെ കാര്യത്തിൽ കടക്കാരനായി നിൽക്കയില്ല.

“എന്നെ മാനിക്കുന്നവനെ ഞാൻ മാനിക്കും.” ദൈവത്തെ മാനിച്ച് ദൈവത്തിന്റെ വചനം നീ അനുസരിക്കുമ്പോൾ നിന്റെ കാര്യം ദൈവത്തിന്റെ കാര്യമായി മാറും. നിന്റെ മക്കളുടെ കാര്യം ദൈവം ഏറ്റെടുക്കും; നിന്റെ കുടുംബത്തിന്റെ കാര്യം, നിന്റെ കടത്തിന്റെ കാര്യം, നിന്റെ രോഗത്തിന്റെ കാര്യം, നിന്റെ വിവാഹത്തിന്റെ കാര്യം ദൈവം ഏറ്റെടുക്കും. നിന്റെ ബിസിനസ്സിന്റെ കാര്യം ദൈവം ഏറ്റെടുക്കും.

ജീവനുള്ള ദൈവം നിങ്ങളുടെ കാര്യം ഏറ്റെടുക്കുവാൻ തക്കവണ്ണം അവന്റെ നിയമത്തെ നിങ്ങൾ പ്രമാണിക്കുവാൻ തുടങ്ങുവിൻ; അവന്റെ കല്പനകളെ നിങ്ങൾ അനുസരിക്കുവാൻ തുടങ്ങുവിൻ; അവന്റെ വചനത്തെ നിങ്ങൾ അനുഷ്ഠിക്കുവാൻ തുടങ്ങുവിൻ. അവന്റെ വചനത്തോടു നിങ്ങൾ വിധേയപ്പെടുവാൻ തുടങ്ങുവിൻ.

കർത്താവേ, ഇത്രയുംകാലം നിന്റെ വചനത്തെ ഞാൻ പുറംകാലുകൊണ്ടു തൊഴിച്ചു പുറകിലേക്കു മാറ്റിയവനാണ്. എനിക്കു കിട്ടിയ വചനത്തെ ഞാൻ തള്ളിക്കളഞ്ഞവനാണ്. എന്നാൽ നാഥാ, ഇന്നു ഞാൻ നിന്നോടൊരു വാക്കു പറയുന്നു: നിന്റെ വചനത്തെ അനുസരിച്ച്, നിന്റെ നിയമത്തെ അനുസരിച്ച് ഞാൻ മുമ്പോട്ടുപോകും.

നിന്റെ ജീവിതത്തിൽ നഷ്ടപ്പെട്ടത് എന്തുണ്ടോ അത് തിരികെത്തരാൻ കർത്താവിനു സാധിക്കും. ജീവനുള്ള ദൈവം നിന്റെ പ്രാർത്ഥനക്കു മറുപടി തരും. നിന്റെ പ്രതീക്ഷകളെല്ലാം പൂവണിയാൻ തുടങ്ങും. പുതിയ അനുഭവങ്ങൾ നിനക്കു ലഭിക്കും. പുതിയ സന്തോഷം നിനക്കു ലഭിക്കും. പുതിയ വിശ്വാസം നിനക്ക് ലഭിക്കും. പുതിയ സ്നേഹം നിനക്ക് ലഭിക്കും. പുതിയ സ്വഭാവം നിനക്ക് ലഭിക്കും.

ദൈവം അബ്രാഹാമിന്റെ കൂടാരത്തിൽ ഇറങ്ങിവന്നു. അബ്രാഹാം ചാടി എഴുന്നേറ്റു. അബ്രാഹാമിന് ദൈവത്തെ പരിചയമുണ്ട്. ദൈവത്തിന്റെ ശബ്ദം കേട്ടാൽ അറിയാം.

ഒരുകാലത്ത് ദൈവശബ്ദം കേട്ടവരില്ലേ? അതെല്ലാം ഇന്നു ഓർമ്മയായിപ്പോയി. ദൈവം നേരിട്ട് സംസാരിച്ചത് അനുഭവിച്ച ദൈവമക്കളില്ലേ? വലഞ്ഞുവിഷമിച്ച സമയത്ത് ജീവനുള്ള ക്രിസ്തു വന്ന് നിങ്ങളുടെ പുറം തലോടിത്തന്ന്, കണ്ണുനീരു തുടച്ചുതന്ന് നിങ്ങളോട് ഇടപെട്ടതും ആശ്വസിപ്പിച്ചതുമെല്ലാം അനുഭവിച്ച ദൈവമക്കളില്ലേ? മകനേ, ഇന്ന് ദൈവശബ്ദം കേൾക്കാതായി! ദൈവികപ്രത്യക്ഷത നഷ്ടപ്പെട്ടുപോയി!

ജീവനുള്ള ദൈവത്തിന്റെ പ്രത്യക്ഷത നിനക്കു മടക്കിത്തരാൻ ഒരു വ്യവസ്ഥ നിന്റെ മുമ്പിൽ വയ്ക്കുന്നു. മകനേ, എനിക്കു നിന്നോടു ഒരു നിയമം ഉണ്ട് എന്നാണ് ദൈവം അബ്രാഹാമിനോടു പറഞ്ഞത്. മകനേ, നീ അതു പാലിക്കാമോ? നീ തളർന്നിരിക്കേണ്ടവനല്ല. എന്നോടു നീ ചില വാക്കു

കൾ പറഞ്ഞവനാണ്. അത് പാലിക്കാൻ നിനക്ക് പറ്റുമോ? എന്നാൽ ഞാൻ നിന്റെ ജീവിതത്തിൽ ചില അത്ഭുതങ്ങൾ ചെയ്യാൻ പോകുകയാണ്.

അബ്രാഹാം തലപൊക്കിനോക്കിയപ്പോൾ മൂന്നു പുരുഷന്മാർ കൂടാരവാതിൽക്കൽ നിൽക്കുന്നതു കണ്ടു. എത്രനേരമായി അവർ വന്നുനിൽക്കുന്നു? സ്നേഹിതാ, നിന്റെ പിന്നാലെ കർത്താവായ യേശുക്രിസ്തു എത്ര കാലമായി നടന്നുതുടങ്ങിയിട്ട്?

മകനേ, നിന്റെ ഹൃദയം എനിക്കുതരിക. കുഞ്ഞേ, ഞാൻ നിന്നെ അനുഗ്രഹിക്കട്ടെ. നിന്റെ ഭാവി ഞാൻ ശോഭനമാക്കട്ടെ എന്നുപറഞ്ഞുകൊണ്ട് കർത്താവായ യേശുക്രിസ്തു, ഒരിക്കൽ തന്ന വാഗ്ദത്തങ്ങൾ നിറവേറ്റാനായി നിന്റെ ഹൃദയവാതില്ക്കൽ മുട്ടിക്കൊണ്ടിരിക്കുകയാണ്. അവന്റെ മുൻപിൽ വാതിൽ അടച്ചുപിടിക്കരുത്.

ജീവനുള്ള ക്രിസ്തുവാണ് വന്നു വാതിൽക്കൽ മുട്ടുന്നത്. “ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അകത്തുചെന്ന് ഞാൻ അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും” എന്നാണു യേശു പറയുന്നത്.

അവൻ ഇതാ, വാതിൽക്കൽ മുട്ടുന്നു. അവൻ നിങ്ങളെ പേർചൊല്ലി വിളിക്കുന്നു. അവൻ സ്നേഹത്തോടെ നിങ്ങളെ മാടിമാടി അടുപ്പിക്കുന്നു. അവൻ നിങ്ങളുടെ ഓരോരുത്തരുടേയും ഹൃദയം കാണുന്നു. നിങ്ങളുടെ നിരാശ അവൻ അറിയുന്നു. നിങ്ങളുടെ വേദനാവിഷയങ്ങൾ അവൻ കാണുന്നു. എല്ലാറ്റിനും പരിഹാരം തരാമെന്ന് പറയുന്നു.

> *‘‘യഹോവയിൽ ആശ്രയിച്ചു നന്മചെയ്ക; ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക. യഹോവയിൽത്തന്നേ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും.*

*നിന്റെ വഴി യഹോവയെ ഭരമേൽപ്പിക്ക; അവനിൽ തന്നേ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും."*

*സങ്കീർത്തനങ്ങൾ 37 : 3 – 5*

ആഗ്രഹങ്ങൾ സാധിപ്പിച്ചുതരുന്ന ദൈവം! "അവർ ആഗ്രഹിച്ച ശുഭതുറമുഖത്ത് അവൻ അവരെ എത്തിച്ചു!" കർത്താവേ, ഇത്രയുംകാലം ഞാൻ എന്റെ ഹൃദയം അടച്ചുപിടിച്ചിരുന്നു. എന്റെ പിന്നാലെ നീ കെഞ്ചിക്കൊണ്ടു നടന്നു. എന്റെ യേശുവിന്റെ സ്നേഹം ഞാൻ കണ്ടില്ല. ആ കുരിശിലെ സ്നേഹത്തെ ഞാൻ അറിഞ്ഞില്ല. എനിക്കുവേണ്ടി നിന്റെ ചങ്ക് പിടഞ്ഞത് ഞാൻ ശ്രദ്ധിച്ചില്ല. കർത്താവേ, എന്നോടു ക്ഷമിക്കണമേ.

ആ തിരുരക്തത്തിന്റെ ഒരു തുള്ളി ഇപ്പോൾ എന്റെ നെറ്റിയിൽ പുരട്ടി എന്നെ മുദ്രയിട്ട് വേർതിരിക്കണമേ. പാപിയെ വീണ്ടെടുക്കുന്ന തിരുരക്തം! അശുദ്ധനെ വിശുദ്ധനാക്കുന്ന തിരുരക്തം! എന്റെ ജീവിതത്തിൽ രൂപാന്തരം വരുത്തുന്ന തിരുരക്തം! കഴിഞ്ഞകാലപാപങ്ങൾ ഒക്കെയും കഴുകിത്തരുന്ന തിരുരക്തം! എണ്ണമില്ലാത്ത പാപങ്ങൾ ക്ഷമിച്ചുതരുന്ന തിരുരക്തം ഇപ്പോൾ എന്റെ നെറ്റിമേൽ പുരട്ടി എന്നെ അനുഗ്രഹിക്കണമേ. എന്റെ പാപക്കറകൾ കഴുകണമേ. എന്നെ പുതിയ സൃഷ്ടിയാക്കി രൂപാന്തരപ്പെടുത്തണമേ.

# നാല്

*"ഒരു ആണ്ടു കഴിഞ്ഞിട്ട് ഞാൻ നിന്റെ അടുക്കൽ മടങ്ങിവരും; അപ്പോൾ നിന്റെ ഭാര്യ സാറയ്ക്ക് ഒരു മകൻ ഉണ്ടാകും എന്നു അവൻ പറഞ്ഞു. സാറാ കൂടാരവാതിൽക്കൽ അവന്റെ പിൻവശത്ത് കേട്ടു കൊണ്ടു നിന്നു." ഉല്പത്തി 18 : 10*

അബ്രാഹാമിന് തൊണ്ണൂറ്റിഒൻപതു വയസ്സായപ്പോൾ തന്റെ വാഗ്ദത്തം ദൈവം പുതുക്കുകയാണ്. ഒരു വർഷം കഴിഞ്ഞ് ഞാൻ നിന്റെ അടുക്കൽ മടങ്ങിവരും. അന്ന് നിന്റെ ഭാര്യ സാറാ ഒരു മകനെ പ്രസവിക്കും. നീ മകൻ ഉള്ളവനായി ത്തീരും.

ജീവിതത്തിൽ ആകുലംപേറി എല്ലാ ഭാവികാല പ്രതീക്ഷ കളും അസ്തമിച്ചു നിൽക്കുന്ന മനുഷ്യനോട് സ്വർഗ്ഗത്തിലെ ദൈവം എഴുന്നള്ളിവന്ന് അരുളിച്ചെയ്യുന്ന വചനം!

ജീവനുള്ള ദൈവം അബ്രാഹാമിനോട് സംസാരിക്കുക യാണ്. അബ്രാഹാമിന്റെ നൈരാശ്യം ദൈവം മാറ്റിക്കൊടുക്കു കയാണ്. ദൈവത്തിന്റെ വചനം കേട്ടു പുറപ്പെട്ട ദൈവ ദാസന്റെ ഹൃദയത്തിന്റെ മ്ലാനത ജീവനുള്ള ദൈവം മാറ്റിക്കൊടുക്കുകയാണ്. നിരാശയിൽ കുമിഞ്ഞ ജീവിതവു മായി നിൽക്കുന്ന ദൈവദാസന്റെ അരികിലേക്ക് സ്വർഗ്ഗത്തിലെ ദൈവം എഴുന്നള്ളി വന്ന് സംസാരിക്കുന്നു.

പലരുടേയും ജീവിതത്തിൽ ആകുലങ്ങൾ ധാരാളമുണ്ട്; ആവലാതികൾ ഉണ്ട്. എത്രയെത്ര ഭയപ്പാടുകളാണ് നമ്മെ

വലയം ചെയ്തു നിൽക്കുന്നത്? നാളെയെക്കുറിച്ചുള്ള ആശങ്ക കൾ! ഒന്നിനും ഒരു നിശ്ചയമില്ലാത്തതുപോലെ അവ്യക്തമായ ഭാവിയിലേക്കു നോക്കി നെടുവീർപ്പിടുന്ന അനുഭവങ്ങൾ! ഇതെല്ലാമായി നമ്മിൽ പലരും വലയുന്നവരാണ്.

മുന്നിൽ ചില താങ്ങാനാവാത്ത ദുരിതങ്ങൾ! വഹിക്കാൻ വയ്യാത്ത പ്രതിസന്ധികൾ! എങ്ങനെ മുന്നോട്ടുപോകും എന്ന റിയാതെ അമ്പരന്നുപോകുന്ന കാര്യങ്ങൾ! ഭീമാകാരമായ പ്രശ്നങ്ങൾ നമ്മെ വലയം ചെയ്ത് ഭീഷണിപ്പെടുത്തുന്ന സാഹചര്യങ്ങൾ. എങ്ങനെ ജീവിക്കും? ഓരോരോ കാര്യങ്ങൾ ഓർക്കുന്തോറും നമ്മുടെ മനസ്സ് വേവലാതിപ്പെടുകയും പരി ഭ്രാന്തമാകുകയും ചെയ്യുന്നു. ഹൃദയം വലയുന്നു; ജീവിതം ആകെ വിരസമാകുന്നു.

കുടുംബത്തിലെ പ്രശ്നങ്ങൾ ആകാം, ഭർത്താവിന്റെ സ്വഭാവദൂഷ്യങ്ങളാകാം, മദ്യപാനത്തിന്റെ നീരാളിപ്പിടുത്ത ത്തിൽ നശിച്ചുപോകുന്ന കുടുംബത്തിന്റെ ശിഥിലതയാകാം. എന്നാൽ ഈ വലിയ പ്രശ്നങ്ങളെ ഒതുക്കാൻ ജീവനുള്ള ദൈവത്തെ ആശ്രയിച്ചാൽ മതി. കരുണയുള്ള കർത്താവിന്റെ കൃപയിൽ ശരണപ്പെട്ടാൽ മതി. യേശുക്രിസ്തുവിന്റെ സന്നിധി യിൽ വരുമ്പോൾ നാളുകളായി നമ്മെ പേടിപ്പെടുത്തുന്ന കാര്യ ങ്ങൾ ആവിയായിപ്പോകും.

വലിയ മലപോലെ വന്ന പ്രശ്നങ്ങൾ എല്ലാം ആവിയായി പറന്നു മാറുന്നു! നമ്മുടെ ജീവിതത്തിലെ ഭാരങ്ങളും പ്രശ്ന ങ്ങളും എല്ലാം ഏറ്റെടുത്ത് നമുക്ക് മോചനം തരാൻ കർത്താ വായ യേശുക്രിസ്തു ജീവിക്കുന്നു.

അബ്രാഹാമിനു ലഭിച്ച ഭാഗ്യം അതാണ്. ജീവനുള്ള ദൈവം തന്റെ രണ്ടു മാലാഖമാരോടുകൂടെ കൂടാരവാതിൽക്കൽ പ്രത്യക്ഷനായപ്പോൾ അബ്രാഹാം ദൈവസന്നിധിയിൽ എളിമ പ്പെട്ട് തന്നെത്തന്നെ സമർപ്പിച്ചു.

അബ്രാഹാം തലപൊക്കി നോക്കി. അബ്രാഹാം ദൈവ സന്നിധിയിൽ സമർപ്പിച്ചു.

*“അവൻ തലപൊക്കി നോക്കിയപ്പോൾ മൂന്നു പുരുഷന്മാർ തന്റെ നേരെ നില്ക്കുന്നതു കണ്ടു; അവരെ കണ്ടപ്പോൾ അവൻ കൂടാരവാതിൽക്കൽ നിന്ന് അവരെ എതിരേല്പാൻ ഓടിച്ചെന്നു നിലംവരെ കുനിഞ്ഞു: യജമാനനേ, എന്നോടു കൃപയുണ്ടെങ്കിൽ അടിയനെ കടന്നുപോകരുതേ. അസാരം വെള്ളം കൊണ്ടുവന്നു നിങ്ങളുടെ കാലുകളെ കഴുകട്ടെ; വൃക്ഷത്തിൻകീഴിൽ ഇരിപ്പിൻ. ഞാൻ ഒരുമുറി അപ്പം കൊണ്ടുവരാം; വിശപ്പടക്കീട്ടു നിങ്ങൾക്കു പോകാം; ഇതിനായിട്ടല്ലോ നിങ്ങൾ അടിയന്റെ അടുക്കൽ കയറിവന്നത് എന്നു പറഞ്ഞു. നീ പറഞ്ഞതുപോലെ ആകട്ടെ എന്ന് അവർ പറഞ്ഞു” ഉല്പത്തി 18 : 2 – 5*

അബ്രാഹാം നിലംവരെ കുനിഞ്ഞു, ഓടിച്ചെന്നു, പാദ പീഠത്തിൽ വിനയത്തോടെ നമസ്ക്കരിച്ചു. അബ്രാഹാം ജീവനുള്ള ദൈവത്തെ ആദരിച്ചു, മാനിച്ചു, ദൈവസന്നിധിയിൽ വിനയപ്പെട്ടു.

അബ്രാഹാമിനു നിരാശയുണ്ട്, ആകുലമുണ്ട്, ഭാരമുണ്ട്, എന്നാൽ അബ്രാഹാം തന്റെ കൂടാരത്തിന്റെ മുമ്പിൽവന്ന ജീവനുള്ള ദൈവത്തിന്റെ മുമ്പാകെ തന്നെത്തന്നെ താഴ്ത്തി. സ്നേഹിതരേ, നിങ്ങൾക്കു ഭാരങ്ങളുണ്ട്; ഭാരങ്ങൾ മാറിയിട്ട് ദൈവത്തിന്റെ വേല ചെയ്യാം എന്നുകരുതണ്ട. ഭാരങ്ങൾ മാറിയിട്ട് കർത്താവിനെ ആരാധിക്കാം എന്നു വിചാരിക്കണ്ട.

ആകുലങ്ങളും സങ്കടങ്ങളും ദുരിതങ്ങളും രോഗങ്ങളും എല്ലാം മാറിയിട്ട് ഞാൻ ക്രിസ്തുവിനെ അനുഗമിക്കാം എന്ന് നിങ്ങൾ വിചാരിക്കണ്ട. അതെല്ലാം ഉള്ളപ്പോൾ തന്നെ നിങ്ങൾ

അവന്റെ പാദപീഠത്തിൽ വന്നു വീഴുക. ക്രിസ്തുവിന്റെ ക്രൂശിൻചുവട്ടിലേക്കു വന്ന്; അവിടെ നിങ്ങളെത്തന്നെ അർപ്പണം ചെയ്യുക. നിങ്ങളെത്തന്നെ സമർപ്പിക്കുക.

അബ്രാഹാം കൂടാരവാതിൽക്കൽനിന്ന് അവരെ എതിരേൽപ്പാൻ ഓടിച്ചെന്നു നിലംവരെ കുനിഞ്ഞു. വർഷങ്ങൾക്കു മുമ്പ് മെസപ്പൊത്താമ്യായിൽ യൂഫ്രട്ടീസ് ടൈഗ്രീസ് നദിക്കക്കരെ പാർത്തിരുന്ന കാലത്ത് തനിക്ക് പ്രത്യക്ഷനായ ദൈവം തന്നെയാണ് ഇവിടെ വന്നിരിക്കുന്നത് എന്ന് അബ്രാഹാം തിരിച്ചറിഞ്ഞു.

സ്നേഹിതരേ, ഒരിക്കൽ നിങ്ങൾക്ക് പ്രത്യക്ഷനായൊരു ദൈവമുണ്ട്. വചനത്തിൽക്കൂടി നിങ്ങളോട് സംസാരിച്ച ഒരു ദൈവമുണ്ട്. അന്ന് നിങ്ങൾക്ക് ദൈവത്തിന്റെ വചനം കേട്ടനുസരിക്കാൻ കൃപതന്ന ഒരു ദൈവമുണ്ട്. നിങ്ങളിൽ പലരും തീരുമാനമെടുത്തവരല്ലേ? പലരും സമർപ്പണമെടുത്തവരല്ലേ? എന്നാൽ ഇന്ന് എങ്ങനെയാണ് നിങ്ങൾ നിൽക്കുന്നത്? പല പല ആകുലങ്ങളാൽ ഭാരപ്പെട്ട് എല്ലാ വഴികളും അടഞ്ഞവരായി, ജീവിതം നൈരാശ്യംപൂണ്ടവരായി നിങ്ങൾ ഇരിക്കുകയാണോ? നാളെയെക്കുറിച്ചുള്ള എല്ലാ ആശകളും അസ്തമിച്ചിരിക്കുകയാണോ?

നിങ്ങളുടെ മനസ്സ് തകർന്നിരിക്കുകയാണോ? തല കുമ്പിട്ടിരിക്കുകയാണോ? അപകർഷതാബോധം നിങ്ങളെ മൂടിയിരിക്കുകയാണോ? മറ്റുള്ളവരെപ്പോലെയുള്ള വിദ്യാഭ്യാസം എനിക്കില്ല, മറ്റുള്ളവരെപ്പോലെ ആരോഗ്യം എനിക്കില്ല, മറ്റുള്ളവരെപ്പോലെ വരുമാനമാർഗ്ഗം എനിക്കില്ല, ഞാനിതാ ഒറ്റപ്പെട്ടവനായിപ്പോയി. ഞാൻ ആരോരും ഇല്ലാത്തവളായിപ്പോയി. എന്നെ സ്നേഹിക്കാൻ ആരുണ്ട്? അങ്ങനെ നിരാശപ്പെട്ടിരിക്കുന്നവരില്ലേ?

ആകുലഭാരങ്ങളുടെ, നൈരാശ്യത്തിന്റെ മദ്ധ്യത്തിൽ

നിങ്ങൾ ഉലഞ്ഞുവലഞ്ഞു കഴിയുമ്പോൾ ഇതാ, നിങ്ങളുടെ അരികിലേക്കു ദൈവം വരുന്നു. ക്രിസ്തു നിങ്ങളുടെ സമീപത്തേക്കു വരുന്നു എന്നു നിങ്ങൾ വിശ്വസിക്കൂ. ക്രിസ്തുവിന്റെ പാദപീഠത്തിങ്കൽ നിങ്ങളെത്തന്നെ അർപ്പിക്കൂ.

എന്റെ കർത്താവേ, അടിയനെ കടന്നു പോകരുതേ. നിനക്ക് എന്നോടു കൃപയുണ്ടെങ്കിൽ അടിയനെ കടന്നുപോകരുതേ. ഇതാ, ഞാൻ ഒരു നിരാശപ്പെട്ട മനുഷ്യനായി ഇവിടെ ഇരിക്കുന്നു. ഞാൻ ഇതാ ആശയറ്റവളായി ഇവിടെ ഇരിക്കുന്നു. ആകുലഭാരങ്ങളാകുന്ന ചുമടും പേറി ഇരിക്കുന്നു. ഞാൻ വചനം കേൾക്കുന്നു എന്നാൽ, എന്റെ ഹൃദയത്തിലെ മാറാലക്കെട്ടുകൾ മാറുന്നില്ല. എന്റെ മനസ്സിലുള്ള ആകുലങ്ങൾ പോകുന്നില്ല. എന്റെ മനസ്സിലെ പ്രാരബ്ധങ്ങൾ, പ്രശ്നങ്ങൾ മാറുന്നില്ല.

ജീവിതത്തിലെ യാതനകൾക്ക് ഒരു പൊറുതി കാണുന്നില്ല. രോഗം മാറുന്നില്ല. എന്റെ കടഭാരത്തിന് ഒരു പോംവഴി കാണുന്നില്ല. എല്ലാ വഴികളും അടഞ്ഞിരിക്കുന്നു. പലരും എന്നെ തെറ്റിദ്ധരിക്കുന്നു. എതിർക്കുന്നു. സകലരും എന്നെ പകയ്ക്കുന്നു. എന്നോട് ഒരു സഹതാപം കാണിപ്പാൻ എനിക്കാരുമില്ല.

നിങ്ങൾ പറയണം: ഇപ്പോൾ എന്റെ അരികത്തു വന്ന യേശുവേ, എന്നെ മറികടന്നു പോകരുതേ. നീ എന്നെ വിട്ടു പോകരുതേ. ഞാൻ അസാരം വെള്ളം കൊണ്ടുവന്നു നിന്റെ കാലുകളെ കഴുകട്ടെ. ഞാൻ ഒരു മുറി അപ്പം കൊണ്ടുവരാം. ഒന്നിരിക്കൂ. വിശപ്പടക്കിയിട്ട് പോകാം.

യേശു നിന്റെ അരികത്തു വന്ന് തന്റെ വിശപ്പടക്കാൻ, അവന്റെ ദാഹം തീർക്കാൻ കെഞ്ചി യാചിച്ചുകൊണ്ട് നിൽക്കുകയാണ്. അവനോട് നിങ്ങൾക്കൊരു വാക്ക് പറയാം:

കർത്താവേ, ഒരു മുഴുവൻ അപ്പം കൊണ്ടുവരാൻ എന്റെ

കൈയിലില്ല. പലതും മുറിഞ്ഞുപോയതാണ്; നഷ്ടപ്പെട്ടുപോയതാണ്. കർത്താവേ, ഞാൻ കോപത്തിലും വാശിയിലും വൈരാഗ്യത്തിലും പിണക്കത്തിലും അസൂയയിലും പകയിലും വിദ്വേഷത്തിലും ആയി എല്ലാം നഷ്ടപ്പെടുത്തിയവളാണ്. അശുദ്ധിക്കും തിന്മയ്ക്കും വേണ്ടി, കൊള്ളരുതാത്ത ജീവിതത്തിനുവേണ്ടി, ദു:ശീലങ്ങൾക്കുവേണ്ടി, അരുതാത്ത ജീവിതത്തിനുവേണ്ടി, മദ്യപാനത്തിനും അഴുക്കിനും വൃത്തികേടിനും വേണ്ടി, മ്ലേച്ഛതയ്ക്കും അശുദ്ധിക്കും വേണ്ടി എല്ലാം നഷ്ടപ്പെടുത്തിയവനാണ്.

കർത്താവേ, ഒരു മുറി അപ്പമേ ഉള്ളൂ. ഒരു മുറി അപ്പം കൊണ്ടുവരാം. അത് തിന്നു വിശപ്പടക്കിയിട്ട് നിനക്കു പോകാം.

ജീവനുള്ള ദൈവം നിന്റെ മുമ്പിൽ നിന്ന് നിനക്ക് അനുഗ്രഹം പകരാനായി അവന്റെ കരം നീട്ടുകയാണ്. നിങ്ങൾക്ക് ഇപ്പോൾ സമർപ്പിക്കാം. യേശുവിന്റെ പാദപീഠത്തിങ്കൽ നിങ്ങളെത്തന്നെ താഴ്ത്തിക്കൊടുക്കാം.

ഇന്നു നിങ്ങളിൽ ആനന്ദം തുടങ്ങട്ടെ. യേശുവിന്റെ മുമ്പിൽ സമർപ്പിച്ച എല്ലാ ഭാരങ്ങളും പ്രാരബ്ധങ്ങളും ആവിയായി പോകുന്ന സൗഭാഗ്യം ലഭിക്കട്ടെ. അനുഗ്രഹസമൃദ്ധി നിങ്ങളുടെമേൽ ഒഴുകട്ടെ. ജീവനുള്ള ക്രിസ്തുവിന്റെ കരം നിങ്ങളുടെമേൽ വയ്ക്കട്ടെ. എല്ലാവരേയും അനുഗ്രഹിക്കട്ടെ. യേശുക്രിസ്തുവിന്റെ പരിശുദ്ധ കരം നിങ്ങളെ തലോടട്ടെ. യേശുവിന്റെ തൃക്കരം നിങ്ങളുടെ കണ്ണുനീർ തുടയ്ക്കട്ടെ. നിങ്ങളുടെ കുടുംബത്തിൽ ഐശ്വര്യം പകരട്ടെ. യേശുവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി നിങ്ങളെ ഒരുക്കട്ടെ.

> *"പിന്നെ അവൻ വെണ്ണയും പാലും താൻ പാകം ചെയ്യിച്ച കാളക്കുട്ടിയെയും കൊണ്ടുവന്നു അവരുടെ മുമ്പിൽ വച്ചു. അവരുടെ അടുക്കൽ വൃക്ഷത്തിൻ കീഴിൽ ശുശ്രൂഷിച്ചു നിന്നു; അവർ*

*ഭക്ഷണം കഴിച്ചു."* *ഉല്പത്തി 18 : 8*

അബ്രാഹാം തലപൊക്കി നോക്കി. എന്തിന്? സമർപ്പിക്കാൻ. തലപൊക്കി നോക്കി സമർപ്പിച്ചു. തലപൊക്കി നോക്കി ശുശ്രൂഷ ചെയ്തു. ജീവനുള്ള ദൈവം എന്റെ അടുക്കലേക്ക് എഴുന്നള്ളി വന്നല്ലോ എന്നുള്ള നന്ദികൊണ്ടു നിറഞ്ഞ് ദൈവത്തിനു തൃപ്തികരമായി ജീവിക്കാൻ എടുക്കുന്ന സമർപ്പണമാണ് വാസ്തവത്തിൽ ശുശ്രൂഷിച്ചു നിന്നു എന്നുപറയുന്നത്. ദൈവ വേല ചെയ്യുന്നതുപോലും ആ ഒരു നന്ദിയിൽ നിന്നാണ്. ദൈവ ത്തിന്റെ വേലയ്ക്കുവേണ്ടി നമ്മുടെ സമയം വേർതിരിക്കുന്നത്, ആയുസ്സ് വേർതിരിക്കുന്നത്, നമ്മുടെ പണം ചെലവിടുന്നത് എല്ലാം ആ നന്ദിയിൽ നിന്നാണ്.

ദൈവം വന്ന് മനുഷ്യന്റെ കൂടാരവാതിൽക്കൽ തറ്റുനിന്നു. മനുഷ്യൻ ദൈവത്തിന്റെ അടുക്കലേക്കുചെന്ന് തന്നെത്തന്നെ സമർപ്പിച്ചു, വൃക്ഷത്തിൻകീഴിൽ ശുശ്രൂഷിച്ച് നിന്നു. അവർ ഭക്ഷണം കഴിച്ചു.

ഭക്ഷണം കഴിക്കാൻ ഇരുന്നപ്പോൾ ദൈവം പറഞ്ഞു കാണും: നീയും ഇരിക്ക്. നമുക്ക് ഒരുമിച്ച് കഴിക്കാം. ഞാൻ അങ്ങനെ ചിന്തിക്കാൻ കാരണം വെളിപ്പാട് 3 : 20 ൽ കാണുന്നു:

> *"ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെ ങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും."*
>
> *വെളിപ്പാട് 3 : 20*

ദൈവം മനുഷ്യനോടുകൂടെ പാർക്കാൻ ആഗ്രഹിക്കുന്നു; അവനോടുകൂടെ വസിക്കാൻ ആഗ്രഹിക്കുന്നു. മനുഷ്യനോടു കൂടെ അവരുടെ വിരുന്നുമേശയിൽ ഇരിക്കുവാനും ദൈവം ആഗ്രഹിക്കുന്നു. മനുഷ്യരോടുകൂടെ ഭക്ഷണം കഴിക്കാൻ ദൈവം ആഗ്രഹിക്കുന്നു.

ദൈവത്തിന്റെ എല്ലാ നന്മകൾക്കും അവകാശിയും പങ്കാളിയുമായി നമ്മെ തീർക്കുകയാണ്. അവൻ എന്നോടും ഞാൻ അവനോടും കൂടെ ഭക്ഷണം കഴിക്കും. തന്നോടൊപ്പം ദൈവം മനുഷ്യനെ കാണുകയാണ്.

തന്റെ ഒപ്പം മനുഷ്യനെ ഇരുത്തുകയാണ്. ജീവനുള്ള ദൈവം നമ്മെ തരംതാഴ്ത്തുന്നവനല്ല. നമ്മെ വെറും സേവകരാക്കി മാറ്റുന്നവനല്ല. ദൈവത്തിന്റെ അവകാശത്തിന്റെ പങ്കാളിയാക്കി നമ്മെ തീർക്കുകയാണ്.

*"നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും തന്നേ."*

*റോമർ 8 : 17*

*"കാൺമിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു."*

*1 യോഹന്നാൻ 3 : 1*

നാം ദൈവമക്കൾ തന്നെയാണ്.

*"നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നത് ആകും എന്ന് ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ട് അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു. അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്താന്നേ നിർമ്മലീകരിക്കുന്നു."*

*1 യോഹന്നാൻ 3 : 2, 3*

അവന്റെ സകല നന്മകളുടേയും അനുഗ്രഹത്തിന്റേയും അവകാശിയായി, സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹ

ങ്ങളുടേയും അവകാശിയായി ജീവനുള്ള ദൈവം എന്നെ കണ്ടിരിക്കുന്നതുകൊണ്ട് അവൻ നിർമ്മലനായിരിക്കുന്നതു പോലെ ഞാൻ എന്നെത്തന്നെ നിർമ്മലീകരിക്കണം; എന്നെ ത്തന്നെ ശുദ്ധീകരിക്കണം.

*"ദൈവത്തിൽനിന്ന് ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്നതു മില്ല."* *1 യോഹന്നാൻ 5 : 18*

തന്നെത്താൻ സൂക്ഷിക്കുന്നത് പേടിച്ചും വിറച്ചുമല്ല. സംശയിച്ചും ശങ്കിച്ചുമല്ല. ദൈവത്തെ ഭയക്കുകയല്ല, സ്നേഹി ക്കുകയാണ്. ദൈവത്തിൽ നിന്നു ജനിച്ചവനാണെങ്കിൽ ഞാൻ എന്നെത്തന്നെ സൂക്ഷിക്കും. എന്റെ ഓരോ ചുവടുവയ്പ്പും ഞാൻ സൂക്ഷിക്കും. ഓരോ ചലനവും ഓരോ ശബ്ദവും ഞാൻ സൂക്ഷിക്കും. എന്റെ ജീവിതത്തിന്റെ ഓരോ നിമിഷവും എന്നെത്തന്നെ സൂക്ഷിക്കും.

*"ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകു ന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കി യാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരി ക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും."*

*യോഹന്നാൻ 14 : 2, 3*

സ്വർഗ്ഗത്തിലെ ദൈവം, പാപം മാത്രം ചെയ്യാൻ ശീലിച്ചവ രായ നമ്മെ, പാപത്തിന്റെയും അഴുക്കിന്റെയും കൂട്ടാളികളായി മാത്രം ജീവിച്ചിരുന്ന നമ്മെ അവന്റെ ഒപ്പം ഇരുത്തുവാനായി കഴുകുകയാണ്. അവൻ അതിനുവേണ്ടി കൊടുത്തത് സ്വന്തം ജീവനാണ്. അവന്റെ ചങ്ക് തുറന്നൊഴുകിയ രക്തമാണ്. ആ തിരുരക്തത്താൽ എന്നെ അവൻ കഴുകി എല്ലാ പാപവും മായിച്ച് ഇല്ലായ്മ ചെയ്യുകയാണ്. ലംഘനം ക്ഷമിച്ചുതരിക യാണ്.

ജീവനുള്ള ദൈവം ചെയ്യുന്ന നന്മ എത്ര വലുതാണ്! എത്ര മനോഹരമാണ്!

അബ്രാഹാം ദൈവസന്നിധിയിൽ വൃക്ഷത്തിൻകീഴിൽ ശുശ്രൂഷിച്ചുകൊണ്ടു നിന്നു. അവർ ഭക്ഷണം കഴിച്ചു. സ്നേഹിതരേ, ദൈവത്തോടൊപ്പം ഇരിക്കാൻ, ക്രിസ്തു വാഴുന്ന രാജ്യത്തിൽ അവനോടൊപ്പം ഇരിക്കാൻ ക്ഷണിക്കപ്പെട്ടവരാണ് നാം എന്ന ബോദ്ധ്യം നിങ്ങൾക്കുണ്ടോ?

*“നിങ്ങളോ അന്ധകാരത്തിൽനിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ സത്ഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു. മുമ്പേ നിങ്ങൾ ജനമല്ലാത്തവർ; ഇപ്പോഴോ ദൈവത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നെ.”*

*1 പത്രോസ് 2 : 9, 10*

എന്താണ് നമ്മുടെ പദവി! നാം ഈ ലോകത്തിന്റെ മായക്കാഴ്ചകളിൽ മുഴുകി നശിച്ചുപോകേണ്ടവരല്ല; ഈ ലോകത്തിന്റെ മ്ലേച്ഛതകളിൽപ്പെട്ട് തകർന്നു പോകേണ്ടവരല്ല; ഈ ലോകത്തിന്റെ അഴുക്കുചാലുകളിൽ കുടുങ്ങി നമ്മുടെ ആയുസ്സ് നശിച്ചുപോകേണ്ടവരല്ല. നാം വിശുദ്ധിയുടെ പ്രവാചകന്മാരായി നിൽക്കേണ്ടവരാണ്. എന്നാൽ നമ്മുടെ ഇന്നത്തെ സ്ഥിതി എന്താണ്? നാം ഇന്നും പാപത്തിന്റെ അടിമത്തത്തിലാണോ?

വൈരാഗ്യത്തിനും പകയ്ക്കും വിദ്വേഷത്തിനും നീരസത്തിനും കയ്പ്പിനും പ്രതികാരചിന്തയ്ക്കും നമ്മുടെ ഹൃദയത്തിൽ ഇടമുണ്ടോ? സ്വാർത്ഥതയും ദ്രവ്യാഗ്രഹവും ഇന്നും നമ്മുടെ ജീവിതത്തെ കൈയടക്കി വച്ചിരിക്കുകയാണോ? എവി

ടെയെല്ലാം പിശാചിന് ഇടമുണ്ട്? സാത്താന് അവകാശം പറയാനുള്ള വിഷയങ്ങൾ എന്തെല്ലാമുണ്ട്?

അതിൽ നിന്നെല്ലാം നിനക്ക് പൂർണ്ണസ്വാതന്ത്ര്യം തരുവാൻ ക്രിസ്തു ക്രൂശിന്മേൽ കെട്ടപ്പെട്ടവനായിത്തീർന്നു. ഇത് വിശ്വസിച്ചുകൊണ്ട് ക്രിസ്തുവിന്റെ പാദപീഠത്തിൽ വന്നാൽ നിങ്ങൾക്ക് മോചനം കിട്ടും. സ്വാതന്ത്ര്യം കിട്ടും. നിങ്ങളുടെ മനസ്സിൽ വലിയൊരു സ്വസ്ഥത കിട്ടും.

ജീവിതത്തിൽ ലഭിക്കാവുന്ന ഏറ്റവും മഹത്തരമായ ഭാഗ്യം എന്റെ കർത്താവ് കഴിഞ്ഞകാല പാപങ്ങളെല്ലാം ക്ഷമിച്ചുതന്നു എന്ന ഉറപ്പാണ്.

ആരേയും നിങ്ങൾ കാണാൻ പോകണ്ട. ആരുടേയും മുമ്പിൽ മുട്ടുകുത്തണ്ട. ആയുസ്സിൽ ഒരുകാരണവശാലും യാതൊരു വിധത്തിലും ഒരു തെറ്റ് എനിക്കു വരികയില്ല എന്ന ഉറപ്പേറിയ നിർണ്ണയം നിങ്ങൾക്കു വരുമോ? എങ്കിൽ, നീ ഭയപ്പെടേണ്ടാ. നിന്റെ ആയുസ്സിൽ പാപം നിന്നെ തൊടാതെ, ദുഷ്ടൻ നിന്നെ സ്പർശിക്കാതെ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കൃപയുടെ അത്ഭുതശക്തി നിന്റേമേൽ ആവസിക്കുകയും നിനക്കു വിജയം തരികയും ചെയ്യും. നിനക്ക് ജയജീവിതം നയിക്കാം. വിശുദ്ധജീവിതം നയിക്കാം. വന്നതെല്ലാം അവൻ ക്ഷമിച്ചുതരും. വിശ്വസിക്കുക. ദൈവത്തിന്റെ കൃപയിൽ ആശ്രയിക്കുക.

*"വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിർത്തിയിരിക്കുന്നു." റോമർ 3 : 25*

*"വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും." യോഹന്നാൻ 11 : 40*

എങ്ങനെ വിശ്വാസം വരും? ഇനിമേൽ ഒരു പാപവും എന്നെ തൊടുകയില്ല എന്ന ഉറപ്പ്. എന്തു ലാഭം കിട്ടുമെന്ന്

വച്ചാലും ശരി, എന്റെ ജീവിതത്തിൽ മനസ്സറിഞ്ഞ് അരുതാത്ത ഒരു കാര്യം സംഭവിക്കയില്ല. ഇത് നിശ്ചയമാണെങ്കിൽ ഭയപ്പെടേണ്ട. നല്ല ധൈര്യമായി ദൈവത്തെ സ്തുതിക്കാം.

കാരണം, ക്രിസ്തുവിന്റെ രക്തം അപ്പോൾ നിന്നെ വന്നു പൊതിയുന്നതും നിന്റെ പാപക്കറകൾ കഴുകുന്നതും നിനക്ക് അനുഭവിക്കാം. അപ്പോഴാണ് പൂർണ്ണമോചനം, ഹൃദയത്തിനു വലിയ സ്വാതന്ത്ര്യം കിട്ടുന്നത്. നിങ്ങളുടെ രോഗങ്ങൾപോലും മാറിപ്പോകും. വേദനകൾ മാറും. സ്വർഗ്ഗത്തിലെ ദൈവം നിങ്ങൾക്ക് സൗഖ്യം തരും, സമാധാനം തരും.

യേശുക്രിസ്തു തരുന്ന സമാധാനം ലോകത്തിനു തരാൻ കഴിയുന്നതല്ല. ലോകത്തിന് എടുത്തുകളയാൻ കഴിയുന്നതുമല്ല. ആ സ്വർഗ്ഗീയശാന്തി നിങ്ങളുടെ ഹൃദയത്തിലേക്ക് കർത്താവ് പ്രവഹിപ്പിച്ചുതരും.

"അബ്രാഹാം വൃക്ഷത്തിൻ കീഴിൽ ശുശ്രൂഷിച്ചു നിന്നു." എല്ലാം തയ്യാറാക്കിയത് സാറയാണല്ലോ. എന്നാൽ ശുശ്രൂഷിച്ചു നിന്നത് അബ്രാഹാമാണ്. അബ്രാഹാമിന് സാറായുടെ അടുക്കൽ നല്ല സ്വാതന്ത്ര്യം; ഭർത്താവിന് ഭാര്യയുടെ അടുക്കൽ നല്ല സ്വാതന്ത്ര്യം.

ഇന്ന് പല കുടുംബങ്ങളിലും ഭർത്താവിനു ഭാര്യയുടെ അടുക്കൽ സ്വാതന്ത്ര്യമില്ല; ഭാര്യയ്ക്ക് ഭർത്താവിന്റെ അടുക്കലും സ്വാതന്ത്ര്യമില്ല. സാറ ഇരുപത്തിനാലു കൊല്ലമായി കാത്തിരിക്കുന്നു. മോനെ കിട്ടിയില്ല. ഇപ്പോൾ വാർദ്ധക്യമായിരിക്കുന്നു. സാറ നിരാശപ്പെട്ടിരിക്കയാണ്. നിരാശപ്പെട്ടിരിക്കുന്ന ഭാര്യയോടു പറഞ്ഞാൽ അവൾ അനുസരിക്കുമോ? ഇതൊന്നും അബ്രാഹാമിന് ചിന്തയില്ല. അബ്രാഹാമിന് ഉറപ്പുണ്ട് ഞാൻ പറഞ്ഞാൽ അവൾ അനുസരിക്കും. അനുഗൃഹീതമായ കുടുംബമാണത്.

ഭാര്യമാരേ, നിങ്ങൾ നിങ്ങളുടെ ഭർത്താവിനെ പൂർണ്ണ

മായി അനുസരിക്കുന്നവരാകുക, കീഴ്പ്പെടുന്നവരാകുക, പൂർണ്ണമായി വിധേയപ്പെടുന്നവരാകുക.

അബ്രാഹാം ബദ്ധപ്പെട്ട് കൂടാരത്തിൽ സാറായുടെ അടുക്കൽ ഓടിച്ചെന്നു. നീ ക്ഷണത്തിൽ മൂന്നിടങ്ങഴി മാവെടുത്ത് കുഴച്ച് അപ്പം ഉണ്ടാക്കുക എന്നുപറഞ്ഞു. നല്ല അനുഗൃഹീതമായ കുടുംബം! ഇവിടെ ഭർത്താവിനു ഭാര്യയുടെ അടുക്കൽ നല്ല സ്വാതന്ത്ര്യം.

സ്നേഹത്തിന്റെ harmony! സ്നേഹത്തിന്റെ ഐക്യം! സ്നേഹത്തിന്റെ ഒരുമ! അത് നിങ്ങളുടെ കുടുംബത്തിൽ ഉണ്ടാകട്ടെ. ഭാര്യയും ഭർത്താവും ഒരുപോലെ സ്നേഹം, ഒരുപോലെ ഐക്യം, ഒരു മനസ്സ്, ഒരു ഹൃദയം, ഒരു ഭാവം, ഒരേ ചിന്താഗതി. അങ്ങനെ വരുമ്പോൾ ആ കുടുംബത്തിൽ മക്കൾക്ക് ഐശ്വര്യമാണ്. മക്കൾ പഠിക്കും, അവരുടെ ബുദ്ധി തെളിയും, അവർക്ക് ഐശ്വര്യകരമായ ഭാവി ലഭിക്കും. അവർ അനുഗൃഹീതരായി മുന്നോട്ടുപോകും.

> *"അബ്രാഹാം ബദ്ധപ്പെട്ട് കൂടാരത്തിൽ സാറായുടെ അടുക്കൽ ചെന്നു: നീ ക്ഷണത്തിൽ മൂന്നിടങ്ങഴി മാവ് എടുത്തു കുഴച്ച് അപ്പം ഉണ്ടാക്കുക എന്നുപറഞ്ഞു. അബ്രാഹാം പശുക്കൂട്ടത്തിൽ ഓടിച്ചെന്നു ഇളയതും നല്ലതുമായ ഒരു കാളക്കുട്ടിയെ പിടിച്ചു ഒരു ബാല്യക്കാരന്റെ പക്കൽ കൊടുത്തു; അവൻ അതിനെ ക്ഷണത്തിൽ പാകം ചെയ്തു."*
>
> *ഉല്പത്തി 18 : 6, 7*

അബ്രാഹാം എല്ലാം ബദ്ധപ്പെട്ടു ചെയ്തു. ഒന്നും നിങ്ങൾ പിന്നെയാകട്ടെ എന്നു വയ്ക്കരുത്. എല്ലാം തിടുക്കത്തോടെ ചെയ്യുക. ചെയ്യാനുള്ള നല്ല കാര്യങ്ങൾ ഏറ്റവും വേഗത്തിൽ ചെയ്യുക. ഒരാൾക്ക് ഒരു സഹായം ചെയ്യണമെന്ന് നിങ്ങൾക്കു തോന്നി എങ്കിൽ ഒട്ടും വൈകരുത്. പിന്നെയാകട്ടെ എന്നു

വയ്ക്കരുത്. ഉടനെ കൊടുത്തുകൊള്ളുക. എല്ലാം തിടുക്കത്തിൽ ചെയ്യുക.

എല്ലാറ്റിനേക്കാളും ഉപരി ക്രിസ്തുവിന്റെ പാദപീഠത്തിങ്കൽ നിങ്ങളെത്തന്നെ സമർപ്പിക്കാൻ ഒട്ടും സംശയിക്കരുത്; ഒട്ടും വൈകരുത്. എല്ലാം ബദ്ധപ്പെട്ടു ചെയ്യുക. നാളെത്തേത് എന്താണെന്ന് നമുക്കറിഞ്ഞുകൂടാ. നാളെ സമർപ്പിക്കാൻ ഒക്കുമോ? നാളെ ശുശ്രൂഷിക്കാൻ ഒക്കുമോ?

നാളെ എന്റെ കർത്താവിനെ ഈ ഭൂമിയിലിരുന്ന് ആരാധിക്കാൻ എനിക്ക് ആരോഗ്യം കിട്ടുമോ? ആയുസ്സ് കിട്ടുമോ? നാമെല്ലാവരും എത്ര ക്ഷണികരാണ്!

നാളെ ഒരു ദിവസം സമർപ്പിക്കാൻ അവസരം കിട്ടിയില്ലെങ്കിലോ? നാളെ ഒരു ദിവസം ആത്മാവിന്റെ വെള്ളച്ചാട്ടം കിട്ടിയില്ലെങ്കിലോ? അതുകൊണ്ട് ഇന്ന് ബദ്ധപ്പെട്ട് ക്രൂശിന്റെ പാദപീഠത്തിൽ നിന്നെത്തന്നെ സമർപ്പിക്കുക.

# അഞ്ച്

*"ആകയാൽ സാറാ ഉള്ളുകൊണ്ടു ചിരിച്ചു: വൃദ്ധയായിരിക്കുന്ന എനിക്കു സുഖഭോഗമുണ്ടാകുമോ? എന്റെ ഭർത്താവും വൃദ്ധനായിരിക്കുന്നു എന്നു പറഞ്ഞു. യഹോവ അബ്രാഹാമിനോട്: വൃദ്ധയായ ഞാൻ പ്രസവിക്കുന്നതു വാസ്തവമോ എന്നു പറഞ്ഞു സാറാ ചിരിച്ചത് എന്ത്? യഹോവയാൽ കഴിയാത്ത കാര്യം ഉണ്ടോ? ഒരു ആണ്ട് കഴിഞ്ഞിട്ട് ഈ സമയമാകുമ്പോൾ ഞാൻ നിന്റെ അടുക്കൽ മടങ്ങിവരും; സാറായ്ക്ക് ഒരു മകൻ ഉണ്ടാകും എന്ന് അരുളിച്ചെയ്തു. സാറാ ഭയപ്പെട്ടു: ഇല്ല, ഞാൻ ചിരിച്ചില്ല എന്നു പറഞ്ഞു. അങ്ങനെയല്ല, നീ ചിരിച്ചു എന്ന് അവൻ അരുളിച്ചെയ്തു."*

*ഉല്പത്തി 18 : 12 – 15*

അബ്രാഹാമിന്റെ സമർപ്പണങ്ങളെല്ലാം ദൈവം കൈക്കൊണ്ടു. അബ്രാഹാമിന്റെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നുള്ള നന്ദിയുടെ സമർപ്പണങ്ങൾ കർത്താവ് സ്വീകരിച്ചു, കർത്താവ് അംഗീകരിച്ചു. കർത്താവ് സന്തോഷത്തോടെ അബ്രാഹാമിനോട് തന്റെ വാഗ്ദത്തം നിവർത്തിക്കുന്ന കാര്യം അരുളിച്ചെയ്യുകയാണ്.

*"ഒരു ആണ്ടു കഴിഞ്ഞിട്ടു ഞാൻ നിന്റെ അടുക്കൽ മടങ്ങിവരും; അപ്പോൾ നിന്റെ ഭാര്യ സാറയ്ക്ക് ഒരു മകൻ ഉണ്ടാകും എന്ന് അവൻ പറഞ്ഞു"*

*ഉല്പത്തി 18 : 10*

ജീവനുള്ള ദൈവം അബ്രാഹാമിന് 75-ാമത്തെ വയസ്സിൽ കൊടുത്ത വാഗ്ദത്തം ഇപ്പോൾ ആവർത്തിച്ചു പറയുകയാണ്. സന്തോഷത്തോടെ, വിനയത്തോടെ, വളരെ താഴ്മയോടെ, അനുസരണ ഭാവത്തോടെ, ദൈവത്തിന്റെ പരമശക്തിയിലുള്ള വിശ്വാസത്തോടെ അബ്രാഹാം നിന്നു.

> *"ദൈവം പിന്നെയും അബ്രാഹാമിനോട്: നിന്റെ ഭാര്യയായ സാറായിയെ സാറായി എന്നല്ല വിളിക്കേണ്ടത്; അവളുടെ പേർ സാറാ എന്ന് ഇരിക്കേണം. ഞാൻ അവളെ അനുഗ്രഹിച്ച് അവളിൽ നിന്നു നിനക്ക് ഒരു മകനെ തരും; ഞാൻ അവളെ അനുഗ്രഹിക്കയും അവൾ ജാതികൾക്കു മാതാവായിത്തീരുകയും ജാതികളുടെ രാജാക്കന്മാർ അവളിൽനിന്ന് ഉത്ഭവിക്കയും ചെയ്യും എന്ന് അരുളിച്ചെയ്തു. അപ്പോൾ അബ്രാഹാം കവിണ്ണുവീണു ചിരിച്ചു: നൂറുവയസ്സുള്ളവനു മകൻ ജനിക്കുമോ? തൊണ്ണൂറുവയസ്സുള്ള സാറാ പ്രസവിക്കുമോ? എന്നു തന്റെ ഹൃദയത്തിൽ പറഞ്ഞു. യിശ്മായേൽ നിന്റെ മുമ്പാകെ ജീവിച്ചിരുന്നാൽ മതി എന്ന് അബ്രാഹാം ദൈവത്തോട് പറഞ്ഞു. അതിനു ദൈവം അരുളിച്ചെയ്തത്: അല്ല, നിന്റെ ഭാര്യയായ സാറാ തന്നെ നിനക്കൊരു മകനെ പ്രസവിക്കും; നീ അവന് യിസ്ഹാക് എന്നു പേരിടേണം; ഞാൻ അവനോടും അവന്റെ ശേഷം അവന്റെ സന്തതിയോടും എന്റെ നിയമത്തെ നിത്യനിയമമായി ഉറപ്പിക്കും."* *ഉല്പത്തി 17 : 15 – 19*

അബ്രാഹാം കവിണ്ണുവീണു ചിരിച്ചു. അബ്രാഹാമിന്റെ നന്ദിയുടെ, ആഹ്ലാദത്തിന്റെ ചിരിയാണത്. ദൈവം വാഗ്ദത്തം ചെയ്തതു നിവർത്തിപ്പാൻ ശക്തനാണെന്ന് അബ്രാഹാമിനറിയാം. അനുഭവങ്ങൾ അങ്ങനെ അബ്രാഹാമിനെ പഠിപ്പിച്ചിട്ടുണ്ട്. നൂറുവയസ്സുള്ള എനിക്ക് മകൻ ജനിക്കുമോ? തൊണ്ണൂറു വയ

സ്സുള്ള സാറാ പ്രസവിക്കുമോ? ദാസിയുടെ മകനായ യിശ്മായേൽ ജീവിച്ചിരുന്നാൽ മതി എന്നാണ് അബ്രാഹാം ദൈവത്തോട് പറഞ്ഞത്. "അല്ല സാറാ തന്നെ നിനക്ക് ഒരു മകനെ പ്രസവിക്കും. അവന് യിസ്ഹാക്ക് എന്ന് പേരിടേണം." എത്ര കൃത്യമായിട്ടാണ് ദൈവം ഇത് പറയുന്നത്.

ദൈവം ഒരു വാക്കു പറഞ്ഞാൽ മാറുകയില്ല. പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് സ്വർഗ്ഗത്തിലെ ദൈവം എന്തെങ്കിലും വാഗ്ദത്തം തന്നിട്ടുണ്ടോ? ആ വാഗ്ദത്ത വചനങ്ങളെ മുറുകെ പിടിച്ചുകൊണ്ടു നിങ്ങൾ പിന്നേയും പിന്നേയും പ്രാർത്ഥിക്കണം. "നിന്റെ ദാസനു നിന്റെ ശക്തി തന്ന്, നിന്റെ ദാസിയുടെ പുത്രനെ രക്ഷിക്കേണമേ. എന്നെ പകയ്ക്കുന്നവർ കണ്ടു ലജ്ജിക്കേണ്ടതിനു നന്മയ്ക്കായി ഒരു അടയാളം എനിക്കു തരേണമേ," എന്ന് മുട്ടിപ്പായി പ്രാർത്ഥിക്കണം.

കർത്താവേ, നിന്റെ വചനം ഇങ്ങനെയുണ്ട്. നീ എന്നോടു നേരിട്ടു സംസാരിച്ചതാണ്. നിന്റെ വചനത്തിൽ നിന്ന് നീ മാറുകയില്ല. നീ വാഗ്ദത്തങ്ങളിൽ വിശ്വസ്തനാണ്. നീ എന്നോടു വാക്കു പറഞ്ഞതാണ്. പലപ്പോഴും നിന്നോടു പറഞ്ഞ വാക്കു ഞാൻ മാറിയിട്ടുണ്ട്. പക്ഷേ, കർത്താവേ, നീ നിന്റെ വാക്കു മാറുന്നവനല്ല. എനിക്കു തന്ന വാഗ്ദത്തം നിവർത്തിപ്പാൻ നീ ശക്തനാണ്.

അബ്രാഹാം നന്ദിയോടെ ദൈവത്തെ നമസ്ക്കരിച്ചു; കവിണ്ണുവീണു ചിരിച്ചു. സന്തോഷംകൊണ്ടു നമസ്ക്കാരം ചെയ്തു. സന്തോഷംകൊണ്ട് സാഷ്ടാംഗപ്രണാമം ചെയ്തു. സന്തോഷം കൊണ്ട് ദൈവമുമ്പാകെ വീണു. അബ്രാഹാം ചിരിച്ചു. നന്ദിയുടെ, സന്തോഷത്തിന്റെ സ്തുതിയാണത്.

എന്നാൽ അബ്രാഹാം ചിരിച്ചതുപോലെയല്ല സാറ ചിരിച്ചത്.

> *"ആകയാൽ സാറാ ഉള്ളുകൊണ്ട് ചിരിച്ചു: വൃദ്ധയായിരിക്കുന്ന എനിക്കു സുഖഭോഗമുണ്ടാ*

*കുമോ? എന്റെ ഭർത്താവും വൃദ്ധനായിരിക്കുന്നു എന്നു പറഞ്ഞു.”* *ഉല്പത്തി 18 : 12*

പുതിയ നിയമത്തിലേക്കു വരുമ്പോൾ ഇതുപോലുള്ളൊരു സംഭവം നാം കാണുന്നുണ്ട്. ലൂക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായത്തിൽ എലിസബെത്തിന്റെ ഭർത്താവായ സെഖര്യാവ് ദൈവത്തിന്റെ വചനം കേട്ടപ്പോൾ സംശയിച്ചു. സെഖര്യാവ് അവിശ്വസിച്ചു. ദൈവം സെഖര്യാവിന് ശിക്ഷണം കൊടുത്തു. സെഖര്യാവ് പുരോഹിതനാണ്. സെഖര്യാവ് ഉന്നതനായ വ്യക്തിയാണ്; ദൈവസന്നിധിയിൽ ശുശ്രൂഷ ചെയ്യുന്ന വ്യക്തിയാണ്. പക്ഷേ, ആ സെഖര്യാവ് അവിശ്വസിച്ചുപോയി.

*“സെഖര്യാവ് ദൂതനോട്: ഇതു ഞാൻ എന്തോന്നിനാൽ അറിയും? ഞാൻ വൃദ്ധനും എന്റെ ഭാര്യ വയസ്സുചെന്നവളുമല്ലോ എന്നു പറഞ്ഞു.”*

*ലൂക്കോസ് 1 : 18*

തനിക്ക് ഒരു മകൻ ഉണ്ടാകും എന്നു പറഞ്ഞ ആത്മാവിന്റെ ശബ്ദം കേട്ടപ്പോൾ, ദൂതൻ സംസാരിച്ച വചനം കേട്ടപ്പോൾ സെഖര്യാവ് സംശയിച്ചു. സെഖര്യാവിനറിയാം എലിസബത്ത് മച്ചിയാണ്, വയസ്സു ചെന്നവളായി, പ്രതീക്ഷക്കു വകയില്ല എന്ന്. അതുകൊണ്ട് ദൈവത്തിന്റെ വചനം കേട്ടപ്പോൾ സെഖര്യാവ് ചോദിക്കുകയാണ്: ഇതു ഞാൻ എന്തൊന്നിനാൽ അറിയും?

*“തക്കസമയത്തു നിവൃത്തി വരുവാനുള്ള എന്റെ ഈ വാക്കു വിശ്വസിക്കായ്കകൊണ്ട് അതു സംഭവിക്കുംവരെ നീ സംസാരിപ്പാൻ കഴിയാതെ മൗനമായിരിക്കും എന്ന് ഉത്തരം പറഞ്ഞു.”*

*ലൂക്കോസ് 1 : 20*

ദൈവം പറഞ്ഞതു വിശ്വസിക്കായ്കകൊണ്ട് അതിനുള്ള ശിക്ഷ വരികയാണ്: “ഇതു സംഭവിക്കുന്നത് നേരിട്ടു കണ്ടിട്ടേ നീ ഇനി സംസാരിക്കൂ. നീ മൗനമായിരിക്കും. നീ ഊമനായിരി

ക്കും. ദൈവത്തോട് അവിശ്വാസത്തോടെ സംസാരിപ്പാൻ നീ ഒരുമ്പെട്ടുവല്ലോ. ദൈവത്തിന്റെ വചനത്തെ അവിശ്വസിപ്പാൻ നീ ധൈര്യപ്പെട്ടുവല്ലോ. ഇനി നീ സംസാരിക്കണ്ട. നേരിട്ടു കണ്ടിട്ട്, നേരിട്ട് അനുഭവിച്ചിട്ട് നീ മിണ്ടിയാൽ മതി."

എന്നാൽ ഗബ്രിയേൽ ദൂതൻ തന്നെ കന്യകമാതാവിനു പ്രത്യക്ഷപ്പെട്ടിട്ട് മറിയാമിനോടു പറഞ്ഞു: "നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും; അവന് യേശു എന്നു പേർ വിളി ക്കേണം. അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും." അപ്പോൾ കന്യകമറിയാം അമ്പരന്നു പോയി. കന്യകമറിയാമിനു മനസ്സിലാകുന്നില്ല. അറിവില്ലായ്മ കൊണ്ട് കന്യകമറിയാം പറയുകയാണ്.

> *"ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും എന്നു പറഞ്ഞു"*
>
> *ലൂക്കോസ് 1 : 34*

ഇത് എങ്ങനെ സംഭവിക്കും? പുരുഷസ്പർശം ഏൽക്കാത്ത ഒരു കന്യകയാണു ഞാൻ. അപ്പോൾ മാലാഖ പറയുകയാണ്:

> *"പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും; ആകയാൽ ഉത്ഭവി ക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്ക പ്പെടും. നിന്റെ ചാർച്ചക്കാരത്തി എലീശബെത്തും വാർദ്ധക്യത്തിൽ ഒരു മകനെ ഗർഭം ധരിച്ചിരിക്കു ന്നു; മച്ചി എന്നു പറഞ്ഞുവന്നവൾക്ക് ഇത് ആറാം മാസം. ദൈവത്തിന് ഒരു കാര്യവും അസാധ്യമ ല്ലല്ലോ എന്ന് ഉത്തരം പറഞ്ഞു."*
>
> *ലൂക്കോസ് 1 : 35 – 37*

അജ്ഞതകൊണ്ടാണ് മറിയാം അങ്ങനെ പറഞ്ഞത്. മറിയാം അജ്ഞതകൊണ്ടു പറഞ്ഞെങ്കിൽ സെഖര്യാവു പറ ഞ്ഞത് അവിശ്വാസം കൊണ്ടാണ്. അവിശ്വാസത്തിനു ശിക്ഷ കിട്ടി. അജ്ഞതക്കു ശിക്ഷയില്ല. അറിവില്ലായ്മകൊണ്ട് അങ്ങനെ

സംഭവിച്ചുപോയി.

അതുകൊണ്ടാണു പിൽക്കാലത്ത് സെന്റ് പോൾ ആഥൻസിൽ ചെന്ന് പ്രസംഗിച്ചത്:

*"എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് മനുഷ്യരോട് കല്പിക്കുന്നു." അപ്പൊ. പ്രവൃത്തികൾ 17 : 30*

അറിവില്ലായ്മയുടെ കാലങ്ങളെ ദൈവം കണക്കിടുകയില്ല. അറിവില്ലാതെ പലതും ചെയ്തുപോയി. അറിവില്ലാതെ പലകാര്യങ്ങളിലും ഇടപെട്ടുപോയി. അറിവില്ലാതെ പലതും സംസാരിച്ചുപോയി; പലപല അപകടങ്ങളിൽ പെട്ടുപോയി. അറിയായ്മയുടെ കാലങ്ങളെ ദൈവം കണക്കിടാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണമെന്ന് ദൈവം മനുഷ്യരോട് കല്പിക്കുന്നു. പ്രിയമുള്ളവരേ, ദൈവം സ്നേഹം മാത്രമാണ്.

അബ്രാഹാം നന്ദികൊണ്ട്, സന്തോഷംകൊണ്ട്, ആഹ്ലാദംകൊണ്ട് ദൈവത്തെ സ്തുതിച്ചു. എന്നാൽ സാറാ ചിരിച്ചത് അങ്ങനെയല്ല. സാറാ ഉള്ളത്തിൽ അവിശ്വാസംകൊണ്ടു ചിരിച്ചു.

ഇവിടെ ദൈവം സാറയെ ശിക്ഷിക്കുന്നില്ല. അവിശ്വാസംകൊണ്ടാണ് സാറ അങ്ങനെ പറഞ്ഞത്. പക്ഷേ, സാറയ്ക്ക് വചനം കൊടുത്ത് അവളെ ഉറപ്പിക്കുകയാണ്. കാരണം, അവിടെ ഒരു അബ്രാഹാം വിശ്വാസിയായിട്ടുണ്ട്. വിശ്വാസിയായി ഭർത്താവ് ഉറച്ചു നില്ക്കുന്നതുകൊണ്ട് ഭാര്യയുടെ പാകപ്പിഴ സ്വർഗ്ഗത്തിലെ ദൈവം കരുണയോടെ ക്ഷമിക്കുകയാണ്.

നമ്മുടെ ഓരോരുത്തരുടേയും പദവി എന്താണ്? ഒരു കുടുംബത്തിൽ ഒരാൾ വിശ്വാസിയായി നിന്നാൽ മറ്റുള്ളവരുടെ അവിശ്വാസത്തിന് ഒരു പോക്കുവഴി കിട്ടും. നിങ്ങൾ ഒറ്റയ്ക്കൊരാൾ വിശ്വാസവീരനായി നില്ക്കുമോ? വിശ്വാസത്തിന്റെ

സ്ഥിരതയിൽ നില്ക്കുമോ? എന്നാൽ സ്വർഗ്ഗത്തിലെ ദൈവം നിന്റെ പ്രിയപ്പെട്ടവരുടെ അവിശ്വാസത്തെ ക്ഷമിക്കുകയും അത്ഭുതങ്ങൾ നിന്റെ കുടുംബത്തിലും നിന്റെ ജീവിതത്തിലും വരുത്തിത്തരികയും ചെയ്യും!

എന്റെ മോൻ ശരിയാകുന്നില്ല, അവൻ നേർവഴിക്കു വരുന്നില്ല, എന്റെ മോൾ വഴിതെറ്റി പോകുന്നു, അവരെല്ലാം ജീവിതം ഉഴപ്പി കളയുന്നല്ലോ. മക്കളെല്ലാം ഒരു സുബോധമില്ലാത്തതു പോലെ പെരുമാറുന്നല്ലോ, എന്റെ ദൈവമേ, എന്റെ കുടുംബത്തിൽ സമാധാനമില്ലല്ലോ ഞാൻ എന്തുവേണ്ടൂ എന്ന് നിങ്ങളിൽ പലരും വിഷമിക്കുന്നവരാണ്; ഭാരപ്പെടുന്നവരാണ്. എന്നാൽ ഭാരപ്പെടുന്നതിനുപകരം നിങ്ങൾ ഒരാൾ ഉറച്ചു നിൽക്കൂ. ഭാരമെല്ലാം ഗോഗുൽത്തായിലെ കുരിശിലേക്ക് ഏൽപ്പിച്ചുകൊടുക്കൂ. കർത്താവായ യേശുവിന്റെ പാദത്തിലേക്ക് വിട്ടുകൊടുക്കൂ. അവിടെ അർപ്പണം ചെയ്തിട്ട് നിങ്ങൾ ദൈവത്തെ സ്തുതിക്കൂ.

എന്റെ കർത്താവേ, ഈ പ്രശ്നങ്ങൾ എന്റെ കുടുംബത്തിൽ വന്നിരിക്കുന്നതിൽക്കൂടിയുള്ള നന്മ എന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. എന്നെ നീ കഴുകണമേ, എന്നെ നീ ശുദ്ധീകരിക്കണമേ, ഇനിയും എന്നെ രൂപാന്തരപ്പെടുത്തണമേ എന്ന് നിങ്ങൾ പ്രാർത്ഥിക്കൂ.

കർത്താവേ, എന്റെ ഭാര്യ ഒരു വിശ്വാസിയല്ല. അതിൽക്കൂടി ഞാൻ ഭാര്യയുടെ കുറ്റം കാണുകയല്ല, എന്റെ കുറ്റം എന്താണെന്ന് കണ്ടുപിടിക്കുകയാണ്. എനിക്കു തിരുത്താൻ എന്തുണ്ട് എന്നു ഞാൻ നോക്കുകയാണ്. കർത്താവേ, ഇനിയും നീ എന്നെ കഴുകണമേ. എന്റെ കോപശീലം മാറ്റിത്തരണമേ; എന്റെ വാശിയും പിണക്കവും മാറ്റിത്തരണമേ. എന്റെ വൈരാഗ്യസ്വഭാവം മാറ്റിത്തരണമേ.

എന്റെ കടുംപിടുത്തവും ദുശ്ശാഠ്യവും മാറ്റിത്തരണമേ. എന്റെ ഹൃദയത്തിൽ ഇന്നുമുള്ള ലോകസ്നേഹം മാറ്റിത്തര

ണമേ. ഞാൻ ഇനിയും രൂപാന്തരപ്പെടേണ്ടിയിരിക്കുന്നു. ഞാൻ രൂപാന്തരപ്പെടാതെ എന്റെ ഭാര്യയിൽ മാറ്റം വരികയില്ല. ഞാൻ രൂപാന്തരപ്പെടാതെ എന്റെ ഭർത്താവിൽ സ്വഭാവ വ്യതിയാനം വരികയില്ല. ഞാനൊരാൾ മാറാതെ എന്റെ മക്കൾക്ക് ഇനിയും മാറ്റം വരികയില്ല. കർത്താവേ, എന്നെ നീ രൂപാന്തരപ്പെടുത്ത ണമേ.

ഇങ്ങനെ നിങ്ങൾ ദൈവസന്നിധിയിൽ ഉപവാസത്തോടി രുന്നു പ്രാർത്ഥിക്കണം. അപ്പോൾ നിങ്ങൾ ഒരാളിൽ ഊന്നി നിന്നുകൊണ്ട് സ്വർഗ്ഗത്തിലെ ദൈവം നിങ്ങളുടെ വീട്ടിലുള്ളവ രോട് ഇടപെടും. നിങ്ങളിൽ നിന്നുകൊണ്ട് ദൈവം ചില അത്ഭു തങ്ങൾ പ്രവർത്തിക്കും.

ജീവനുള്ള ദൈവത്തിന്റെ സന്നിധിയിൽ ഞാൻ ഒരാൾ വിശ്വസ്തനായി നിൽക്കും എന്നു തീരുമാനിക്കുക. ഉള്ളം കൊണ്ടാണു സാറാ ചിരിച്ചതെങ്കിലും ദൈവം അറിഞ്ഞു. സ്വർഗ്ഗത്തിലെ ദൈവം കണ്ടു. എല്ലാം കാണുന്നവൻ! ഹൃദയ ത്തിലെ ചിന്തനങ്ങളെ അറിയുന്നവൻ!

ഞാൻ ചിരിച്ചില്ല എന്നു സാറാ പറഞ്ഞു. അങ്ങനെ അല്ല, നീ ചിരിച്ചു എന്നു ദൈവം പറഞ്ഞു. സാറാ അകത്ത് വാതില്ക്കൽ മറഞ്ഞു നില്ക്കുകയാണ്. പക്ഷേ, അവൾ ഉള്ളംകൊണ്ട് സംശയിച്ച് അല്പം പരിഹാസഭാവത്തോടെ ചിരിച്ചത് സ്വർഗ്ഗത്തിലെ ദൈവം കണ്ടിരിക്കുന്നു. നിന്റെ ഹൃദയ ത്തിലൂടെ പോകുന്ന ചിന്തനങ്ങളെ സ്വർഗ്ഗത്തിലെ ദൈവം കാണുന്നു.

> *“ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമു ള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെ ക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാ വിനെയും സന്ധിമജ്ജകളെയും വേറുവിടുവി ക്കുംവരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കു*

*ന്നതും ആകുന്നു." എബ്രായർ 4 : 12*

*"അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന്നു നഗ്നവും മലർന്നതുമായി കിടക്കുന്നു." എബ്രായർ 4 : 13*

*"നീതിമാനായ ദൈവം ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നുവല്ലോ."*
*സങ്കീർത്തനങ്ങൾ 7 : 9*

*"ഞാൻ ഉൾപ്പൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ എന്ന് സകല സഭകളും അറിയും"*
*വെളിപ്പാട് 2 : 23*

ദൈവത്തിന് അറിവില്ലാത്ത ഒന്നുമില്ല. ഹൃദയത്തിലെ ചിന്തകളെ ദൈവം കാണുന്നു. മനസ്സിലെ ഭാവങ്ങളെ ദൈവം കാണുന്നു. മനസ്സിലെ നിരൂപണങ്ങളെ ദൈവം അറിയുന്നു. നമ്മുടെ ചിന്താഗതികളിൽ വരുന്ന മാറ്റം ദൈവം കാണുന്നു. സ്വർഗ്ഗത്തിലെ ദൈവം എല്ലാം കാണുന്നു.

ഇപ്പോൾ ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെ കാണുകയാണ്. നിങ്ങളുടെ ഹൃദയം കാണുകയാണ്. അവൻ നിങ്ങളുടെ അവസ്ഥ അറിയുകയാണ്. അവന് നിങ്ങളോടു സഹതാപമാണ്, നിങ്ങളോടു സ്നേഹമാണ്.

നിങ്ങളുടെ ഹൃദയത്തിൽ ഇതുവരെ വന്നുപോയ പാകപ്പിഴകൾ ദൈവം ക്ഷമിക്കാൻ തയ്യാറാണ്. നിങ്ങളുടെ ഹൃദയത്തിൽ വന്നുപോയ അവിശ്വാസങ്ങൾ പൊറുത്തുതരാൻ ദൈവം കരുണയുള്ളവനാണ്. നാളിതുവരെ നിങ്ങളുടെ ജീവിതത്തിൽ എന്തെല്ലാം പാപങ്ങൾ വന്നെങ്കിലും എല്ലാം തന്റെ തിരുവിലാവു പൊട്ടിയൊഴുകിയ തിരുരക്തത്തിൽ കഴുകിത്തരാൻ അവിടുന്നു മനസ്സലിവുള്ളവനാണ്.

ഏതെല്ലാം പാപങ്ങൾ, എന്തെല്ലാം അവിശ്വാസ ചിന്തകൾ

നിങ്ങൾക്കു വന്നുവോ, ഏതെല്ലാം മലിന മോഹങ്ങളിൽ നിങ്ങൾ കുടുങ്ങിയോ, എത്ര നിഷ്ഠൂര പ്രവൃത്തികളിൽ നിങ്ങൾ മുഴുകിയോ, എല്ലാം കഴുകി വിശുദ്ധീകരിച്ച് നിങ്ങളെ തന്റെ സന്നിധിയിൽ ചേർത്തുകൊള്ളുവാൻ സ്വർഗ്ഗത്തിലെ ദൈവത്തിനു മനസ്സാണ്.

ആ കരുണാമയനായ യേശുവിനെ നിങ്ങൾ വിളിക്കുക. അവനിതാ നിങ്ങളുടെ അരികത്തു വന്നു നിൽക്കുന്നു. അവ നോടു പറയുക: യേശുവേ, എന്റെ ഹൃദയം കാണുന്നവനേ, എന്റെ ആഗ്രഹങ്ങൾ അറിയുന്നവനേ, എന്റെ മനസ്സിലെ ചിന്ത കളെ കാണുന്നവനേ, എന്റെ വേദനകൾ അറിയുന്നവനേ, എന്റെ കണ്ണുനീർ കാണുന്നവനേ, ഇപ്പോൾ നീ എന്നോടു മന സ്സലിഞ്ഞ് നിന്റെ തൃക്കരം എന്റെ മേൽ ഒന്നു വയ്ക്കണമേ. എന്നെ അനുഗ്രഹിക്കണമേ. എല്ലാ നന്മകളാലും എന്നെ നിറ ക്കണമേ.

# ആറ്

*"അപ്പോൾ യഹോവ അരുളിച്ചെയ്തത്: ഞാൻ ചെയ്‌വാനിരിക്കുന്നത് അബ്രാഹാമിനോടു മറച്ചു വയ്ക്കുമോ? അബ്രാഹാം വലിയതും ബലമുള്ള തുമായ ജാതിയായി തീരുകയും അവനിൽ ഭൂമി യിലെ ജാതികളൊക്കെയും അനുഗ്രഹിക്കപ്പെടു കയും ചെയ്യുമല്ലോ. യഹോവ അബ്രാഹാമിനെ ക്കുറിച്ചു അരുളിച്ചെയ്തത് അവന് നിവൃത്തിച്ചു കൊടുപ്പാൻ തക്കവണ്ണം അബ്രാഹാം തന്റെ മക്ക ളോടും തനിക്കു പിമ്പുള്ള കുടുംബത്തോടും നീതിയും ന്യായവും പ്രവൃത്തിച്ചുകൊണ്ടു യഹോ വയുടെ വഴിയിൽ നടപ്പാൻ കല്പിക്കേണ്ടതിന് ഞാൻ അവനെ തിരഞ്ഞെടുത്തിരിക്കുന്നു"*

*ഉല്പത്തി 18 : 17 – 19*

*"അബ്രാഹാം ദൈവത്തെ വിശ്വസിക്കയും അത് അവന് നീതിയായി കണക്കിടുകയും ചെയ്തു എന്നുള്ള തിരുവെഴുത്ത് നിവൃത്തിയായി അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു പേർ പ്രാപിച്ചു."* *യാക്കോബ് 2 : 23*

ദൈവത്തിന്റെ സ്നേഹിതൻ എന്ന് അബ്രാഹാം പേർ പ്രാപിച്ചു. ഞാൻ ചെയ്‌വാനിരിക്കുന്നത് എന്റെ സ്നേഹിത നായ അബ്രാഹാമിനോട് ഞാൻ മറച്ചു വയ്ക്കുമോ? അബ്രാഹാം, ദൈവത്തിന്റെ സ്നേഹിതനായിരുന്നു. ദാനീയേൽ, ദൈവ ത്തിന്റെ പ്രിയ പുരുഷനായിരുന്നു. ദാവീദ്, ദൈവത്തിന്റെ

ഹൃദയപ്രകാരമുള്ള മനുഷ്യനായിരുന്നു. മോശ, യഹോവയുടെ വിശ്വസ്തനായ പുരുഷനായിരുന്നു. ഏറ്റവും സൗമ്യതയുള്ള പുരുഷൻ!

ജീവനുള്ള ദൈവം തന്റെ പ്രിയപ്പെട്ടവർക്കുവേണ്ടി ഒരുക്കിയിരിക്കുന്ന പദവി എന്താണ്? എത്ര ഉന്നതമായ പദവിയാണ് അബ്രാഹാമിനു ദൈവം കൊടുത്തത്! വിശ്വാസവീരനായ അബ്രാഹാമിനു ദൈവം കൊടുത്ത പദവി, 'എന്റെ സ്നേഹിതൻ' എന്നാണ്.

> *"നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്കു സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തിരഞ്ഞെടുത്തതുകൊണ്ട് ലോകം നിങ്ങളെ പകയ്ക്കുന്നു."* *യോഹന്നാൻ 15 : 19*

ദൈവത്തിന്റെ സ്നേഹിതനാകുവാൻ ദൈവം നമ്മെ തിരഞ്ഞെടുത്തിരിക്കുന്നു. ദൈവത്തിന്റെ സ്നേഹിതൻ എന്ന സ്വർഗ്ഗീയമായ പദവിയാണ് ദൈവം നമുക്കു തന്നിരിക്കുന്നത്.

> *"യജമാനൻ ചെയ്യുന്നത് ദാസൻ അറിയായ്കകൊണ്ടു ഞാൻ നിങ്ങളെ ദാസന്മാർ എന്ന് ഇനി പറയുന്നില്ല; ഞാൻ എന്റെ പിതാവിനോട് കേട്ടത് എല്ലാം നിങ്ങളോട് അറിയിച്ചതുകൊണ്ട് നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു."*
>
> *യോഹന്നാൻ 15 : 15*

യജമാനൻ ചെയ്യുന്നത് എല്ലാം ദാസൻ അറിയുന്നില്ല. എന്റെ പിതാവിനോട് ഞാൻ കേട്ട കാര്യങ്ങളുണ്ട്. എന്റെ പിതാവിന്റെ സന്നിധിയിൽ നിന്ന് എനിക്കു ലഭിച്ച കാര്യങ്ങളുണ്ട്. ഞാൻ എന്റെ പിതാവിനോട് കേട്ടതെല്ലാം നിങ്ങളെ അറിയിച്ചതുകൊണ്ട് നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു. ദൈവിക രഹസ്യങ്ങൾ തന്റെ പ്രിയപ്പെട്ടവർക്കു ദൈവം

കൊടുക്കുകയാണ്. വരാനിരിക്കുന്ന കാര്യങ്ങൾ, സംഭവിക്കാൻ പോകുന്നത് തന്റെ മക്കൾക്കു വെളിപ്പെടുത്തിക്കൊടുക്കുകയാണ്. സ്നേഹിതന്മാരായതുകൊണ്ട് അവരെക്കുറിച്ചു കർത്താവ് പറയുന്നു:

*"നിങ്ങൾ എന്നെ തിരഞ്ഞെടുത്തു എന്നല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനില്ക്കേണ്ടതിനും നിങ്ങളെ ആക്കിവച്ചുമിരിക്കുന്നു; നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരുവാനായിട്ടു തന്നെ." യോഹന്നാൻ 15 : 16*

ഞാൻ പിതാവിനോടു കേട്ടതെല്ലാം നിങ്ങളെ അറിയിച്ചില്ലേ? ഇനി നിങ്ങൾ എന്നോട് അപേക്ഷിച്ചുകൊള്ളൂ. എല്ലാം തരാം. സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും വലിയ സ്നേഹമില്ല. നിങ്ങൾക്കുവേണ്ടി ജീവനെ തരാൻ ഞാൻ തയ്യാറാണ്. നിങ്ങളെ ഞാൻ അതിയായി സ്നേഹിക്കുന്നു. നിങ്ങളെ ദാസന്മാർ എന്ന് ഇനി പറയുന്നില്ല.

നീ ഇന്നു പാപത്തിന്റെ ഇമ്പങ്ങളിൽ മുഴുകി ജീവിക്കുകയാണ്. എന്നാൽ ദൈവം നിന്നെ തിരഞ്ഞെടുത്തിരിക്കുന്നത് സ്നേഹിതനായിട്ടാണ്. മോളേ, നീ ഇന്ന് പരിഭവിച്ചും പിറുപിറുത്തും പ്രാകിയും നിരാശപ്പെട്ടും മുഖം വാടിയും മരിച്ചാൽ മതി എന്നോർത്തു കഴിയുന്നു. എന്നാൽ ദൈവം നിന്നെ ദൈവത്തിന്റെ സ്നേഹിതൻ എന്ന പദവിയിൽ തിരഞ്ഞെടുത്തിരിക്കുന്നു. അപ്പൊസ്തലനായ പൗലോസ് പറയുന്നു:

*"ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു. നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന് ദാസ്യത്തിന്റെ ആത്മാവിനെ അല്ല, നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചത്"*

*റോമർ 8 : 14, 15*

മക്കൾ എന്ന അവകാശം നമുക്ക് ലഭിച്ചിരിക്കുകയാണ്. ദാസൻ, സ്നേഹിതൻ, മക്കൾ! എന്ത് ഉന്നതമായ പദവിയാണ്! മക്കൾ ആണെങ്കിൽ അപ്പന്റെ സ്വത്തിന്റെ അവകാശികളാണ്. ദൈവത്തിന്റെ ദാസനാകുക, ദൈവത്തിന്റെ ശിഷ്യനാകുക, ദൈവത്തിന്റെ സ്നേഹിതനാകുക, ദൈവത്തിന്റെ മകനാകുക!

ആദ്യജാതൻ കർത്താവായ യേശു; നാമെല്ലാം പിന്നീടുള്ള മക്കൾ. ജ്യേഷ്ഠസഹോദരൻ കർത്താവായ യേശു, നാമെല്ലാം പിന്നീടുള്ള സഹോദരന്മാർ.

*"ദൈവത്തിന്റെ മക്കൾ എന്ന് ആത്മാവു താനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യം പറയുന്നു. നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു. ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിനു കൂട്ടവകാശികളും തന്നേ."* *റോമർ 8 : 16, 17*

ദൈവത്തിന്റെ സ്വത്തിന്റെ അവകാശം നമുക്കുണ്ട്. നാം നിത്യനായ ദൈവത്തിന്റെ അവകാശികളാണ്, ക്രിസ്തുവിന്റെ കൂട്ടവകാശികളാണ്. ക്രിസ്തു അപ്പന്റെ മകനായി അവകാശം പ്രാപിച്ചതുപോലെ നാമും ദൈവത്തിന്റെ മക്കളായി അവകാശം പ്രാപിക്കുന്നു. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ സമ്പത്ത് നാം ഈ ഭൂമിയിൽ ജീവിക്കുമ്പോൾ നമുക്കു ദൈവം തരുന്ന ദൈവത്തിന്റെ സ്നേഹമാണ്.

ജീവനുള്ള ദൈവത്തിന്റെ സമ്പത്ത് ഈ ഭൂമിയിലെ സമ്പത്തല്ല, ഈ ഭൂമിയിലെ നിലം പുരയിടങ്ങളല്ല, ഈ ഭൂമിയിലെ തല ചായ്പ്പാനുള്ള വീടല്ല, ഈ ഭൂമിയിൽ കഴിക്കുവാൻ ഊണരിയല്ല. ഉടുക്കാൻ ഉടുമുണ്ടല്ല. ദൈവത്തിന്റെ സമ്പത്ത് കരുണയുള്ള കർത്താവ് കാണിച്ചു തന്ന ക്രൂശിലെ സ്നേഹമാണ്. സകലവും വിട്ടുവീഴ്ച ചെയ്യുന്ന ക്രൂശിലെ സ്നേഹം! ഈ സമ്പത്ത് നിങ്ങൾക്കു ലഭിച്ചുവോ?

കർത്താവായ യേശുവിന്റെ വിശുദ്ധി, കർത്താവായ യേശുവിന്റെ താഴ്മ, ഈ സമ്പത്ത് നിങ്ങൾക്കു ലഭിച്ചുവോ?

നാം സ്വർഗ്ഗസ്ഥനായ പിതാവേ, എന്നു വിളിക്കുന്നു. സ്വർഗ്ഗത്തിലെ അപ്പാ എന്നു വിളിച്ച് നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ എന്നു പ്രാർത്ഥിക്കുന്നു. നാം ഇതെല്ലാം ചൊല്ലിക്കൂട്ടുന്നു.

എന്നാൽ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എന്നു പറയത്തക്കവണ്ണം അപ്പന്റെ മകനായിത്തീർന്നുവോ? മകളായിത്തീർന്നുവോ? അപ്പന്റെ സ്വത്ത് നമുക്കുണ്ടോ? അപ്പന്റെ സ്നേഹം നമുക്കുണ്ടോ? അപ്പന്റെ വിശുദ്ധി നമുക്കുണ്ടോ? അപ്പന്റെ താഴ്മയും എളിമയും നമുക്കുണ്ടോ? അപ്പന്റെ ലാളിത്യം നമുക്കുണ്ടോ? അപ്പന്റെ കരുണ നമുക്കുണ്ടോ? അപ്പന്റെ നന്മകളെല്ലാം നമ്മിലുണ്ടോ?

ദൈനംദിന ജീവിതത്തിൽ ക്രിസ്തുവിന്റെ സ്നേഹം നമ്മിൽ പ്രതിഫലിക്കുന്നുണ്ടോ? ക്രിസ്തുവിന്റെ വിനയം നമ്മിൽ പ്രതിഫലിക്കുന്നുണ്ടോ? കർത്താവ് പറഞ്ഞു: നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ “നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് എല്ലാവരും അറിയും.”

> *“നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന് പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നുതന്നെ. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും.”* *യോഹന്നാൻ 13 : 34, 35*

ഓരോരുത്തരും ഹൃദയത്തിലേക്കു നോക്കൂ. ഭിന്നതകളില്ലേ, അഭിപ്രായവ്യത്യാസങ്ങളില്ലേ, ഇഷ്ടക്കുറവുകളില്ലേ, മുഷിച്ചിലുകളില്ലേ, പരാതികളില്ലേ, പരിഭവങ്ങളില്ലേ, പിറുപിറുപ്പുകളില്ലേ? എന്നെ കണക്കാക്കിയില്ല, എന്നെ ഗൗനിച്ചില്ല, എന്നെ മാനിച്ചില്ല, എന്നെ സ്നേഹിച്ചില്ല, ഇങ്ങനെയുള്ള പരാതികളും പരിഭവങ്ങളും നിങ്ങളുടെ ഹൃദയത്തിൽ തിങ്ങിനിൽക്കുന്നില്ലേ? എപ്പോഴും ഹൃദയത്തിൽ വിദ്വേഷവും

കയ്പ്പും പകയും വൈരാഗ്യചിന്തകളുമില്ലേ?

"നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും." തമ്മിൽ തമ്മിൽ സ്നേഹമുണ്ടോ? ഭാര്യയും ഭർത്താവും തമ്മിൽ ഐക്യമാണോ? സഹോദരങ്ങൾ തമ്മിൽ ഐക്യമാണോ? കൂട്ടായ്മയിൽ പരസ്പരം ഒരു മനസ്സാണോ? ഒരു ഹൃദയ മാണോ? സഭയിൽ, ഇടവകയിൽ ഐക്യമാണോ? അവിടെ തൊഴുത്തിൽക്കുത്തില്ലേ, അഭിപ്രായവ്യത്യാസമില്ലേ, ഇഷ്ട ക്കുറവുകളില്ലേ? അവിടെ ഭിന്നതകളില്ലേ?

ഞാൻ എന്നു പറയുന്ന മനുഷ്യൻ എന്താണു വേണ്ടത്? ക്രിസ്തുവിന്റെ സ്നേഹം എന്നിൽക്കൂടി പ്രദർശിപ്പിക്കുക. "It is better to light a candle than to curse the darkness." ഇരുളിനെ ശപിക്കാതെ ഒരു ചെറുതിരി എങ്കിലും കത്തിച്ചു വയ്ക്കുക. ഇരു ളിനെ ശപിച്ചിട്ടു കാര്യമില്ല.

ജോലിസ്ഥലത്ത് എല്ലാവരും ഉഴപ്പുന്നു. നീ ഒരാൾ ഉഴപ്പാതെ ജോലി ചെയ്യൂ. മറ്റുള്ളവരുടെ കൂടെ നീ ആയിപ്പോകാതെ വിശ്വ സ്തതയോടെ ജോലി ചെയ്യൂ. കാര്യക്ഷമതയോടെ ജോലി ചെയ്യൂ. ബാക്കി എല്ലാവരും പഠിത്തം ഉഴപ്പുന്നു. ഞാൻ ഒരാൾ പഠിക്കും, ശരിയായി നിൽക്കും. ഞാൻ ഒരാൾ ഉത്സാഹത്തോടെ പ്രവർത്തിക്കും. നീ ഒരാൾ മാതൃകയായി നില്ക്കൂ.

അബ്രാഹാമിനോട് ദൈവം പറഞ്ഞു: അബ്രാഹാമേ, നിന്നെ ഞാൻ എന്റെ സ്നേഹിതനെന്നു കരുതുന്നു. എന്റെ സ്നേഹിതനായ അബ്രാഹാമിനോട് എനിക്ക് മറച്ചു വയ്ക്കാൻ സാധ്യമല്ല.

വലിയൊരു അനുഗ്രഹത്തിന്റെ വാഗ്ദത്തം കിട്ടിക്കഴി ഞ്ഞു. ഒരാണ്ടു കഴിയുമ്പോൾ ഞാൻ വീണ്ടും വരും, അപ്പോൾ നിന്റെ ഭാര്യ ഒരു മകനെ ചേർത്തുകൊള്ളും എന്നു പറഞ്ഞതിനു ശേഷം ജീവനുള്ള ദൈവം അബ്രാഹാമിന്റെ തോളിൽ കൈയി ട്ടുകൊണ്ട് നടന്നു നീങ്ങുകയാണ്.

നടന്നു നീങ്ങുമ്പോൾ ദൈവം പറഞ്ഞു: ഒരു കാര്യം നിനക്കു വെളിപ്പെടുത്തിത്തരാനുണ്ട്. എനിക്ക് ഒന്നും മറച്ചു വയ്ക്കാൻ സാധ്യമല്ല. ഒരു വലിയ അനർത്ഥം വരാൻ പോകുന്നു. നിന്റെ സഹോദരപുത്രനായ ലോത്ത് താമസിക്കുന്ന സോദോമും ഗോമോറയും കത്തി ദഹിക്കാൻ പോകുന്നു. ആകാശത്തിൽനിന്ന് കത്തി എരിയുന്ന ഗന്ധകവും തീയും കൂടെ അവിടെ വന്നു വീണിട്ട് ആ നാട് കത്തിപ്പോകും. സോദാം ഗോമോറ കത്തിപ്പോകും. മകനേ, സംഭവിപ്പാനിരിക്കുന്നത് എനിക്കു മറച്ചു വയ്ക്കാൻ സാധ്യമല്ല.

അബ്രാഹാം തലപൊക്കി നോക്കിയപ്പോൾ അബ്രാഹാമിനു വരാനിരിക്കുന്ന കാര്യങ്ങളുടെ വെളിപ്പാടുകിട്ടി.

സ്നേഹിതരേ, നിങ്ങളുടെ ജീവിതത്തിൽ വരാനിരിക്കുന്ന കാര്യങ്ങൾ ദൈവം വെളിപ്പെടുത്തിത്തരികയാണ്. അനർത്ഥം ഒഴിവാക്കിക്കൊള്ളുവിൻ, അപകടത്തിൽ നിന്ന് മാറിക്കൊള്ളുവിൻ എന്ന് കർത്താവ് നിങ്ങൾക്ക് മുന്നറിയിപ്പു നൽകുകയാണ്.

> *"സംഹാരകൻ നിനക്കെതിരേ കയറി വരുന്നു; കോട്ട കാത്തു കൊൾക; വഴി സൂക്ഷിച്ചു നോക്കുക; അര മുറുക്കുക; നിന്നെത്തന്നേ നല്ലവണ്ണം ശക്തീകരിക്ക."*
>
> *നഹൂം 2 : 1*

പ്രിയപ്പെട്ടവരേ, സംഹാരകൻ നിനക്കെതിരെ കയറി വരുന്നു. ഇന്നു നാം ചിന്തിക്കുന്നതുപോലെ നിസ്സാരമല്ല നമ്മുടെ ഈ ഭൂമിയിലെ ജീവിതം. അതു വളരെ കർക്കശമായ നിലപാടുകളിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. കഠിനമായ സമയങ്ങൾ വരാൻ പോകുന്നു. ദുരിത സമയങ്ങൾ വരാൻ പോകുന്നു. അത്യാഹിതങ്ങൾ സംഭവിക്കാൻ പോകുന്നു. ഒരിക്കലും പ്രതീക്ഷിക്കാത്ത രീതിയിലുള്ള അത്യാപത്തുകൾ വരാൻ പോകുന്നു.

ഭൂകമ്പങ്ങളാണോ ഭൂമികുലുക്കങ്ങളാണോ കൊടുങ്കാറ്റുകളാണോ ചുഴലിക്കൊടുങ്കാറ്റുകളാണോ സുനാമിത്തിരക

ളാണോ, വലിയ അഗ്നിബാധകളാണോ? പരസ്പര ഭിന്നതയിൽ നിന്ന് ഉരുത്തിരിയുന്ന വർഗ്ഗീയ ലഹളകളാണോ? എന്തെല്ലാ മാണ് സംഭവിക്കാൻ പോകുന്നത്? സമയം, വളരെ ഗുരുതര മായ, ഗൗരവമേറിയ കാലഘട്ടങ്ങളിലേക്ക് നീങ്ങിക്കൊണ്ടിരി ക്കുന്നു.

സ്വർഗ്ഗത്തിലെ ദൈവം വരാനിരിക്കുന്ന കാര്യങ്ങൾ തന്റെ സ്നേഹിതന് വെളിപ്പെടുത്തിക്കൊടുക്കുകയാണ്. ആകാശത്തുനിന്ന് തീയും ഗന്ധകവും പെയ്യും, ആരും രക്ഷ പ്പെടുകയില്ല. എന്നാൽ മകനേ, അബ്രാഹാമേ, ഞാൻ ഇത് നിന്നോട് പറയുന്നത് നിനക്കിവിടെ എന്തെങ്കിലും ചെയ്യാനു ണ്ടോ? എന്തെങ്കിലും പറയാനുണ്ടോ?

ഇന്ന് സ്വർഗ്ഗത്തിലെ ദൈവം ചില കാര്യങ്ങൾ നമുക്ക് പറഞ്ഞു തരികയാണ്. ദൈവത്തിന്റെ മകനാകാൻ, ദൈവ ത്തിന്റെ സ്നേഹിതനാകാൻ നമ്മെ കർത്താവ് കൂട്ടു പിടിക്കുക യാണ്. നമ്മെ ചേർത്തണയ്ക്കുകയാണ്.

ഇയ്യോബ് പറഞ്ഞു: “അവന്റെ പ്രമോദം മനുഷ്യപുത്രന്മാ രോടുകൂടെയായിരുന്നു” എന്ന്. നമ്മോടുകൂടെ വാസം ചെയ്യാൻ ആഗ്രഹിക്കുന്ന ദൈവം! ഉള്ളു തുറന്നു പറയാൻ ഒരു കൂട്ടുകാരനെ കാണാൻ ദൈവം നോക്കുന്നു. അവന്റെ ഉള്ളം പകരാൻ ഒരു സ്നേഹിതനെ കാണാൻ അവൻ കൊതിക്കുന്നു. ഉള്ള് തുറന്ന് വരാനിരിക്കുന്ന കാര്യങ്ങൾ അറിയിക്കാൻ ദൈവ ത്തിന് ഒരാളെ വേണം. സ്നേഹിതരേ, നിങ്ങൾ എന്തുപറ യുന്നു?

കർത്താവേ, ഞാൻ ഒരാൾ ഒരു വിശുദ്ധനായി ഈ തലമു റയിൽ നിൽക്കും. മറ്റൊന്നും എനിക്കു വേണ്ട. പൂർണ്ണമായി കഴുകൽ പ്രാപിച്ച് യേശുവിന്റെ ഭാവമുള്ളവനായി എനിക്കു ഭൂമിയിൽ നിൽക്കണം. ഞാൻ ഒരാൾ ഒരു വിശുദ്ധനായി നിൽക്കും.

# ഏഴ്

*“ദൈവം എനിക്കു ചിരിയുണ്ടാക്കി; കേൾക്കുന്നവരെല്ലാം എന്നെച്ചൊല്ലി ചിരിക്കും എന്നു സാറാ പറഞ്ഞു. സാറാ മക്കൾക്കു മുല കൊടുക്കുമെന്ന് അബ്രാഹാമിനോട് ആർ പറയുമായിരുന്നു. അവന്റെ വാർദ്ധക്യത്തിലല്ലോ ഞാൻ ഒരു മകനെ പ്രസവിച്ചത് എന്നും അവൾ പറഞ്ഞു.”*

*ഉല്പത്തി 21 : 6, 7*

“ദൈവം എനിക്കു ചിരിയുണ്ടാക്കി. കേൾക്കുന്നവരെല്ലാം എന്നെച്ചൊല്ലി ചിരിക്കും.” ആ വാക്കുകളിൽ സന്തോഷത്തിന്റെ ഒരു പ്രതിധ്വനിയുണ്ട്. സമാധാനത്തിന്റെ അനുരണനമുണ്ട്. ആശ്വാസത്തിന്റെ സുഖകരമായ അനുഭൂതിയുണ്ട്.

ദൈവം എനിക്കു ചിരിയുണ്ടാക്കി. നാം ഓരോരുത്തരും ഇങ്ങനെ പറയത്തക്കവണ്ണം അനുഭവങ്ങൾ പ്രാപിക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം സ്നേഹമാണ് എന്ന് അനുഭവിക്കുമ്പോൾ ഉണ്ടാകുന്ന ആനന്ദം, അപ്പോഴുണ്ടാകുന്ന വലിയ ആശ്വാസം പറഞ്ഞറിയിക്കാൻ വയ്യാത്തതാണ്.

പലപ്പോഴും നമ്മുടെ പ്രയാസവേളകളിൽ, രോഗങ്ങളിൽ, വേദനകളിൽ, പ്രശ്നങ്ങളിൽ എല്ലാം ദൈവം എന്നോടു കഠിനമായിട്ടല്ലേ പ്രവർത്തിച്ചത്, എന്റെ പ്രാർത്ഥന ദൈവം കേട്ടില്ലല്ലോ, ദൈവം ക്രൂരനാണോ എന്ന് വിചാരിക്കുന്നവരുണ്ട്.

നാം ഇതുവരെ അങ്ങനെ ചിന്തിച്ചെങ്കിൽ അത് തിരിച്ചു ചിന്തിക്കത്തക്കവണ്ണം, ദൈവം എനിക്കു നല്ലവനാണ് എന്ന

അനുഭവത്തിലേക്കു വരാൻ വേണമെങ്കിൽ നമുക്കു സാധിക്കും. ദൈവം നല്ലവനാണ്, ദൈവം സ്നേഹമാണ്, ദൈവം പ്രാർത്ഥന കേൾക്കുന്നവനാണ്, ദൈവം കണ്ണുനീരു തുടയ്ക്കു ന്നവനാണ് എന്ന് അനുഭവങ്ങൾ തരുന്നത്, ഓരോ ചുവടുവ യ്പ്പിലും ഓരോ നിമിഷത്തിലും ദൈവം നമ്മെ അനുഗ്രഹിച്ചു കൊണ്ടിരിക്കുന്നത് നമുക്ക് അറിയാൻ സാധിക്കും.

ജീവിതത്തിൽ വരുന്ന ഓരോ പ്രതിസന്ധിയും, നമ്മുടെ സ്വഭാവത്തിലുള്ള ചില പരുക്കൻ പ്രകൃതികൾ, ചില മുള്ളു കൾ, മറ്റുള്ളവരെ കുത്തിനോവിക്കുന്ന ചില പ്രകൃതങ്ങൾ, ഇതെല്ലാം ഉരച്ചുരച്ച് മാറ്റിത്തരുവാനുള്ള ദൈവത്തിന്റെ പദ്ധതി യാണ്. ഉരയ്ക്കുമ്പോൾ തീർച്ചയായും വേദനയുണ്ട്. ചില തെല്ലാം അടർന്നുപോകും; ചിലതെല്ലാം വിട്ടുവിട്ടുപോകും.

വചനം തന്ന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ ഉര ച്ചുരച്ച് പരുവപ്പെടുത്തുകയാണ്, മിനുസപ്പെടുത്തുകയാണ്, നമ്മെ പാകപ്പെടുത്തിക്കൊണ്ടിരിക്കയാണ്. സൂക്ഷ്മമായി നിങ്ങൾ ആത്മീയജീവിതത്തിന്റെ പിറകിലേക്കു നോക്കിയാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ഈ അത്ഭുത പ്രക്രിയ നമ്മുടെ ജീവിതത്തിൽ അനുനിമിഷം നടന്നുകൊണ്ടിരിക്കു ന്നതോർത്ത് ദൈവത്തെ സ്തുതിക്കാൻ കഴിയും.

നമ്മുടെ പരുക്കൻ പ്രകൃതികൾ മാറ്റുന്നതിന് ദൈവ ത്തിന്റെ പരിശുദ്ധാത്മാവ് ചില ശാസനകൾ തന്നപ്പോൾ, ചില ശിക്ഷണങ്ങൾ തന്നപ്പോൾ നമുക്ക് ഈർഷ്യ തോന്നി, അസ ഹ്യത തോന്നി, പ്രയാസം തോന്നി. എന്റെ ആത്മീയജീവിതം തകരുമല്ലോ എന്ന് നമുക്ക് നിരാശ വന്നു. പക്ഷേ, നാം പ്രത്യാ ശയോടെ ചേർന്നു നിൽക്കുമ്പോൾ ഇതെല്ലാം നമുക്ക് ചിരി ഉള വാക്കുന്നതായി, സന്തോഷം ഉളവാക്കുന്നതായി അനുഭവമാകും.

> *"തന്റെ മകനായ യിസ്ഹാക്ക് ജനിച്ചപ്പോൾ അബ്രാഹാമിനു നൂറു വയസ്സായിരുന്നു. ദൈവം എനിക്കു ചിരിയുണ്ടാക്കി; കേൾക്കുന്നവരെല്ലാം*

*എന്നെച്ചൊല്ലി ചിരിക്കും എന്നു സാറാ പറഞ്ഞു. സാറാ മക്കൾക്കു മുല കൊടുക്കുമെന്ന് അബ്രാഹാമിനോട് ആർ പറയുമായിരുന്നു. അവന്റെ വാർദ്ധക്യത്തിലല്ലോ ഞാൻ ഒരു മകനെ പ്രസവിച്ചത് എന്നും അവൾ പറഞ്ഞു." ഉല്പത്തി 21 : 5 – 7*

ദൈവം എനിക്കു ചിരിയുണ്ടാക്കി. വാഗ്ദത്തങ്ങൾ നിറവേറാതിരുന്നപ്പോൾ മ്ലാനതയായിരുന്നു, ദു:ഖമായിരുന്നു, വാട്ടമായിരുന്നു, നിരാശയായിരുന്നു, പലപ്പോഴും മടുത്തുപോയിരുന്നു. എന്നാൽ ഇന്ന് സാറാ പറയുകയാണ്: "ദൈവം എനിക്ക് ചിരിയുണ്ടാക്കി."

നിങ്ങൾക്കും പറയാം: എനിക്കു ചിരിയുണ്ടാക്കാൻ എന്റെ ദൈവത്തിനു കഴിയും. എന്റെ ജീവിതത്തിൽ ഇത്രയും കാലം മ്ലാനതയുടെ കാലമായിരുന്നു. അപകർഷതയുടെ കാലമായിരുന്നു. വല്ലായ്മകളുടെ കാലമായിരുന്നു, പോരായ്മകളുടെ കാലമായിരുന്നു; പലതിലും ഞെരുക്കമുള്ള കാലമായിരുന്നു. എന്നാൽ അബ്രാഹാമിന്റെ ഭാര്യയായ സാറായുടെ നാവിൽക്കൂടി ദൈവം പറഞ്ഞിരിക്കുന്നു: "ദൈവം എനിക്കു ചിരിയുണ്ടാക്കി." ചിരി ഉണ്ടാകുമെന്ന് സാറാ പ്രതീക്ഷിച്ചിരുന്നതല്ല. സാറായ്ക്കു ചിരി കൊടുത്ത ദൈവം എനിക്കും ചിരി തരും.

പ്രതീക്ഷകളെല്ലാം അസ്തമിച്ച്, ആശകളെല്ലാം അറ്റുപോയ കാലത്താണ് ജീവനുള്ള ദൈവം സാറയ്ക്ക് വാഗ്ദത്തം നിവർത്തിച്ചു കൊടുത്തത്. അപ്പോഴാണ് ജീവനുള്ള ദൈവം വാഗ്ദത്തങ്ങളിൽ വിശ്വസ്തനാണെന്ന് സാറയ്ക്ക് അനുഭവം കൊടുത്തത്.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതത്തിൽ ആന്തരികമായ ചിരിയുണ്ടാകാൻ, അകത്തൊരു സമാധാനം ലഭിക്കാൻ നിങ്ങൾക്കാഗ്രഹമുണ്ടോ?

ഇന്നത്തെ നീറി പുകയുന്ന ഹൃദയത്തിൽ ഒരു ചെറിയ കുളിർമ ലഭിച്ചിരുന്നെങ്കിൽ എന്ന് എല്ലാവർക്കും ആഗ്രഹമുണ്ട്.

ഇന്നത്തെ പ്രതിസന്ധി നിറഞ്ഞ ജീവിതത്തിൽ ഒരു സമാധാനം ലഭിച്ചിരുന്നെങ്കിൽ എന്ന് നിങ്ങൾക്ക് ആശയുണ്ട്. ഇന്നത്തെ രോഗഗ്രസ്തമായ ശരീരത്തിൽ ഒരു സൗഖ്യം ലഭിച്ചിരുന്നെങ്കിൽ എന്ന് നിങ്ങൾക്ക് പ്രതീക്ഷയുണ്ട്. ഇന്നത്തെ കടബാധ്യതകളെല്ലാം ഒന്നു മാറി സ്വൈര്യമുള്ള ജീവിതം നയിക്കാൻ ഭാഗ്യം ലഭിച്ചിരുന്നെങ്കിൽ എന്ന് നിങ്ങൾക്ക് ആശയുണ്ട്.

ദൈവം എനിക്കു ചിരിയുണ്ടാക്കി, കേൾക്കുന്നവരെല്ലാം എന്നെച്ചൊല്ലി ചിരിക്കും എന്നാണ് സാറാ പറഞ്ഞത്. എനിക്കു സന്തോഷം ഉണ്ടായി. എന്നെക്കുറിച്ചു കേൾക്കുന്നവർക്കെല്ലാം അത് സന്തോഷം ഉളവാക്കിത്തീർക്കും. എന്നെ സ്നേഹിക്കുന്നവർ, എന്നെക്കുറിച്ചു സഹതാപമുള്ളവർ, എന്നെക്കുറിച്ച് അനുകമ്പയുള്ളവർ, അവരൊക്കെ എന്നെക്കുറിച്ച് ചിരിക്കാൻ തുടങ്ങും.

നാം വിചാരിച്ചതുപോലെയല്ലല്ലോ! ആ കുടുംബത്തിൽ കുഞ്ഞിന്റെ കരച്ചിൽ കേൾക്കുന്നു! ഉറങ്ങിപ്പോയ വീട് ഉണർന്നിരിക്കുന്നു! ദു:ഖം തളം കെട്ടിയ വീട്ടിൽ ആനന്ദത്തിന്റെ ഘോഷം ഉയരുന്നു! ചുറ്റുപാടുമുള്ളവർക്കെല്ലാം ആനന്ദം കൈവരികയാണ്; സമാധാനം ലഭിക്കുകയാണ്.

സ്നേഹമുള്ള ബന്ധുക്കളും ചാർച്ചക്കാരും അയൽക്കാരും നാട്ടുകാരും, സ്നേഹമുള്ള നല്ല മനുഷ്യരെല്ലാം സാറയെ നോക്കി സന്തോഷത്തോടെ പുഞ്ചിരി തൂകുകയാണ്.

പിന്നെ സാറാ പറഞ്ഞത്: സാറാ മക്കൾക്കു മുലകൊടുക്കുമെന്ന് അബ്രാഹാമിനോട് ആരു പറയുമായിരുന്നു?

Living Bible ൽ ആ വാക്യം ഇങ്ങനെയാണ്. For who would have dreamed that I would ever have a baby? ആരെങ്കിലും സ്വപ്നം കണ്ടിട്ടുണ്ടാകുമോ എനിക്ക് ഒരു ശിശുവിനെ ലഭിക്കുമെന്ന്?

സ്നേഹിതാ, ആരും സ്വപ്നം കാണാത്ത ചില ഔന്നത്യ

ങ്ങൾ നിനക്ക് തരാൻ സ്വർഗ്ഗം നിന്നെ പ്രതീക്ഷയോടെ നോക്കി നിൽക്കുന്നു. മാന്യ യുവാവേ, നീ പോലും സ്വപ്നം കണ്ടിട്ടില്ലാത്ത ചില സൗഭാഗ്യസവിശേഷതകൾ നിന്റെ ജീവിതത്തിൽ പകർന്നു തരാൻ ജീവനുള്ള ദൈവം നിന്നെ ആശയോടെ, കൗതുകത്തോടെ നോക്കിക്കൊണ്ടിരിക്കുന്നു.

കർത്താവിനു നിന്നെ പിടിക്കാൻ പാകത്തിന് നിന്നിലുള്ള അശുദ്ധി മാറ്റിക്കളഞ്ഞ് നിത്യപരിശുദ്ധനായ ദൈവത്തിനു തൊടാൻ തക്കവണ്ണം ഞാൻ നിൽക്കും എന്ന തീരുമാനം നിന്റെ ഹൃദയത്തിൽ നിറഞ്ഞു വന്നാൽ മകനേ, നിന്റെ തീരുമാനത്തെ മാനിച്ച് ദൈവം നിന്നെ പിടിക്കും. ദൈവം നിന്നെ ഉയർത്തും. ദൈവം നിന്നെ ഉദ്ധരിക്കും. ദൈവം നിന്റെ ആഗ്രഹങ്ങൾ സാധിപ്പിച്ചു തരും.

മകളേ, കർത്താവ് നിന്നെ നോക്കി നിൽക്കുകയാണ്. നിന്നെ നേർപാതയിൽ നടത്താൻ, നേർനിലത്തിൽ നടത്താൻ, ശുഭകരമായ വഴിയിൽ നിന്നെ നടത്താൻ, നിന്റെ ജീവിതത്തിൽ ചില അത്ഭുതങ്ങൾ പ്രവർത്തിക്കാൻ കരുണയുള്ള കർത്താവ് നിന്നെ ആശയോടെ ഉറ്റുനോക്കുകയാണ്.

അവൻ നിങ്ങൾക്ക് ചിരി ഉണ്ടാക്കിത്തരാൻ ആഗ്രഹിക്കയാണ്. എനിക്കു ചിരി തരാൻ അവൻ എന്റെ ദു:ഖമെല്ലാം ഏറ്റുകൊണ്ട് കുരിശിന്മേൽ കിടക്കുന്നു. എനിക്ക് അനുഗ്രഹം തരാൻ എന്റെ ശാപമെല്ലാം ഏറ്റുകൊണ്ട്, എനിക്കു വിശുദ്ധി തരാൻ എന്റെ പാപത്തിന്റെ ശിക്ഷയെല്ലാം ശിരസ്സിൽ വഹിച്ചുകൊണ്ട് അവനിതാ കുരിശിന്മേൽ കിടക്കുന്നു. എന്റെ യാതനയും വേദനയും മാറ്റാൻ അവൻ വേദനയുടെ പ്രതിരൂപമായി കുരിശിന്മേൽ കിടക്കുന്നു.

കുരിശിലേക്കു നോക്കുവിൻ, അവിടെ ആശ്വാസം കിട്ടും. ക്രൂശിന്റെ താഴ്വരയിലേക്ക് ഓടി വരുവിൻ, അവിടെ സമാധാനം കിട്ടും. കുരിശിലെ തിരുരക്തത്തിൽ നിങ്ങൾ ആശ്രയിപ്പിൻ, ആശ്വാസവും സൗഖ്യവും പാപക്ഷമയും അവിടെ

കിട്ടും. നൈരാശ്യങ്ങൾ മാറ്റും, ദു:ഖങ്ങൾ അകലും, നിരാശകൾ തീരും, സമാധാനം കൈവരും. ആനന്ദം ജീവിതത്തിലേക്ക് തിരത്തല്ലി കടന്നു വരും. നിങ്ങൾ സന്തോഷ സമൃദ്ധിയുള്ളവരായിത്തീരും. ക്രിസ്തുവിന്റെ അനുഗ്രഹം നിങ്ങളുടെ ശിരസ്സിൽ ചൊരിയും. എല്ലാ നന്മകളാലും ദൈവം നിങ്ങളെ അലങ്കരിക്കും. അനുഗ്രഹത്തിന്റെ സമൃദ്ധിയിലേക്ക് നിങ്ങളെ നടത്തും. ശുഭകാലങ്ങൾ ദൈവം നിങ്ങൾക്കു തരും.

*"അബ്രാഹാം ബേർ-ശേബയിൽ ഒരു പിചുലവൃക്ഷം നട്ടു, നിത്യദൈവമായ യഹോവയുടെ നാമത്തിൽ അവിടെവച്ച് ആരാധന കഴിച്ചു." ഉല്പത്തി 21 : 33*

അബ്രാഹാം അനുഗ്രഹം പ്രാപിച്ചു. കുടുംബത്തിൽ നിരാശയെല്ലാം മാറി സന്തോഷം അണമുറിയാതെ ഒഴുകുകയാണ്. സമാധാനം നിറഞ്ഞു നിറഞ്ഞു വരികയാണ്. വീട്ടിൽ നല്ല താരും തളിരുമണിഞ്ഞ് ഒരു പൊന്നോമനമകൻ വളരുകയാണ്. അവനെ കാണുമ്പോൾ, അവന്റെ ശബ്ദം കേൾക്കുമ്പോഴെല്ലാം ഉള്ളം ആഹ്ലാദഭരിതമാകുകയാണ്. ചിരി നഷ്ടപ്പെട്ടുപോയ വീട്ടിൽ ചിരിയുണ്ടായി. സന്തോഷ സമൃദ്ധിയുണ്ടായി. മൂകത തളംകെട്ടിയിരുന്ന ഭവനം ഇന്ന് ആഘോഷത്തിന്റെ ആരവാര ശബ്ദത്താൽ മുഖരിതമായി മാറിയിരിക്കുന്നു.

അബ്രാഹാം അവിടെ ആരാധന കഴിച്ചു. മെസോപ്പൊത്താമിയായിൽ നിന്നു പുറപ്പെട്ടതുമുതൽ ഓരോ സ്ഥലത്തു വരുമ്പോഴും അബ്രാഹാം ആരാധന കഴിച്ചു. എന്താണീ ആരാധന? ആരാധന നന്ദിയാണ്, ആരാധന ദൈവത്തിനു കരേറ്റുന്ന സ്തോത്ര യാഗമാണ്. ആരാധന ജീവനുള്ള ദൈവത്തിങ്കലേക്ക് ഉയരുന്ന സുഗന്ധബലിയാണ്. ആരാധന ദൈവത്തിനു സമർപ്പിക്കുന്ന സൗരഭ്യവാസനയാണ്.

എവിടെ അനുഗ്രഹമുണ്ടോ അവിടെ നന്ദിയുണ്ട്. നന്ദിയുണ്ടെങ്കിൽ ആരാധനയുണ്ട്. ആരാധന യാഗമാണ്. എന്നാൽ ആരാധനയുടെ യഥാർത്ഥമായ അനുഭവത്തിലേക്ക്, ആരാധന

യുടെ ആഴങ്ങളിലേക്ക്, ആരാധനയുടെ അനുഗ്രഹസമൃദ്ധിയിലേക്ക് ദൈവം അബ്രാഹാമിനെ നയിക്കുകയാണ്. ദൈവം അബ്രാഹാമിനെ പരീക്ഷിച്ചു.

അബ്രാഹാമേ, എന്നു പേർചൊല്ലി വിളിച്ചു. അബ്രാഹാമിന് ദൈവത്തിന്റെ ശബ്ദം തിരിച്ചറിയാം. കാരണം അബ്രാഹാമിന് ദൈവശബ്ദം കേട്ടു നല്ല പരിചയമുണ്ട്.

അതൊരു പ്രത്യേക അനുഭവമാണ്. ദൈവശബ്ദം കേട്ടുള്ള പരിചയം! ദൈവത്തിന്റെ സന്നിധിയിൽ പ്രാർത്ഥനയിൽ ഉറ്റിരിക്കുമ്പോൾ ദൈവത്തിൽനിന്നു പലതും നേടിയെടുക്കുന്ന അനുഭവ പരിചയം. അത് വലിയ ഭാഗ്യമാണ്, വലിയ നേട്ടമാണ്, വലിയ പദവിയാണ്.

ദൈവത്തിന്റെ ശബ്ദം കേൾക്കുക! ദൈവത്തിന്റെ ആലോചന കേൾക്കുക! ദൈവത്തിന്റെ അറിയിപ്പുകൾ കേൾക്കുക! അബ്രാഹാം ദൈവത്തിന്റെ ശബ്ദം കേട്ടു. അബ്രാഹാമേ, എന്നു പേർചൊല്ലി വിളിക്കുകയാണ്. വാത്സല്യപൂർവ്വമായ വിളിയാണ്. ആ ശബ്ദം കേട്ട് അബ്രാഹാം കാതോർത്തു: കർത്താവേ, ഞാൻ ഇവിടെ ഉണ്ട്. അടിയൻ ഇതാ എന്നു പറഞ്ഞു.

ഉടനെ ദൈവം പറഞ്ഞു:

*"നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നേ, കൂട്ടിക്കൊണ്ട് മോറിയാദേശത്തു ചെന്നു, അവിടെ ഞാൻ നിന്നോടു കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്ന് അരുളിച്ചെയ്തു."*

*ഉല്പത്തി 22 : 2*

ഞാൻ നിനക്കു കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പുറപ്പെടുക എന്നു പറഞ്ഞ് പുറപ്പെടുവിച്ച ദൈവം, ഞാൻ നിന്നോടു കല്പിക്കുന്ന മലയിൽ നിന്റെ മകനെ ഹോമയാഗം കഴിക്ക എന്നു പറയുകയാണ്.

കോലാട്ടിൻകുട്ടിയെ ഹോമയാഗം കഴിച്ചുള്ള പരിചയം അബ്രാഹാമിനുണ്ട്. കുറുപ്രാവിനേയും ചങ്ങാലിയേയും കാളക്കിടാവിനേയും യാഗം കഴിച്ചു അബ്രാഹാമിന് പരിചയമുണ്ട്.

ഒരു ആടിനെ കൊന്ന് യാഗപീഠത്തിന്മേൽ കിടത്തി അതിന്റെ ചുവടെ തീ കത്തിച്ച് ദഹിപ്പിക്കുന്നതുപോലെ സ്വന്തം മകനെ ദഹിപ്പിക്കാനാണ് ദൈവം പറയുന്നത്. നമുക്ക് ചിന്തിക്കാൻ പറ്റുന്നതിൽ അപ്പുറമായ കാര്യമാണ് ഇവിടെ ദൈവം കല്പിക്കുന്നത്.

സാധാരണ മനുഷ്യബുദ്ധിക്ക് വിധേയപ്പെടാത്ത ഒരു കാര്യമാണത്. നമുക്കു മനസ്സിലാക്കാൻ പ്രയാസമുണ്ട്. എന്താണ് ദൈവം പറയുന്നത്? നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നേ, കൂട്ടിക്കൊണ്ടു മോറിയാദേശത്തു ചെന്ന് അവിടെ ഞാൻ നിന്നോടു കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക. ഞാൻ നിന്നോട് നിർദ്ദേശിക്കുന്ന മലയിൽ അവനെ എനിക്കു യാഗം അർപ്പിക്ക.

പ്രിയപ്പെട്ടവരേ, ക്രിസ്തീയജീവിതം എന്നു പറയുന്നത് യാഗമാണ്; ഏറ്റവും വിലപ്പെട്ടതിനെ യാഗമായി അർപ്പണം ചെയ്യുന്നതാണ്.

വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്. അനേകരും ധരിച്ചിരിക്കുന്നത് ക്രിസ്തീയ ജീവിതം വളരെ സുഖകരമാണ്, ശുഭകരമാണ്, രസകരമാണ്, അത് വളരെ ഇമ്പമുള്ളതാണ് എന്നൊക്കെയാണ്. പ്രാർത്ഥിച്ചാൽ രോഗം മാറിക്കിട്ടും, പ്രാർത്ഥിച്ചാൽ വീടുവച്ചു കിട്ടും, നല്ല കല്യാണം നടക്കും, ജോലി കിട്ടും, നല്ല വിദ്യാഭ്യാസം കിട്ടും, പ്രാർത്ഥിച്ചാൽ ദൈവം പരീക്ഷ പാസ്സാക്കിത്തരും, പറയുന്നതുപോലെ തന്നെ കാര്യങ്ങളെല്ലാം ദൈവം സാധിപ്പിച്ചു തരും. പ്രാർത്ഥിച്ചതൊക്കെയും ദൈവം നമുക്കു തരുന്നു. കർത്താവ് ഭൗതികമായ കാര്യങ്ങൾ എല്ലാം സാധിപ്പിച്ചു തരുന്നു.

ശരിയാണ്. ദൈവം നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റിത്തരുന്നു. ആഗ്രഹങ്ങൾ സാധിപ്പിച്ചു തരുന്നു. നമ്മുടെ അധരങ്ങളുടെ യാചന നിരസിക്കാത്തവനാണ്, നിഷേധിക്കാത്തവനാണ് ദൈവം.

എന്നാൽ ഈ അത്ഭുതങ്ങളെക്കൊണ്ടും അടയാളങ്ങളെക്കൊണ്ടും നിർത്തുകയല്ല ആത്മീയജീവിതം. ഈ ലോകജീവിതത്തിലെ താൽക്കാലികമായ സുഖങ്ങളെക്കൊണ്ടും സൗകര്യങ്ങളെക്കൊണ്ടും സന്തോഷ ഐശ്വര്യങ്ങളെക്കൊണ്ടും നിർത്തിപ്പോകുന്നതല്ല ആത്മീയജീവിതം.

യഥാർത്ഥമായ ക്രൈസ്തവജീവിതം എന്നു പറയുന്നത് എന്നന്നേക്കും ഉള്ള സമ്പൂർണ്ണയാഗത്തിന്റെ ജീവിതമാണ്. മുഴുവനായി യാഗം അർപ്പിക്കുന്ന ജീവിതമാണ്. ഇത് ഗൗരവമേറിയ ഒരു സമർപ്പണമാണ്. എല്ലാമെല്ലാം താഴെവച്ച് യാഗമായി അർപ്പിക്കുന്നു.

വിദ്യാഭ്യാസം, വരുമാനം, ശമ്പളം, സ്വത്ത്, ഭവനം, ഭാര്യ അല്ലെങ്കിൽ ഭർത്താവ്, മക്കൾ സകലവും യാഗമായി അർപ്പിക്കുകയാണ്. ഇങ്ങനെ ഒരു നിലവാരമുണ്ടോ? നമുക്കു പലർക്കും മനസ്സിലാവുകയില്ല. ഈ ഒരു നിലവാരത്തെക്കുറിച്ച് നമുക്കു ചിന്തിക്കാൻപോലും സാധ്യമല്ലാത്തതുപോലെ നാം ഭൗതികത്തോട് അലിഞ്ഞു ചേർന്നിരിക്കുകയാണ്. ലോകകാര്യങ്ങളോട് നാം അതുപോലെ ഇഴുകിച്ചേർന്നിരിക്കുകയാണ്. അപ്പൊസ്തലനായ പൗലോസ് പറയുന്നു:

> *"ഇപ്പോൾ ഇതാ ഞാൻ ആത്മാവിനാൽ ബന്ധിക്കപ്പെട്ടവനായി യെരൂശലേമിലേക്കു പോകുന്നു. ബന്ധനങ്ങളും കഷ്ടങ്ങളും എനിക്കായി കാത്തിരിക്കുന്നു എന്ന് പരിശുദ്ധാത്മാവ് പട്ടണം തോറും സാക്ഷ്യം പറയുന്നതല്ലാതെ അവിടെ എനിക്കു നേരിടുവാനുള്ളത് ഒന്നും ഞാൻ അറിയുന്നില്ല. എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയ*

*തായി എണ്ണുന്നില്ല; എന്റെ ഓട്ടവും ദൈവകൃപ യുടെ സുവിശേഷത്തിനു സാക്ഷ്യം പറയേണ്ട തിനു കർത്താവായ യേശു തന്ന ശുശ്രൂഷയും തികയ്ക്കേണം എന്നേ എനിക്കുള്ളൂ."*

*അപ്പൊ. പ്രവൃത്തികൾ 20 : 22 – 24*

ഈ ലോകത്തിലെ ജീവിതത്തെയോ പ്രാണനെയോ വിലയേറിയതായി എണ്ണുന്നില്ല. എന്റെ ഓട്ടം തികയ്ക്കണം, കർത്താവു തന്ന ശുശ്രൂഷ തികയ്ക്കണം. ഇതു മാത്രമേ എനിക്ക് ഉദ്ദേശമുള്ളൂ. എന്റെ ഓട്ടവും ദൈവകൃപയുടെ സുവി ശേഷത്തിനു സാക്ഷ്യം പറയേണ്ടതിനു കർത്താവു തന്ന ശുശ്രൂഷയും തികയ്ക്കേണം എന്നേ എനിക്കുള്ളൂ.

ജർമ്മനിയിൽ ഹിറ്റ്ലർ ഭരിച്ചിരുന്ന കിരാതഭരണകാലത്ത് അനേകമനേകം ദൈവമക്കൾ ഉപദ്രവിക്കപ്പെട്ടു. യാതന അനു ഭവിക്കേണ്ടി വന്നു. അനേകരെ കൊന്നൊടുക്കി. വളരെ പ്രസി ദ്ധനായിരുന്ന, ഭക്തനായിരുന്ന, അനുഗൃഹീത ശുശ്രൂഷകനാ യിരുന്ന ഒരു വേദശാസ്ത്രജ്ഞൻ ഉണ്ടായിരുന്നു – Dietrich Bonhoeffer.

മുപ്പത്തൊമ്പതാമത്തെ വയസ്സിൽ അദ്ദേഹത്തെ നാസി പടയാളികൾ തൂക്കിക്കൊല്ലുകയാണ് ചെയ്തത്. അനേകം ആളുകൾ കൂടിയിരിക്കുന്ന ഒരു അനുഗൃഹീതമായ congregation. അദ്ദേഹം ശുശ്രൂഷ നിർവ്വഹിച്ചുകൊണ്ടിരിക്കയാ യിരുന്നു. ആ സമയത്ത് നാസി പടയാളികൾ അങ്ങോട്ടുകടന്നു ചെന്നു. Bonhoeffer ആരാണെന്നു ചോദിച്ചു. ഞാനാണെന്ന് അദ്ദേഹം പറഞ്ഞു. ഞങ്ങളുടെ കൂടെ വരിക എന്നു പറഞ്ഞു.

അദ്ദേഹം അവിടെ കൂടിയിരുന്ന ആളുകളുടെ നേരെ പറ ഞ്ഞു: ഇത് അവസാനമാണ് പക്ഷേ, വലിയ ഒരനുഗ്രഹജീവിത ത്തിന്റെ ആരംഭവുമാണ്. ഞാൻ പോകുകയാണ്. മുപ്പത്തൊമ്പ താമത്തെ വയസ്സിൽ അദ്ദേഹത്തെ തൂക്കിക്കൊന്നു. അദ്ദേഹം മരിക്കുന്നതിനുമുമ്പ് എഴുതിയ ഒരു പുസ്തകമുണ്ട്. The cost of

Discipleship! ക്രൂശിക്കപ്പെടുക, ജീവിക്കുക! ശിഷ്യത്വത്തിന്റെ മഹത്വമാർന്ന മൂല്യം! ക്രൂശിക്കപ്പെടുന്നത് എന്തിനുവേണ്ടി? ജീവിക്കാൻ വേണ്ടി. ആ പുസ്തകത്തിൽ ഒരിടത്ത് അദ്ദേഹം പറയും: ക്രിസ്തീയജീവിതത്തിന്റെ അർത്ഥം സ്വയം ക്രൂശിക്കപ്പെടുക എന്നുള്ളതാണ്.

ക്രിസ്തുവിന്റെ നാമത്തിന്റെ മഹത്വത്തിനുവേണ്ടി മരണം വരിക്കാനാണ് മനുഷ്യൻ ജീവിക്കേണ്ടത്. ചിന്തിക്കുക. അതുപോലുള്ള ഒരു അനുഭവത്തിൽക്കൂടി പോകുമ്പോൾ ഞാൻ എങ്ങനെ ആയിരിക്കും? അവിടെയാണ് സമർപ്പണത്തിന്റെ വില നാം അറിയുന്നത്; നമ്മുടെ സമർപ്പണത്തിന്റെ ആഴം നാം അറിയുന്നത്.

ഇല്ലല്ലോ കർത്താവേ, ഞാൻ ഒന്നുമായില്ലല്ലോ. എന്റെ സമർപ്പണം ഒന്നുമായില്ലല്ലോ. ക്രിസ്തീയ ശിഷ്യത്വത്തിന്റെ മൂല്യം വളരെയേറെ വലുതാണെന്നും അത്യനർഘമായ വിലയുള്ളതാണ് ക്രിസ്തീയജീവിതം എന്നും അതിനുവേണ്ടി കൊടുക്കേണ്ടി വരുന്നത് സ്വയം ത്യജിക്കുക എന്നുള്ളതാണെന്നും ക്രിസ്തുവിന്റെ മഹത്വത്തിനും ക്രിസ്തുവിന്റെ നാമത്തിനും വേണ്ടി ക്രൂശിക്കപ്പെടുക, മരിക്കുക, തീർന്നുപോകുക, രക്തസാക്ഷിയായിത്തീരുക എന്നുള്ളതാണെന്നും മറ്റും പറയാൻ, പ്രസംഗിക്കാൻ എളുപ്പമാണ്.

നമ്മുടെ ക്രിസ്തീയജീവിതത്തിൽ എത്ര കണ്ടു മൂല്യമുണ്ട്? നാം വാസ്തവത്തിൽ അത്ഭുതങ്ങളുടെ പിറകെ പരക്കം പായുന്നവരാണ്. ആത്മീയ ജീവിതത്തിൽ അനേകം ആളുകളും കുറെയേറെ രോഗസൗഖ്യങ്ങൾ, കുറെയേറെ അടയാളങ്ങൾ അതെല്ലാം കാണുകയും കാണിക്കുകയും ചെയ്തു. മനുഷ്യർ അതിലെല്ലാം സന്തോഷിച്ചും സംതൃപ്തിപൂണ്ടും കഴിയുന്നു. അതിലെല്ലാമാണ് ആത്മീയജീവിതം എന്ന് ധരിക്കുന്ന തലമുറയിൽ ക്രിസ്തീയജീവിതത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങുവാനുള്ള വലിയൊരു challenge ആണ് കർത്താവ് നമ്മുടെ മുമ്പിൽ വയ്ക്കുന്നത്.

ക്രിസ്തീയജീവിതത്തിന്റെ ആഴങ്ങളിലേക്കു കടക്കുക! Bonhoeffer ഒരു വിശ്വാസിയായി ജീവിച്ചു, രക്തസാക്ഷിയായി മരിച്ചു. ജിം എലിയറ്റ് എന്നുപറയുന്ന ദൈവദാസൻ തെക്കേ അമേരിക്കയിലെ ഇക്കഡോറിൽ ഔക്ക ജാതിക്കാരായ കിരാതന്മാരുടെ ഇടയിൽ സുവിശേഷവേല ചെയ്യാൻ പോയി.

അദ്ദേഹം അവിടെ ചെന്ന് യേശുക്രിസ്തുവിനെ അവർക്കു കാണിച്ചു കൊടുക്കാൻ ശ്രമിച്ചു. പക്ഷേ, മനുഷ്യമാംസം തിന്നുന്ന ഔക്ക ജാതിക്കാരായ കാട്ടാളന്മാർ അദ്ദേഹത്തെ കൊന്നു. അദ്ദേഹം മരിച്ചു എന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ തെക്കെ അമേരിക്കയിലേക്കു പുറപ്പെട്ടു. ഔക്ക ജാതിക്കാരുടെ ഭാഷ ആ സ്ത്രീ പഠിച്ചു.

അവിടെ ചെന്ന് അവരോടു പറഞ്ഞു: നിങ്ങൾ കൊന്നുതിന്ന ജിം എലിയറ്റിന്റെ ഭാര്യയാണ് ഞാൻ. ഞാൻ നിങ്ങളോടു പ്രതികാരം ചോദിക്കാനല്ല വന്നത്. ഞാൻ പരിഭവം പറയാനല്ല വന്നത്. ഞാൻ മരിക്കാനാണു വന്നിരിക്കുന്നത്. ഞാൻ വന്നിരിക്കുന്നത് ഇപ്പോഴും നിങ്ങളെ സ്നേഹിക്കുന്ന ഒരു ക്രിസ്തു ജീവിക്കുന്നുണ്ട് എന്നു പറയാനാണ്. അവർ വേദപുസ്തകം അവരുടെ ഭാഷയിലേക്ക് തർജ്ജമ ചെയ്തു. അവരുടെ ഇടയിൽ സഞ്ചരിച്ചു. അനേകം പേർ അവിടെ വിശ്വാസികളായി മാറി.

ഒറീസ്സായിൽ ഗ്രഹാം സ്റ്റെയിൻസും അദ്ദേഹത്തിന്റെ മക്കളും കൊല്ലപ്പെട്ടത്, ചുട്ടുകരിച്ചുകൊന്നത് പത്രങ്ങളിൽക്കൂടെ നാം മനസ്സിലാക്കിയതാണ്. ക്രിസ്തീയജീവിതം വിലയേറിയതാണ്. നമ്മെത്തന്നെ യാഗമായി അർപ്പണം ചെയ്യുന്നതാണ്.

ക്രിസ്തീയജീവിതത്തിന്റെ ആഴങ്ങളിലേക്ക് പോകാൻ ക്രിസ്തുവിന്റെ സ്നേഹം കണ്ടെത്തിയവർക്കു സാധിക്കും. യേശുക്രിസ്തുവിന്റെ സ്നേഹം എന്ത് എന്നറിഞ്ഞാൽ, ആത്മാവിന്റെ വില എന്ത് എന്നറിഞ്ഞാൽ, ആത്മാവ് എത്ര വിലിപ്പെട്ടത് എന്നു ഗ്രഹിച്ചാൽ, ദൈവരാജ്യം, നിത്യജീവൻ എത്ര മൂല്യമുള്ളതാണെന്നു ഗ്രഹിച്ചാൽ നാമെല്ലാം ക്രിസ്തുവി

നുവേണ്ടി നമ്മെത്തന്നെ അടിയറ വയ്ക്കും.

സുഖപ്രദവും സന്തോഷകരവുമായ ഒരു ജീവിതമല്ല കർത്താവ് വാഗ്ദാനം ചെയ്യുന്നത്. ആത്മാവിന്റെ നിറഞ്ഞ സന്തോഷം, ആത്മാവിന്റെ നിറഞ്ഞ ശാന്തി, ആത്മാവിന്റെ നിറഞ്ഞ സമാധാനം, അതാണ് ക്രിസ്തു നമുക്ക് തരുന്നത്.

ഒന്നാം നൂറ്റാണ്ടിലെ അപ്പൊസ്തൊലന്മാരും പിൽക്കാലത്തെ സഹദേന്മാരും കർത്താവിന്റെ പ്രിയപ്പെട്ട വിശ്വാസികളും എല്ലാം യാഗമർപ്പിച്ചവരാണ്. രക്തസാക്ഷികളുടെ രക്തമാണ് സഭയുടെ വളർച്ചയുടെ വളക്കൂറുള്ള മണ്ണ്.

ക്രിസ്തുവിനുവേണ്ടി ത്യാഗം സഹിക്കാൻ നാം തയ്യാറാകുമോ? ദൈവത്തിന്റെ ശബ്ദം കേട്ട് നമ്മെത്തന്നെ ത്യജിക്കാൻ നാം തയ്യാറാകുമോ? നമ്മുടെ ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്കു കൊടുത്തുകൊണ്ട്, നമ്മെത്തന്നെ പൂർണ്ണമായി ഉപേക്ഷിച്ചുകൊണ്ട്, തന്നെത്തന്നെ ത്യജിച്ചുകൊണ്ട് ക്രിസ്തുവിന്റെ കരങ്ങളിലേക്കു കൊടുക്കുവാൻ നാം തയ്യാറാകുമോ? എങ്കിൽ നമ്മുടെ ജീവിതം ധന്യമാകും.

ക്രിസ്തീയജീവിതത്തിന്റെ അനുഭവങ്ങളിലേക്കു കടക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ ക്രിസ്തു പ്രസാദിക്കത്തക്കവണ്ണം എന്നെത്തന്നെ ത്യജിച്ചുകൊണ്ടു ഞാൻ നിൽക്കുമെന്നു നിങ്ങൾ തീരുമാനിച്ചാൽ നിങ്ങൾ നിത്യതയിൽ പരിഗണിക്കപ്പെടും.

കഷ്ടപ്പാടിന്റെ മദ്ധ്യത്തിൽ സ്തുതിക്കാൻ സാധിക്കുക. രോഗത്തിന്റെ പെരുപ്പത്തിൽ സ്തുതിക്കാൻ സാധിക്കുക. വേദനയുടെ ആധിക്യത്തിൽ സ്തുതിക്കാൻ സാധിക്കുക. എല്ലാവരും വെറുക്കുമ്പോൾ സ്തുതിക്കാൻ സാധിക്കുക. ആരും അനുകൂലമല്ലാതെ വരുമ്പോൾ സ്തുതിക്കാൻ സാധിക്കുക. എല്ലാവരും പകയ്ക്കുകയും വിദ്വേഷിക്കുകയും തെറ്റിദ്ധരിക്കുകയും ചെയ്യുമ്പോൾ കർത്താവിനു മഹത്വം കരേറ്റാൻ സാധിക്കുക. അതത്ര ചെറിയ കാര്യമല്ല. പക്ഷേ, അത് നിത്യതയിൽ

വിലപ്പെട്ടതാണ്.

നിങ്ങളുടെ മക്കൾ അനുഗ്രഹിക്കപ്പെടും. നിങ്ങളുടെ ഭാവി തലമുറകൾ അനുഗ്രഹിക്കപ്പെടും. ക്രിസ്തുവിന്റെ അത്ഭുതകരം നിങ്ങളുടെ തലമേൽ വരും; നിങ്ങളുടെ തലമുറ മേൽ വരും. ക്രിസ്തുവിനുവേണ്ടി ഒരു ചെറുവിരലെങ്കിലും അനക്കാൻ സാധിച്ചാൽ അത് മഹാഭാഗ്യമാണ്. ക്രിസ്തുവിനു വേണ്ടി നിങ്ങളെത്തന്നെ വിട്ടുകൊടുക്കാൻ നിങ്ങൾക്കു സാധി ച്ചാൽ മഹാഭാഗ്യമാണ്.

കർത്താവായ യേശുക്രിസ്തു തന്നെത്തന്നെ നമുക്കു വേണ്ടി തന്നതാണ്. അവന്റെ ദിവ്യജീവൻ നമുക്കുവേണ്ടി ബലി അർപ്പിച്ചതാണ്. അവൻ തന്നെത്തന്നെ നമുക്കു വേണ്ടി അർപ്പണം ചെയ്തവനാണ്. ക്രിസ്തു നമുക്കുവേണ്ടി എല്ലാം തന്നു. തന്റെ മുപ്പത്തിമൂന്നര വയസ്സിൽ തന്റെ ആയുസ്സ് നമു ക്കുവേണ്ടി ബലിയർപ്പിച്ചു. തന്റെ ചുടുചോര നമുക്കുവേണ്ടി ചിന്തി. മുപ്പത്തിമൂന്നരവയസ്സിൽ തന്റെ ഈ ഭൂമിയിലെ ജീവിതം നമുക്കുവേണ്ടി മുഴുവനായി കാണിക്കയർപ്പിച്ചു.

പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ വചനത്തിനു മുന്നിൽ താഴാൻ നിങ്ങൾക്കു സാധിക്കുമോ? കർത്താവേ, ഇതുവ രേയും ക്രിസ്തീയജീവിതത്തിന്റെ ആഴം ഞാൻ കണ്ടില്ല. ആത്മീയജീവിതം കഷ്ടതയുടെ ജീവിതമാണെന്ന് ഞാൻ അറി ഞ്ഞില്ല. അത് ക്രൂശിന്റെ പാതയാണെന്നു ഞാൻ അറിഞ്ഞില്ല.

എന്റെ നാഥാ, എന്റെ ജീവിതത്തിൽ ഇതുവരെയും ഞാൻ സത്യക്രിസ്ത്യാനിയായില്ല എന്നു ഞാൻ ഏറ്റുപറയുന്നു. ഞാൻ പേരിനുമാത്രം ക്രിസ്ത്യാനിയായി ജീവിച്ചു. യേശുപോയ വഴിയിൽക്കൂടി ക്രൂശും പേറിപ്പോകുന്നതിനെ ക്കുറിച്ച് ഞാൻ ചിന്തിച്ചുപോലുമില്ല. ഇങ്ങനെ നിങ്ങൾക്ക് നിങ്ങളെത്തന്നെ കാണാൻ കഴിയുമോ? എങ്കിൽ ഇന്ന് നിങ്ങൾക്ക് ഒരു വിശ്വാസജീവിതം തുടങ്ങാം.

## എട്ട്

*"അതിന്റെ ശേഷം ദൈവം അബ്രാഹാമിനെ പരീക്ഷിച്ചതു എങ്ങനെയെന്നാൽ: അബ്രാഹാമേ, എന്നു വിളിച്ചതിന്ന്: ഞാൻ ഇതാ എന്നു അവൻ പറഞ്ഞു."* *ഉല്പത്തി 22 : 1*

ദൈവം അബ്രാഹാമിനെ പരീക്ഷിച്ചു. അബ്രാഹാമിനെ ദൈവം test ചെയ്തു. എന്നാൽ യാക്കോബിന്റെ ലേഖനത്തിൽ പരീക്ഷിച്ചു എന്നല്ല അവിടെ tempt ചെയ്തു, പ്രലോഭിപ്പിച്ചു എന്നാണ് കാണുന്നത്.

*"പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും. പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്ന് ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു. താൻ ആരേയും പരീക്ഷിക്കുന്നതുമില്ല. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭംധരിച്ചു പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു."*

*യാക്കോബ് 1 : 12 – 15*

മനുഷ്യന്റെ ഉള്ളിലുള്ള മോഹം, അത് പാപമായിത്തീരുന്നു. Temptation പാപമായി, പ്രലോഭനമായി മാറുന്നു;

മോഹം ഗർഭംധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു.

ദൈവം ആരേയും പരീക്ഷിക്കുന്നില്ല, സാത്താനാണ് പരീക്ഷിക്കുന്നത്. സാത്താൻ പരീക്ഷിക്കുന്നത് മോഹം തരുവാനും, തന്മൂലം പാപം തരുവാനും, അവസാനം മരണം തരുവാനുമാണ്.

ജീവനുള്ള ദൈവം നമ്മെ പരീക്ഷിക്കുകയല്ല. നമ്മെ പരിശോധിക്കുകയാണ്. കഷ്ടതകൾ ദൈവം അനുവദിക്കുന്നു; ദൈവം നമുക്ക് ദുരിതങ്ങൾ അനുവദിക്കുന്നു.

കഷ്ടതകൾ വരുത്തുന്നതു ദൈവമല്ല; ദുരിതങ്ങൾ വരുത്തുന്നതു ദൈവമല്ല; ആപത്തു വരുത്തുന്നത് ദൈവമല്ല; അപകടങ്ങൾ വരുത്തുന്നത് ദൈവമല്ല. നഷ്ടങ്ങൾ വരുത്തുന്നത് ദൈവമല്ല. സകല തിന്മയുടെയും ഉറവിടം പിശാചാണ്. സാത്താനാണ് തിന്മകൾ വരുത്തുന്നത്. നമുക്ക് രോഗം വരുത്തുന്നത് പിശാചാണ്.

> *"മോശെ ജനത്തോട്: ഭയപ്പെടേണ്ട; നിങ്ങളെ പരീക്ഷിക്കേണ്ടതിന്നും നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ അവങ്കലുള്ള ഭയം നിങ്ങൾക്ക് ഉണ്ടായിരിക്കേണ്ടതിന്നും അത്രേ ദൈവം വന്നിരിക്കുന്നതു എന്നു പറഞ്ഞു."* *പുറപ്പാട് 20 : 20*

ദൈവഭയം നിങ്ങൾക്കുണ്ടാകുവാൻ, പാപം വന്നാൽ നിങ്ങളുടെ ജീവിതത്തിൽ അപകടം വരുമെന്ന് നിങ്ങൾക്ക് മനസ്സിലാക്കിത്തന്ന് നിങ്ങൾ പാപത്തിൽ വീഴാതെ നിൽക്കുമോ എന്ന് നിങ്ങളെ test ചെയ്യാനാണ് ദൈവം ഇത് നിങ്ങൾക്ക് അനുവദിച്ചിരിക്കുന്നത്.

> *"നിന്റെ ദൈവമായ യഹോവ നിന്നെ താഴ്ത്തുവാനും തന്റെ കല്പനകൾ പ്രമാണിക്കുമോ ഇല്ലയോ എന്നു നിന്നെ പരീക്ഷിച്ചു നിന്റെ ഹൃദയത്തിൽ ഇരിക്കുന്നതു അറിവാനുമായി നിന്നെ ഈ*

*നാല്പതു സംവത്സരം മരുഭൂമിയിൽ നടത്തിയ വിധമൊക്കെയും നീ ഓർക്കേണം.”*

*ആവർത്തനം 8 : 2*

ദൈവം നമ്മുടെ സമർപ്പണം ആഴത്തിൽ ഉറപ്പിക്കുക യാണ്. നമ്മെ പാപത്തിൽ വീഴിക്കാൻ പിശാച് പ്രലോഭനങ്ങൾ തരുന്നു. എന്നാൽ പരിശോധനകൾ ദൈവം നമുക്കു തരുന്നത് സമർപ്പണം ആഴത്തിലാക്കാൻ വേണ്ടിയാണ്.

പരീക്ഷകൾ വരുമ്പോഴും അതുതന്നെയാണ് സംഭവി ക്കുന്നത്. പിശാച് പരീക്ഷകൾ കൊണ്ടുവരും, പ്രലോഭനങ്ങൾ കൊണ്ടുവരും. അപ്പോഴാണ് നാം ജയിച്ചു നിൽക്കേണ്ടത്.

നമ്മുടെ ജീവിതത്തിൽ വരുന്ന പരീക്ഷകൾ, നമ്മുടെ ജീവിതത്തിൽ വരുന്ന temptations അത് നന്മയ്ക്കാക്കി മാറ്റാൻ ദൈവത്തിനു കഴിയും. അവിടെ ജയിച്ചു നിൽക്കുമ്പോൾ, ഒരു കാരണവശാലും തെറ്റ് എന്റെ ജീവിതത്തിൽ വരികയില്ല എന്ന് നാം തീരുമാനിക്കുമെങ്കിൽ നിങ്ങളുടെ ജീവിതത്തിൽ വന്ന കഷ്ടപ്പാടുകളും ദുരിതങ്ങളും ആപത്തുകളും രോഗങ്ങളും എല്ലാ യാതനകളും വേദനകളും നന്മയ്ക്കാക്കി ദൈവം മാറ്റി ത്തരും.

*“ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയപ്ര കാരം വിളിക്കപ്പെട്ടവർക്കുതന്നേ, സകലവും നന്മ യ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറി യുന്നു.”* *റോമർ 8 : 28*

ദൈവം അബ്രാഹാമിനെ പരീക്ഷിച്ചു. അബ്രാഹാമിന്റെ സമർപ്പണം എന്താണ്? അബ്രാഹാമിന്റെ സമർപ്പണത്തിന്റെ ആഴം എന്തുണ്ട്? അബ്രാഹാമിന്റെ സമർപ്പണം എത്രമാത്രം ദൈവത്തോടുള്ള സ്നേഹത്തിലാണ്? ദൈവം കല്പിച്ചാൽ അനുസരിക്കാനുള്ള വിനയവും അനുസരണശീലവും അബ്രാ ഹാമിനുണ്ടോ? ദൈവം അബ്രാഹാമിനെ test ചെയ്തു.

അബ്രാഹാമിനു തന്നെത്തന്നെ കാണുവാൻ സാധിച്ചു. അബ്രാഹാം ദൈവസന്നിധിയിൽ വിനയപൂർവ്വം ഇരിക്കുവാൻ

അത് കാരണമായിത്തീർന്നു. ദൈവം അബ്രാഹാമിനോടു പറഞ്ഞു: നിന്റെ മകനെ നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നെ കൂട്ടിക്കൊണ്ട് നീ മോറിയാദേശത്തു ചെന്ന് ഞാൻ നിന്നോടു കല്പിക്കുന്ന മലയിൽ അവനെ ഹോമയാഗം കഴിയ്ക്ക.

അബ്രാഹാം അമ്പരന്നു. ദൈവം തന്ന ദാനമല്ലേ യിസ്ഹാക്ക്! ദൈവം തന്ന നിധിയല്ലേ യിസ്ഹാക്ക്! അവനെ കൊന്നാൽ പിന്നെ ഈ നിധി എങ്ങനെ നിലനിൽക്കും? എന്റെ വീട്ടിൽ ചിരി ഉണ്ടാക്കിയവനല്ലേ യിസ്ഹാക്ക്? എന്റെ ഭാര്യയ്ക്ക് ചിരി ഉണ്ടാക്കിയവനല്ലേ യിസ്ഹാക്ക്? നാട്ടുകാർക്കൊക്കെ അത്ഭുതവിഷയമല്ലേ യിസ്ഹാക്ക്? ഇവനെ കൊന്നാൽ പിന്നെ എങ്ങനെ എന്റെ വീട്ടിൽ ചിരി തുടരും? എന്റെ വീട്ടിൽ അസ്വസ്ഥത വർദ്ധിക്കില്ലേ? അബ്രാഹാം പലതും പലതും ചിന്തിച്ചു. അബ്രാഹാമിന്റെ മനസ്സിൽ കൂട്ടലും കിഴിക്കലും ധാരാളം നടന്നു.

അബ്രാഹാം ഓർത്തു. എന്റെ മകനെ എന്റെ കൈകൊണ്ട് ഞാൻ കൊല്ലണമോ? അവനെ ഞാൻ ഹോമയാഗം കഴിക്കണമോ? ദൈവം തന്നെ തന്നതാണോ ഈ കല്പന? ദൈവത്തിൽ നിന്നുതന്നെ വന്നതാണോ ഈ ആശയം? എന്താണു ഞാൻ ഈ കേൾക്കുന്നത്? അബ്രാഹാമിനു സ്വാഭാവികമായും സംശയങ്ങൾ ഉണ്ടാകാം.

അബ്രാഹാം ദൈവസന്നിധിയിൽ ജാഗരണത്തോടെ ഇരുന്നു. മൂന്നു ദിവസത്തെ സമയം ദൈവം അബ്രാഹാമിനു കൊടുത്തു. നീ മൂന്നു ദിവസം വഴിയാത്ര ചെയ്യൂ. ഈ മൂന്നു ദിവസംകൊണ്ട് നിനക്കു കൂട്ടിനോക്കാം, കിഴിച്ചു നോക്കാം. നിനക്ക് നല്ലപോലെ ചിന്തിക്കാം. ധൃതഗതിയിൽ തീരുമാനം എടുക്കണ്ട. ഞാൻ പറയുന്നത് നല്ലതാണെന്ന് നിനക്ക് തോന്നുന്നെങ്കിൽ മാത്രം നീ അനുസരിച്ചാൽ മതി.

അബ്രാഹാമിന്റെ മനസ്സിൽക്കൂടി ചിന്തകൾ പാഞ്ഞുവരികയാണ്. അബ്രാഹാം രാവിലെ എഴുന്നേറ്റു. ഭാര്യയായ

സാറായെ വിളിച്ചു, മകനെ വിളിച്ചു. മകനോട് ദൂരെ ഒരിടത്ത് നമുക്ക് ഒരു യാഗം കഴിക്കാൻ പോകണമെന്നു പറഞ്ഞു. യിസ്ഹാക്ക് തയ്യാറായി നിന്നു. സാറാ അതിനുവേണ്ടി ആഹാരവും കാര്യങ്ങളുമെല്ലാം ശരിയാക്കിക്കൊടുത്തു. ഒട്ടകങ്ങളെ എല്ലാം ഒരുക്കി, വേലക്കാരെ ഒരുക്കി അബ്രാഹാം പോകുകയാണ്.

യാത്ര പോകുമ്പോൾ അബ്രാഹാം ചിന്താവിവശനാണ്. അബ്രാഹാം ആലോചിക്കുകയാണ്: എന്റെ ദൈവമേ, ഞാൻ എന്റെ കൈകൊണ്ട് എന്റെ മകനെ കൊല്ലണമോ? അല്ല ഞാൻ അത് ചെയ്യും. എന്റെ ദൈവം കല്പിച്ചതാണ്. എനിക്ക് ഈ മകനെ തന്നതവനാണ്. ഈ ദാനങ്ങളെല്ലാം തന്നവനാണ് എന്നോട് പറഞ്ഞത്, ഇതെല്ലാം അർപ്പണം ചെയ്യുക എന്ന്.

സ്നേഹിതരേ, നിങ്ങൾക്ക് എല്ലാ ദാനങ്ങളും ദൈവം തന്നു. എന്താണ് തരാത്തത്? നിങ്ങൾ ചോദിച്ചതെല്ലാം തന്നില്ലേ? നിങ്ങൾക്ക് ആയുസ്സ് തന്നില്ലേ? നിങ്ങൾ രോഗസൗഖ്യം ചോദിച്ചു, രോഗസൗഖ്യം തന്നു. വരുമാനമാർഗ്ഗം ചോദിച്ചു, വരുമാനമാർഗ്ഗം തന്നു. നിങ്ങളുടെ ജീവിതം ക്രിസ്തുവിനു സമർപ്പിച്ചതിനുശേഷമുള്ള ജീവിതത്തിൽ അന്നുള്ളതിനേക്കാൾ ഇന്ന് അഭിവൃദ്ധിയല്ലേ? ഐശ്വര്യമല്ലേ?

എല്ലാം ദൈവം തന്നു. ഒന്നിനും കുറവുവരുത്തിയില്ല. പഴയകാലങ്ങളിലേക്കു തിരിഞ്ഞുനോക്കൂ. നടന്നു വന്ന വഴികളിലേക്കു തിരിഞ്ഞുനോക്കൂ. ഏതെല്ലാം വഴികളിലൂടെയാണ് ഇവിടംവരെ എത്തിയത്? അപ്പോൾ നിങ്ങൾക്കു മനസ്സിലാകും, ഈ ദൈവത്തെ അനുസരിക്കുന്നതു നല്ലതാണ്, ഈ ദൈവത്തിന്റെ ഹിതം നിറവേറ്റുന്നതു നല്ലതാണ് എന്ന്.

> *"യാഗം കഴിച്ച് എന്നോടു നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ."* *സങ്കീർത്തനങ്ങൾ 50 : 5*

കർത്താവേ, ഞാൻ ഇതാ, എന്റെ ദേഹവും ദേഹിയും ആത്മാവും സമ്പൂർണ്ണ യാഗമായി സമർപ്പിക്കുന്നു. എന്നെ

നിന്റെ കരങ്ങളിലേക്കു തരുന്നു. എന്റെ ആയുസ്സ് നിനക്കു തരുന്നു. ഒരണുവിൽപ്പോലും പാപം പറ്റാതെ, ചെളി പുരളാതെ കറ പറ്റാതെ ഞാൻ നിൽക്കും. എന്റെ യേശുവിന്റെ ഛായ പ്രാപിച്ചു ഞാൻ നിൽക്കും എന്ന് സമർപ്പിക്കുക.

> *"വിശ്വാസത്താൽ അബ്രാഹാം താൻ പരീക്ഷിക്കപ്പെട്ടപ്പോൾ യിസ്ഹാക്കിനെ യാഗം അർപ്പിച്ചു. യിസ്ഹാക്കിൽനിന്നു ജനിക്കുന്നവർ നിന്റെ സന്തതി എന്നു വിളിക്കപ്പെടും എന്നു അരുളപ്പാടു ലഭിച്ചു വാഗ്ദത്തങ്ങളെ കൈക്കൊണ്ടവൻ തന്റെ ഏകജാതനെ അർപ്പിച്ചു; മരിച്ചവരുടെ ഇടയിൽനിന്ന് ഉയർപ്പിപ്പാൻ ദൈവം ശക്തൻ എന്നു എണ്ണുകയും അവരുടെ ഇടയിൽനിന്നു എഴുന്നേറ്റവനെപ്പോലെ അവനെ തിരികെ പ്രാപിക്കുകയും ചെയ്തു."* *എബ്രായർ 11 : 17 – 19*

"വിശ്വാസത്താൽ അബ്രാഹാം താൻ പരീക്ഷിക്കപ്പെട്ടപ്പോൾ യിസ്ഹാക്കിനെ യാഗം അർപ്പിച്ചു." ദൈവം അബ്രാഹാമിനെ വിളിച്ച് തന്റെ മകനായ യിസ്ഹാക്കിനെ യാഗം കഴിക്കണമെന്ന് ആവശ്യപ്പെടുന്നു. ദൈവം അബ്രാഹാമിനെ പരീക്ഷിച്ചു.

> *"അതിന്റെശേഷം ദൈവം അബ്രാഹാമിനെ പരീക്ഷിച്ചത് എങ്ങനെയെന്നാൽ: അബ്രാഹാമേ, എന്ന് വിളിച്ചതിന്നു: ഞാൻ ഇതാ എന്ന് അവൻ പറഞ്ഞു. അപ്പോൾ അവൻ: നിന്റെ മകനെ, നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നേ, കൂട്ടിക്കൊണ്ട് മോറിയാദേശത്ത് ചെന്നു, അവിടെ ഞാൻ നിന്നോട് കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്നു അരുളിച്ചെയ്തു."* *ഉല്പത്തി 22 : 1, 2*

അബ്രാഹാം ദൈവത്തെ വിശ്വസിച്ചു, വചനം അനുസരിച്ചു. വളരെ വ്യക്തമായും കൃത്യമായും ഉള്ള ഒരു വചനമാണ്

ദൈവം കൊടുക്കുന്നത്. നീ പുറപ്പെടുക, നീ ആരെയാണ് കൂട്ടിക്കൊണ്ടു പോകേണ്ടത്, ആരെയാണ് യാഗം കഴിക്കേണ്ടത്, അവനെ ഇന്ന സ്ഥലത്ത് യാഗം കഴിക്ക എന്നാണ് പറയുന്നത്.

ദൈവത്തിന്റെ വചനം എപ്പോഴും വളരെ കൃത്യതയുള്ള താണ്. ദൈവം നമ്മോട് ഇടപെടുന്നത് വളരെ കൃത്യമായിട്ടാണ്; യാതൊരു അവ്യക്തതയും അതിലുണ്ടായിരിക്കുകയില്ല.

കൃത്യമായി ദൈവം നമ്മോടു കല്പിക്കുന്നു. നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിന്, ദൈവത്തിന്റെ പ്രതീക്ഷ നിറവേറ്റുന്നതിന്, നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ആഗ്രഹം നിറവേറ്റുന്നതിന് നാം ചിലതു ചെയ്യണം എന്നാണ് ദൈവം പറയുന്നത്. നമ്മിൽ നിന്നുകൊണ്ട് കർത്താവിന് ഈ തലമുറയിൽ ചില കാര്യങ്ങൾ ചെയ്യാനുണ്ട്. വളരെ ഉന്നതമായ പ്രതീക്ഷകളാണ് ദൈവത്തിന് നാം ഓരോരുത്ത രേയും കുറിച്ചുള്ളത്.

സഹോദരങ്ങളേ, നാം ശൂന്യതയിൽ നിന്ന് വന്നവരല്ല, ശൂന്യതയിലേക്ക് പോകുന്നവരല്ല. ദൈവത്തിന്റെ വ്യക്തമായ പദ്ധതിയനുസരിച്ചാണ് നാം ഈ ഭൂമിയിലേക്ക് വന്നത്. നിത്യ നായ ദൈവത്തിന്റെ അത്ഭുതകരങ്ങൾ തന്നെയാണ് നമ്മെ ഇതുവരെയും നടത്തി ഇവിടംവരെയും എത്തിച്ചത്. ഒരണു വിൽപ്പോലും ദൈവം കാണാതിരുന്നില്ല, ദൈവം അറിയാതിരുന്നില്ല. എല്ലാം അറിഞ്ഞും കണ്ടും ദൈവം നിയമിച്ചുമാണ് ഇന്ന് ഇവിടം വരെയും എത്തിയത്.

ഏതെല്ലാം കടമ്പകൾ കടന്നു! ഏതെല്ലാം വൈതരണികൾ കടന്നു! ഏതെല്ലാം പ്രതിസന്ധികളെ നേരിട്ടു! ഏതെല്ലാം പ്രശ്നങ്ങളെ അഭിമുഖീകരിച്ചു! എവിടെയെല്ലാം ചെന്ന് മുട്ടി, തട്ടി, വീണു, എഴുന്നേറ്റു, വേച്ചു, വിറച്ചു, പലപ്പോഴും പതറി, ഭയപ്പെട്ടു. പലപ്പോഴും പരിഭ്രാന്തരായി, വിഷമിച്ചു. പലപ്പോഴും ഭയചകിതരായി, ചിലപ്പോൾ ഭീരുക്കളായി, ചിലപ്പോഴെല്ലാം വാടിത്തളർന്നുപോയി, നിരാശരായി. എന്നാൽ ദൈവം എല്ലാം കണ്ടുകൊണ്ട് നിൽക്കുന്നുണ്ടായിരുന്നു.

നമ്മെ കാണുന്ന ഒരു ദൈവം! നമ്മെ കരുതുന്ന ദൈവം! നമ്മെ കാക്കുന്ന ദൈവം! നമ്മെ പരിപാലിക്കുന്ന ദൈവം! നമ്മുടെ കാര്യം അന്വേഷിക്കുന്ന ദൈവം! ഏറ്റവും നല്ല പദ്ധതി നമ്മിൽ നിവർത്തിക്കാൻ ദൈവം ബദ്ധപ്പാടോടെ, സ്നേഹത്തോടെ നിൽക്കുന്നു.

> *"നിങ്ങൾ പ്രത്യാശിക്കുന്ന ശുഭഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ചു നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവ എന്നു ഞാൻ അറിയുന്നു."*
>
> *യിരമ്യാവ് 29 : 11*

നമ്മെ ഉയർത്തുവാൻ, ദൈവം ഉദ്ദേശിക്കുന്ന സ്ഥാനത്തേക്ക് ആക്കുവാൻ ദൈവം ബദ്ധപ്പാടോടെ നിൽക്കുകയാണ്. എനിക്കു കഴിവില്ല എന്നു നിങ്ങൾ പറയരുത്. എനിക്കാരുമില്ല, എന്നെ സ്നേഹിക്കാൻ ആരുമില്ല എന്നു നിങ്ങൾ ചിന്തിക്കരുത്. ഞാൻ ഒറ്റപ്പെട്ടുപോയല്ലോ എന്നു നിങ്ങൾ ഓർക്കരുത്.

നിങ്ങളെക്കാണുന്ന, നിങ്ങളെ നടത്താൻ മതിയായ ഒരു ദൈവമുണ്ട്. നിങ്ങളെ സ്നേഹിക്കുന്ന ഒരു ദൈവമുണ്ട്.

ദൈവം പറഞ്ഞ വചനത്തിന് വിരുദ്ധമായിട്ടല്ലേ ഇപ്പോൾ കിട്ടുന്നത്? അപ്പോൾ ഇത് ദൈവികമായ വചനം ആണോ? വേണമെങ്കിൽ മാനുഷികമായി ചിന്തിച്ചു പോകാവുന്നതാണ്. പക്ഷേ, അബ്രാഹാമിന് സംശയമില്ല. ദൈവം എന്നോടു പറഞ്ഞതാണ്: "നിനക്ക് ആകാശത്തിലെ നക്ഷത്രങ്ങൾപോലെ സന്തതിയെ തരും, നിന്റെ സന്തതി ഈ ദേശം അവകാശ മാക്കും" എന്ന്.

അതേ ദൈവം തന്നെയാണ് ഇപ്പോൾ എന്നോട് പറയു ന്നത്: നിന്റെ മകനെ നീ സ്നേഹിക്കുന്ന നിന്റെ ഏകജാതനായ യിസ്ഹാക്കിനെ തന്നേ, കൂട്ടിക്കൊണ്ട് മോറിയാദേശത്ത് ചെന്ന്, അവിടെ ഞാൻ നിന്നോടു കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക എന്ന്. അബ്രാഹാം ദൈവത്തെ വിശ്വസിച്ചു.

അബ്രാഹാം എന്താണ് വിശ്വസിച്ചത്? "മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർപ്പിപ്പാൻ ദൈവം ശക്തൻ എന്ന് എണ്ണി."

മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേറ്റവനെപ്പോലെ അവനെ തിരികെ പ്രാപിച്ചു. മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പിക്കാൻ ദൈവം ശക്തൻ എന്ന് അബ്രാഹാം വിശ്വസിച്ചു. "ആശയ്ക്കു വിരോധമായി ആശയോടെ വിശ്വസിച്ചു." അതാണ് വിശ്വാസം!

"വിശ്വാസം എന്നതോ ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു." വചനത്തിൽ ആഴമേറിയ വിശ്വാസം! വ്യക്തമായ വിശ്വാസം! വചനത്തിൽ ശക്തമായ, ദൃഢമായ വിശ്വാസം! എന്നോട് കല്പിച്ച ദൈവം, ഇപ്പോൾ എന്നോട് ഇങ്ങനെ പറയുമ്പോൾ ഞാൻ സംശയിക്കുന്നില്ല എന്ന് അബ്രാഹാം സ്വയം ഉറച്ചു.

> *"അബ്രാഹാം അതികാലത്തു എഴുന്നേറ്റു കഴുതയ്ക്കു കോപ്പിട്ടു കെട്ടി ബാല്യക്കാരിൽ രണ്ടുപേരെയും തന്റെ മകൻ യിസ്ഹാക്കിനെയും കൂട്ടി ഹോമയാഗത്തിന് വിറകു കീറി എടുത്തും കൊണ്ട് പുറപ്പെട്ടു."* *ഉല്പത്തി 22 : 3*

"അബ്രാഹാം അതികാലത്ത് എഴുന്നേറ്റു." അതിനിടയ്ക്ക് എന്തെല്ലാം സംഭവങ്ങൾ നടന്നുകാണും? ആ രാത്രി അബ്രാഹാം ഉറങ്ങിക്കാണുമോ? തിരുവചനത്തിൽ ആ കാര്യങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. അനേക കാര്യങ്ങൾ അതിന്റെ പിന്നിൽ നടന്നത് നമുക്കു ചിന്തിക്കാവുന്നതേയുള്ളൂ.

അബ്രാഹാം എത്രനേരം ആലോചിച്ചുകാണും? എത്രയോ നേരം പ്രാർത്ഥിച്ചു കാണും? അബ്രാഹാം പിന്നെ ഉറങ്ങിക്കാണുകയില്ല. ഭാര്യയോട് അതിനെക്കുറിച്ച് വ്യക്തമായ ഒരു സൂചന കൊടുത്തു കാണുകയില്ല. പക്ഷേ, 'ഞാൻ അവിടെ യാഗം കഴിക്കാൻ പോകുകയാണ്' എന്നുമാത്രം പറഞ്ഞു. സാറാ മോനെ ഉമ്മ വെച്ച് യാത്ര അയയ്ക്കുന്നു. അബ്രാഹാം മോനെ കൂട്ടിക്കൊണ്ടുപോകുന്നു.

അബ്രാഹാം അതിരാവിലെ ബദ്ധപ്പാടോടെ എഴുന്നേറ്റു; കൃത്യമായി എഴുന്നേറ്റു. ദൈവത്തിന്റെ വചനം അനുസരിക്കാനുള്ള ബദ്ധപ്പാട്! വചനം അനുസരിക്കാനുള്ള തിടുക്കം!

ദൈവത്തിന്റെ വചനം കൃത്യമായി നമ്മോടു കല്പിക്കുമ്പോൾ വചനം അനുസരിക്കാൻ നാം തിടുക്കം കൂട്ടേണ്ടതാണ്. ഒരു നിമിഷം പോലും വൈകരുത്. അല്പംപോലും സമയം തെറ്ററുത്. ദൈവത്തിന്റെ വചനപ്രകാരമുള്ള സമയം കിട്ടിക്കഴിഞ്ഞാൽ പിന്നെ അതിവേഗം നീങ്ങിക്കൊള്ളണം.

അബ്രാഹാം അതികാലത്ത് എഴുന്നേറ്റ് ഒരുക്കങ്ങൾ നടത്തുകയാണ്. രണ്ടു ബാല്യക്കാരെ കൂട്ടി, കഴുതയ്ക്ക് കോപ്പിട്ടു കെട്ടി. മൂന്നു ദിവസത്തെ യാത്രയുണ്ട്. ആഹാരകാര്യങ്ങളെല്ലാം നോക്കണം. മരുഭൂമിയിൽക്കൂടിയുള്ള യാത്രയാണ്. തീർച്ചയായിട്ടും വെള്ളം കരുതേണ്ടതുണ്ട്. അതെല്ലാം കരുതി.

"കഴുതയ്ക്കു കോപ്പിട്ടു കെട്ടി ബാല്യക്കാരിൽ രണ്ടു പേരെയും തന്റെ മകൻ യിസ്ഹാക്കിനെയും കൂട്ടി ഹോമയാഗത്തിന്നു വിറകു കീറി എടുത്തുംകൊണ്ടു പുറപ്പെട്ടു."

എല്ലാം കൃത്യമായിട്ടാണ് പറയുന്നത്. "വിറകു കീറി എടുത്തുംകൊണ്ട് പുറപ്പെട്ടു." അവിടെച്ചെന്ന് വിറകു കീറാൻ നേരമില്ല. അവിടെച്ചെന്ന് വിറകു സംഭരിക്കാൻ ഒക്കുകയില്ല. അതിനുള്ള സമയമെടുക്കാൻ പറ്റുകയില്ല. എല്ലാം കൃത്യമായി ചെയ്ത് മുന്നോട്ട് നീങ്ങുകയാണ്.

പ്രിയപ്പെട്ടവരേ, ദൈവജനത്തിന് എല്ലാറ്റിനും വേണം ഒരു കൃത്യത. നിങ്ങൾ രാവിലെ എഴുന്നേൽക്കുന്നതിൽ ഒരു കൃത്യത വേണം. നിങ്ങൾക്ക് ജോലിയിൽ ഒരു കൃത്യത വേണം. ജീവിതത്തിന്റെ വിവിധ കാര്യങ്ങളിലെല്ലാം ഒരു കൃത്യത വേണം. പഠിക്കുന്ന കുട്ടികൾ അവർ പഠിക്കുന്നതിന് നിശ്ചിത സമയം പാലിക്കണം. ഓരോന്നും കൃത്യസമയത്ത് പഠിച്ചു തീർക്കണം. ഒരിക്കലും അലസമായി നിങ്ങളുടെ ജീവിതം പോകാൻ പാടില്ല.

പൈസയുടെ കാര്യത്തിൽ കൃത്യത വേണം. കടം വാങ്ങിയാൽ തിരികെ കൊടുക്കുന്നതിൽ കൃത്യത വേണം. എല്ലാറ്റിലും നിയതമായ കൃത്യത നിങ്ങൾക്ക് ഉണ്ടായിരിക്കണം. പുസ്തകം, പേന മുതലായവ അതതു സ്ഥാനങ്ങളിൽ വയ്ക്കണം. ചിന്നിത്തൂവി കിടക്കരുത്. ദൈവത്തിന്റെ മക്കൾ സകല കാര്യത്തിലും കൃത്യത പാലിക്കാൻ ശ്രദ്ധിക്കണം.

ദൈവമക്കൾ അലസരായിരിക്കരുത്. എല്ലാ കാര്യത്തിലും എപ്പോഴും ഒരു വ്യക്തമായ തീരുമാനശക്തി നിഴലിട്ട് തങ്ങളുടെ ജീവിതത്തെ നിയന്ത്രിക്കേണ്ടതാണ് എന്നുള്ളത് നിങ്ങൾ അനുഭവമാക്കണം.

അബ്രാഹാം, ദൈവം തന്നോടു കല്പിച്ച സ്ഥലത്തേക്കു പോയി. ദൈവത്തിന്റെ വചനത്തിന്റെ വള്ളിയും പുള്ളിയും മാറാതെ ഹോമയാഗം കഴിക്കാൻ പോയി. അബ്രാഹാം എല്ലാ കാര്യത്തിലും ദൈവത്തിന്റെ കല്പനയനുസരിച്ച് തന്നെയാണ് ചെയ്തത്. “ദൈവം കല്പിച്ച സ്ഥലം’’ – അതാണ് അബ്രാഹാമിനെ നിയന്ത്രിക്കുന്നത്. ദൈവം എന്നോട് കല്പിച്ചിരിക്കുന്ന കാര്യം, അതിന് മാറ്റം വരാൻ പാടില്ല.

നിങ്ങൾക്ക് അനുഗ്രഹം വേണമെങ്കിൽ, ആത്മീയ ജീവിതത്തിൽ വളരണമെങ്കിൽ, മുന്നേറ്റം വേണമെങ്കിൽ, ഭൗതികജീവിതത്തിൽ ഐശ്വര്യത്തിൽ വളരണമെങ്കിൽ ജീവിതത്തിൽ ചില നിഷ്ഠകൾ ആവശ്യമാണ് – Regularity and Punctuality! കൃത്യനിഷ്ഠയും സമയനിഷ്ഠയും വേണം. അങ്ങനെ ഓരോ കാര്യത്തിലും കൃത്യനിഷ്ഠ പാലിക്കാമെങ്കിൽ നിങ്ങൾക്ക് ജീവിതത്തിൽ വിജയിച്ചു മുന്നോട്ടു പോകാം.

## ഒൻപത്

*“നമ്മുടെ പിതാവായ അബ്രാഹാം തന്റെ മകനായ യിസ്ഹാക്കിനെ യാഗപീഠത്തിന്മേൽ അർപ്പിച്ചിട്ടു പ്രവൃത്തിയാൽ അല്ലയോ നീതീകരിക്കപ്പെട്ടത്? അവന്റെ പ്രവൃത്തിയോടുകൂടെ വിശ്വാസം വ്യാപരിച്ചു എന്നും പ്രവൃത്തിയാൽ വിശ്വാസം പൂർണ്ണമായി എന്നും നീ കാണുന്നുവല്ലോ. അബ്രാഹാം ദൈവത്തെ വിശ്വസിക്കയും അതു അവന്നു നീതിയായി കണക്കിടുകയും ചെയ്തു എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു പേർ പ്രാപിച്ചു.”*

*യാക്കോബ് 2 : 21 – 23*

യിസ്ഹാക്കിനെ യാഗമർപ്പിച്ച പ്രവൃത്തിയാൽ ആണ് അബ്രാഹാമിന്റെ ജീവിതം നീതീകരിക്കപ്പെട്ടത്. വിശ്വാസം, അത് ഹൃദയത്തിൽ അടിയുറച്ച് ലഭിക്കുന്ന ഒരു മഹാഭാഗ്യമാണ്. വിശ്വാസികളുടെ പിതാവായ അബ്രാഹാം, വിശ്വാസം എന്ന ഹൃദയത്തിന്റെ ദൃഢമായ ബോദ്ധ്യത്തിൽ മാത്രം നിൽക്കാതെ പ്രവർത്തിയിൽക്കൂടി അത് തെളിയിക്കുകയാണ് ചെയ്തത്.

പ്രിയപ്പെട്ടവരേ, നമുക്ക് വിശ്വാസമുണ്ട് എന്ന് പറയാൻ എളുപ്പമാണ്. ഞാൻ ഒരു ദൈവവിശ്വാസിയാണ് എന്നു പറയാൻ എളുപ്പമാണ്. ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു, ദൈവം എന്നോടുകൂടെയുണ്ട് എന്നെല്ലാം അഭിമാനത്തോടെ പറയാൻ എളുപ്പമാണ്. എന്നാൽ വിശ്വാസം പരീക്ഷിക്കപ്പെടുന്ന സന്ദർഭത്തിൽ നാം എങ്ങനെ നിൽക്കുന്നു എന്നുള്ള

താണ് വിശ്വാസത്തിന്റെ ഉരകല്ല്; വിശ്വാസത്തിന്റെ മാന ദണ്ഡം. നമ്മുടെ വിശ്വാസം പരീക്ഷിക്കപ്പെടുന്ന സന്ദർഭങ്ങൾ വരുമ്പോൾ നാം എങ്ങനെ നിൽക്കും?

'ജീവിക്കുന്ന രക്തസാക്ഷികൾ' ('Tortured for Christ') എന്ന പേരിൽ റിച്ചാർഡ് വുംബ്രാൻഡ് എഴുതിയ പുസ്തകത്തിൽ ഞാൻ ഒരു സംഭവം വായിക്കുകയുണ്ടായി. റുമേനിയയിലെ തടവറയിൽ ക്രിസ്തീയ വിശ്വാസത്തിൽ മുറുകെപ്പിടിച്ചവരെ പീഡിപ്പിച്ച സമയത്ത് ഇദ്ദേഹത്തേയും പീഡിപ്പിക്കുകയുണ്ടായി.

അദ്ദേഹം വളരെ ധന്യനായ ഒരു സുവിശേഷകനായിരുന്നു. വളരെ ഉന്നതമായ രീതിയിൽ ദൈവത്തിന്റെ വേല ചെയ്ത് അനേകരെ കർത്താവിങ്കലേക്ക് ആനയിക്കാൻ ദൈവം ഉപയോഗിച്ച ഒരു ദൈവപുരുഷനായിരുന്നു റിച്ചാർഡ് വുംബ്രാൻഡ്. അദ്ദേഹം ആ ജയിലറയിൽ കിടക്കുമ്പോൾ മറ്റൊരിടത്തുണ്ടായ ഒരു സംഭവം വിവരിക്കുന്നത് ഇങ്ങനെയാണ്.

ഒരു ദേവാലയത്തിൽ അനേകം ആളുകൾ കൂടി വന്ന് ആരാധന നടക്കുകയാണ്. എല്ലാവരും വളരെ ശ്രദ്ധയോടുകൂടി സ്തുതിക്കുകയും പ്രാർത്ഥിക്കുകയും തിരുവചനം കേൾക്കുകയും ചെയ്യുന്നു. അതിന്റെ അവസാന സമയമായപ്പോഴേക്കും ആ ദേവാലയത്തിൽ ആരാധന നയിക്കുന്നയാൾ ആശീർവ്വാദത്തി നായി എഴുന്നേറ്റു. എല്ലാവരും അവസാനത്തെ ആശീർവ്വാദത്തിനു വേണ്ടി കാതോർത്ത് തല താഴ്ത്തി കണ്ണുകളടച്ചിരിക്കുകയാണ്.

അപ്പോഴാണ് പെട്ടെന്ന് ഒരു ശബ്ദം കേട്ടത്. നാല് പടയാ ളികൾ ആ പ്രാർത്ഥനാലയത്തിലേക്ക് പാഞ്ഞുകയറിവന്നു. എല്ലാവരുടെയും കൈയിൽ തോക്കുണ്ട്. അവരുടെ ശബ്ദവും ഒച്ചപ്പാടും കേട്ട് ഞെട്ടലോടെ എല്ലാവരും കണ്ണ് തുറന്നു. അവർ തോക്ക് ആ ആളുകളുടെ നേരെ ചൂണ്ടി.

ക്രിസ്തുവിശ്വാസം ത്യജിച്ചവരെല്ലാം ഇടത്തുഭാഗത്തേയ്ക്ക് മാറി നിൽക്കുക, ക്രിസ്തീയവിശ്വാസത്തിൽ ഇനിയും ഉറച്ച് നിൽക്കും എന്നുള്ളവർ മാത്രം വലത്തുഭാഗത്തു നിൽക്കുക.

ക്രിസ്തുവിനെ നിഷേധിച്ച് ഇടത്തുഭാഗത്ത് നിൽക്കുന്നവർക്ക് ഇപ്പോൾ സൗകര്യമായി പോകാം, വലത്തുഭാഗത്ത് ക്രിസ്തുവിനെ സ്വീകരിച്ച് നിൽക്കുന്നവരോട് ഞങ്ങളുടെ തോക്ക് സംസാരിച്ചുകൊള്ളും എന്നു വിളിച്ചു പറഞ്ഞു.

ആരാധന നടത്തിക്കൊണ്ടിരുന്ന ആൾ ഉൾപ്പെടെ അനേകം ആളുകൾ വേഗം എഴുന്നേറ്റ് ഇടത്തു ഭാഗത്തേക്ക് നീങ്ങി. വളരെ കുറച്ചുപേർ മാത്രം വലത്തുഭാഗത്ത് ഉറച്ചു നിന്നു. ഭൂരിഭാഗംപേരും ഇടത്തുഭാഗത്തേക്ക് നീങ്ങി. അവർ പറഞ്ഞു: "നിങ്ങൾക്കു വേഗം രക്ഷപ്പെട്ടു പോകാം; നിങ്ങളെ ഞങ്ങൾ ഉപദ്രവിക്കുകയില്ല. ബാക്കിയുള്ളവർ ഇവിടെ ഇരിക്കൂ." ബാക്കിയുള്ളവർ പേടിച്ച്, സ്തംഭിച്ചു നിൽക്കുകയാണ്; അവർ ക്രിസ്തുവിനെ കൈക്കൊണ്ടു നിൽക്കുന്നവരാണ്. എന്ത് ത്യാഗം വന്നാലും ക്രിസ്തുവിശ്വാസം നിഷേധിക്കുകയില്ല എന്നുള്ള ഉറപ്പിൽ നിൽക്കുകയാണ്.

എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ ഇവർ അവരോട് പറഞ്ഞു: "ആരും പേടിക്കേണ്ട. ഞങ്ങൾ നിങ്ങളെ ഉപദ്രവിക്കാൻ വന്നതല്ല. ഞങ്ങൾക്ക് ഈ ശുശ്രൂഷക്ക് വരാൻ അല്പം താമസം നേരിട്ടുപോയി. അവസാന സമയത്തെങ്കിലും സത്യവിശ്വാസികൾ മാത്രമുള്ള ഒരു കൂട്ടായ്മയിൽ ഞങ്ങൾക്കൊരുമിച്ച് ആരാധിക്കണം എന്നുണ്ട്. അതുകൊണ്ട് പേടിയുള്ളവർ പോയ്ക്കൊള്ളട്ടെ. അവരാരും സത്യവിശ്വാസികളല്ല. ഇനി വിശ്വാസികൾക്കു മാത്രം ഇരുന്ന് ആരാധിക്കം." അവർ അവരുടെ വേഷങ്ങൾ മാറ്റി സാധാരണ വേഷം ധരിച്ചു. എല്ലാവരുംകൂടി അവിടെയിരുന്ന് ദൈവത്തെ സ്തുതിച്ചു, ആരാധിച്ചു, തിരുവചനം സംസാരിച്ചു. ഇത് റുമേനിയായിൽ നടന്ന ഒരു സംഭവമാണ്.

പ്രിയപ്പെട്ടവരേ, പ്രതിസന്ധികൾ വരുമ്പോൾ, പ്രശ്നങ്ങൾ വരുമ്പോൾ, പരീക്ഷണഘട്ടങ്ങൾ വരുമ്പോൾ എങ്ങനെ നിൽക്കും എന്നുള്ളതാണ് നമ്മുടെ വിശ്വാസജീവിതത്തിന്റെ ഉരകല്ല്. വിശ്വാസം പരീക്ഷിക്കപ്പെടുന്ന സമയത്ത് നമുക്ക്

ധൈര്യത്തോടെ നിൽക്കാൻ പറ്റുമോ? ബലത്തോടെ നിൽക്കാൻ പറ്റുമോ? ഭീരുത്വം കൂടാതെ നിൽക്കാൻ പറ്റുമോ? തന്നെത്തന്നെ ത്യജിക്കുന്ന സത്യമായ വിശ്വാസത്തിന്റെ വ്യക്തമായ ഉറപ്പിൽ നിൽക്കാൻ കഴിഞ്ഞാൽ മാത്രമേ നമുക്ക് ദൈവത്തെ പ്രസാദിപ്പിക്കാൻ സാധിക്കുകയുള്ളു.

ഒരു സത്യദൈവമുണ്ട്; എന്റെ ദൈവം ദു:ഖിക്കുന്നതൊന്നും എന്റെ ജീവിതത്തിൽ വരാൻ പാടില്ല എന്നുള്ള ഉറപ്പുണ്ടെങ്കിൽ, എന്റെ കർത്താവ് പീഡിപ്പിക്കപ്പെട്ടതുപോലെ ഞാൻ പീഡിപ്പിക്കപ്പെട്ടാലും, അപ്പൊസ്തലന്മാർ രക്തസാക്ഷികൾ ആയതുപോലെ ഞാൻ രക്തസാക്ഷിയാകേണ്ടി വന്നാലും, നിന്റെ നാമത്തിനുവേണ്ടി എന്തു പീഡ സഹിക്കാനും, എന്ത് ആക്ഷേപം സഹിക്കാനും, അല്ല, മരണം വരിക്കാനും ഞാൻ തയ്യാറാണ് എന്നുപറയുന്ന ഒരു വിഭാഗം ജനം ഉണ്ടെങ്കിൽ അവരിൽ നിന്നുകൊണ്ട് കർത്താവ് ചില അത്ഭുതങ്ങൾ ഇനിയും ഈ തലമുറയിൽ ചെയ്യും.

വക്രതയും കോട്ടവുമുള്ള ഒരു തലമുറയുടെ നടുവിലാണ് നാം ജീവിക്കുന്നത്. ഈ തലമുറയിൽ നമുക്ക് നിൽക്കാൻ സാധിക്കണമെങ്കിൽ വിശ്വാസത്തിന്റെ ദൃഢത വേണം. വിശ്വാസത്തിന്റെ കെട്ടുറപ്പുവേണം. വിശ്വാസം നമ്മുടെ ഹൃദയത്തിൽ വേണം. ഞാൻ ആരുടെ പിറകെ പോകുന്നു എന്നുള്ള വിശ്വാസം!

അപ്പൊസ്തലനായ പൗലോസ് പറഞ്ഞു: “ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാൻ അറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്ന് ഉറച്ചിരിക്കുന്നു.”

എത്ര ഉന്നതമായ ആശയമാണ്! “ഞാൻ ആരുടെ പിന്നാലെയാണ് പോകുന്നതെന്ന് എനിക്കറിയാം” ഈ ജീവിതത്തിൽ കഷ്ടപ്പാടുകളേറ്റു, ഒട്ടേറെ യാതനകൾ സഹിച്ചു, ഒട്ടേറെ പ്രതിസന്ധികൾ നേരിട്ടു. എന്തെല്ലാം ആപത്തുകൾ നേരിട്ടു! എല്ലാമെല്ലാം വന്നപ്പോൾ എനിക്ക്

എന്തുകൊണ്ടാണ് ഇങ്ങനെ വന്നത് എന്ന് അപ്പൊസ്തലൻ ഒരിക്കലും ചിന്തിച്ചില്ല.

തെസ്സലൊനിക്യയിൽ ആദ്യം ചെന്നപ്പോൾ വലിയ സ്വീകരണമായിരുന്നു. എന്നാൽ, പിന്നെ ചെന്നപ്പോൾ എല്ലാവരും കല്ലെറിയുന്നു. എന്താണ് എനിക്കിങ്ങനെ, എന്റെ ജീവിതത്തിൽ വല്ല പാപം വന്നിട്ടാണോ എന്നൊന്നും അപ്പൊസ്തലൻ ചിന്തിച്ചില്ല. അപ്പൊസ്തലനറിയാം, പാപം കൂടാതെ നിൽക്കാൻ കർത്താവ് തനിക്കു കൃപ തരുന്നു എന്ന്. പാപം കൂടാതെ നിൽക്കുന്നു; പക്ഷേ, അടിക്കടി ദുരിതങ്ങൾ വരുന്നു; അടിക്കടി ആക്ഷേപങ്ങൾ ഏൽക്കുന്നു; അടിക്കടി അപമാനം വരുന്നു. എല്ലാമെല്ലാം വേദനാകരമായ കാര്യം.

തിമോത്തിയോസിനെഴുതിയ രണ്ടാം ലേഖനത്തിൽ അപ്പൊസ്തലൻ പറയും: “ആസ്യക്കാർ എല്ലാവരും എന്നെ വിട്ടുപോയ്ക്കളഞ്ഞു എന്ന്. വലിയ ഒരു കൂട്ടം ജനം ഏഷ്യമൈനറിൽ കൂടിയതാണ്. അവിടെ ഒരുമിച്ചു കൂടി പ്രാർത്ഥനയിൽ സംബന്ധിച്ചവരാണ്. ഈക്കണ്ട ജനമെല്ലാം ഒരുമിച്ചുകൂടിയ വലിയ കൂട്ടായ്മയിൽ ഇപ്പോൾ കാര്യമായിട്ട് ആളില്ല. അപ്പൊസ്തലൻ തണുത്തില്ല. അപ്പൊസ്തലൻ തളർന്നില്ല, പിറകോട്ട് മാറിയില്ല. വാടിയില്ല.

അപ്പൊസ്തലൻ പറയുകയാണ്: “എന്റെ കൂടെ ഒന്നാം കാരാഗൃഹവാസകാലത്ത് ഉണ്ടായിരുന്ന ദേമാസ് ലോകത്തെ സ്നേഹിച്ചിട്ട് എന്നെ വിട്ട് തെസ്സലൊനിക്യയിലേക്കുപോയി. കഴിഞ്ഞപ്രാവശ്യം ഞാൻ റോമൻ ജയിലിൽ കിടന്നപ്പോൾ ദേമാസ് എന്റെകൂടെ എന്നെ ശുശ്രൂഷിക്കാൻ ഉണ്ടായിരുന്നു. ഇപ്പോൾ ലോകത്തെ സ്നേഹിച്ച് അവനും പോയി.

അനേകർ പിൻമാറ്റക്കാരായിപ്പോയി. അനേകർ പാപത്തോട് ഇണങ്ങിച്ചേർന്നുപോയി. പീഡകൾ വന്നപ്പോൾ, പരീക്ഷകൾ വന്നപ്പോൾ എല്ലാം വിട്ടെറിഞ്ഞിട്ടു പോയി. പലരും എന്നെ തെറ്റിദ്ധരിച്ചു; തിമോത്തിയോസേ, മകനേ, എനിക്കു നിന്നോട്

ഒരു കാര്യം അപേക്ഷിക്കാനുണ്ട്. എന്റെ ആഗ്രഹമാണ് ഞാൻ പറയുന്നത്. മർക്കോസ് എനിക്കു ശുശ്രൂഷയ്ക്ക് ഉപയോഗ മുള്ളവനാകയാൽ അവനെ ഒന്ന് കൂട്ടിക്കൊണ്ട് വരാമോ? നീയും ഒന്നു വരുന്നത് എനിക്ക് സന്തോഷമാണ്.

നീ വരുന്നെങ്കിൽ അധികം വൈകരുത്; ശീതകാലം കഴി യുന്നതിന് മുമ്പ് വരാൻ ശ്രമിക്കണം. എനിക്ക് ശീതകാലം കഴിക്കാൻ ബുദ്ധിമുട്ട് വരും; കർപ്പോസിന്റെ പക്കൽ വച്ചിട്ടു പോന്ന പുതപ്പും പുസ്തകങ്ങളും വിശേഷാൽ ചർമ്മലിഖിത ങ്ങളും കൊണ്ടുപോരണേ. പുതപ്പിന്റെ കാര്യം പ്രത്യേകം ഒന്ന് ഓർത്തുകൊള്ളണേ. എത്രകാലം ആയുസ്സുണ്ടോ, ഉള്ളകാലം പുസ്തകം വായിച്ച് ഈ ജയിലിൽ ഇരിക്കാം. പിന്നെ തണുപ്പ് കൂടി വരുമ്പോൾ പുതപ്പൊന്നു പുതയ്ക്കാം.

ആരും കൂടെയില്ല. പക്ഷേ, അപ്പൊസ്തലൻ പതറിയില്ല; ക്രൂശിൽ മരിച്ച രക്ഷകന്റെ പിന്നാലെ പോകുന്നവനാണ് ഞാൻ എന്നുള്ള ഉറപ്പ് അപ്പൊസ്തലനുണ്ടായിരുന്നു.

സ്നേഹിതരേ, നിങ്ങൾക്കുവേണ്ടി പീഡയേറ്റു കുരിശിൽ മരിച്ച കർത്താവായ യേശുവിന്റെ പിറകെ കുരിശും പേറി പോകുന്നവരാണ് നിങ്ങളെന്ന് ഉറപ്പുണ്ടോ? ഈ കുരിശ് നിന്ദാവിഷയമാണ്. ഈ കുരിശ് യാതനാവിഷയമാണ്, ഈ കുരിശ് ആക്ഷേപ വിഷയമാണ്; എന്നാൽ ഈ കുരിശും പേറിക്കൊണ്ട്, അപമാനം വഹിച്ചുകൊണ്ട്, ആക്ഷേപം സഹിച്ചു കൊണ്ട്, ഒറ്റപ്പെടുത്തലുകൾ ഏറ്റുകൊണ്ട്, വിശുദ്ധിയുടെ ദീപ ശിഖ കൈയിൽ ഏന്തിക്കൊണ്ട് ഞാനും പോരുകയാണ്.

നാഥാ! നിന്റെ പിറകെ ഞാനും വരികയാണ്. നീ പോയ ആ കാലടിപ്പാടുകളെ പിന്തുടർന്ന്, അതേ ചുവടുകളിലൂടെ ഞാനും ഇതാ വരികയാണ്. എന്നെ നീ കാത്തുകൊള്ളണമേ. എന്റെ വലങ്കരത്തിൽ നീ മുറുകെ പിടിച്ചുകൊള്ളണമേ. എന്നെ കൈവിട്ടുകളയരുതേ, കർത്താവേ!

നിങ്ങൾക്ക് ഉറച്ചു പിടിക്കുവാൻ പറ്റുമോ? കുരിശിൽ മരി

ച്ചവൻ  തിരുരക്തം ചിന്തിയത് മകനേ, നിന്റെ പാപത്തിന്റെ മോചനത്തിന് വേണ്ടിയാണ്. അത് നീ വിശ്വസിക്കുന്നുവെങ്കിൽ ഇനി നീ പാപത്തിലേക്ക് പോകയില്ല; പാപത്തെ സ്നേഹിക്കുകയില്ല. ഇനി നീ അസൂയയ്ക്കും അത്യാഗ്രഹത്തിനും ഇടംകൊടുക്കുകയില്ല.

ദൈവപൈതലേ, യേശു എനിക്കുവേണ്ടി എന്റെ പാപം പേറി കുരിശിൽ മരിച്ചു എന്ന് നീ വിശ്വസിക്കുന്നുണ്ടെങ്കിൽ, വിശ്വാസം സത്യമാണെങ്കിൽ, നിന്റെ ജീവിതത്തിൽ വിശുദ്ധജീവിതം തുടങ്ങും. മകനേ, നിന്റെ ജീവിതം വിശുദ്ധമായിരിക്കും. ഒരു പത്തുപൈസയിൽപ്പോലും പിന്നെ ക്രമക്കേടു വരികയില്ല. എല്ലാവരെയും സ്നേഹിക്കാൻ തുടങ്ങും; ആദരിക്കാൻ തുടങ്ങും.

നീ എപ്പോഴും ദൈവത്തിന്റെ മഹത്വത്തിന് ഒത്തതുപോലെ, ദൈവത്തിന്റെ കൃപയ്ക്കൊത്തതുപോലെ ജീവിക്കാൻ തുടങ്ങും. വിശുദ്ധി നിന്റെ കൈമുതലായിത്തീരും. സത്യസന്ധതയുണ്ടായിരിക്കും; വിശ്വസ്തതയുണ്ടായിരിക്കും; വിവേകമുണ്ടായിരിക്കും; ദൈവപരിജ്ഞാനമുണ്ടായിരിക്കും; വിനയമുണ്ടായിരിക്കും; ഹൃദയം ശാന്തമായിരിക്കും. അവിടെ അഴുക്കിന് ഇടവരികയില്ല.

കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴെ ചേർക്കുന്നതുപോലെ സ്വർഗ്ഗത്തിലെ ദൈവം നിങ്ങളെ പരിപാലിച്ചുകൊണ്ടിരിക്കും. അവന്റെ സ്നേഹത്തിന്റെ പരിചരണത്തിന്റെ ചിറകടിയിൽ നിങ്ങളെ അവൻ സംരക്ഷിച്ചുകൊണ്ടിരിക്കും. ഒരു കേടും വരാതെ അവൻ നിങ്ങളെ പരിപാലിക്കും; നിങ്ങളെ സൂക്ഷിക്കും.

നമ്മെ പരിപാലിക്കാൻ, നമ്മെ സൂക്ഷിക്കാൻ, നമ്മുടെ കാര്യം അന്വേഷിക്കാൻ അവൻ വിശ്വസ്തനാണ്. വാക്കു പറഞ്ഞാൽ മാറാത്തവനാണ്. മനുഷ്യർ മാറും, മനുഷ്യരുടെ ചിന്താഗതികൾ മാറും, മനുഷ്യരുടെ സ്നേഹം മാറും, മനുഷ്യ

രുടെ അഭിപ്രായം മാറും. പക്ഷേ, യേശുവിന് മാറ്റം വരികയില്ല. അവൻ എന്നുമെന്നേയ്ക്കും മാറ്റമില്ലാത്തവനാണ്. "Jesus Christ is the same yesterday, today and forever." ഈ യേശുവിന്റെ പിറകെ പോകാൻ നിങ്ങൾക്ക് വല്ല താത്പര്യവുമുണ്ടോ?

അബ്രാഹാം മകനെ കൂട്ടിക്കൊണ്ട് പുറപ്പെട്ടു; അബ്രാഹാം ഉണ്ട്, യിസ്ഹാക്കുണ്ട്, കഴുതകളുണ്ട്, രണ്ട് ബാല്യക്കാരും ഉണ്ട്. സാറാ വാതിൽക്കൽ നിന്ന് അവരെ യാത്ര അയച്ചു എന്ന് ഞാൻ കരുതട്ടെ. അനുഗ്രഹിക്കപ്പെട്ട യാഗം നടത്താൻ പോകുകയല്ലേ? സാറാ മകനെ ഒന്നുകൂടി ഉമ്മ വച്ചു; അവൻ നീണ്ട യാത്രയ്ക്കു പോകുകയല്ലേ? ഇത്രയും ദൂരം ഈ മരുഭൂമിയിൽക്കൂടി നടന്നു പോകുമ്പോൾ അവനു പ്രയാസം വരുമോ? എന്നാൽ ദൈവം കല്പിച്ചു പോകുന്നതല്ലേ? ദൈവം കാത്തുകൊള്ളും. സാറയ്ക്കു വിശ്വാസമുണ്ട്. അങ്ങനെ അവർ പുറപ്പെട്ടു.

*"അബ്രാഹാം ഹോമയാഗത്തിന്നുള്ള വിറകു എടുത്ത് തന്റെ മകനായ യിസ്ഹാക്കിന്റെ ചുമലിൽ വച്ചു; തീയും കത്തിയും താൻ എടുത്തു; ഇരുവരും ഒന്നിച്ചു നടന്നു." ഉല്പത്തി 22 : 6*

ബാല്യക്കാർ രണ്ടു പേരെയും താഴ്വരയിൽ നിർത്തി. മൂന്നു ദിവസം യാത്ര ചെയ്തു പോകുകയാണ്. അബ്രാഹാമിനു പതർച്ചയില്ല. ആ സമയം അബ്രാഹാമിന്റെ ഉള്ളിൽ പാളി വരുന്ന ചിന്തകൾ ഉണ്ടോ? അതിനെയെല്ലാം ജയിച്ചു ജയിച്ച് മുന്നോട്ടു പോകുകയാണ്.

ആത്മീയജീവിതം എന്നുപറയുന്നത് നിരന്തരം പിശാചിനോടുള്ള പോരാട്ടമാണ്. നമ്മെ പിറകോട്ട് വലിക്കുന്ന അനേകം കാര്യങ്ങൾ ചിന്താമണ്ഡലത്തിലേക്ക് പിശാച് കൊണ്ടുവരും. പല പല ചിന്തകൾ! പക്ഷേ അവിടെ, "പിശാചിനോട് എതിർത്തു നിൽപ്പിൻ, എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും." അവിശ്വാസചിന്തകൾ വരുമ്പോൾ എതിർത്തു

നിൽപ്പിൻ, എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും.

നിങ്ങളുടെ ജീവിതത്തിൽ അശുദ്ധചിന്തകൾ വരുമ്പോൾ, ദ്രവ്യാഗ്രഹ ചിന്തകൾ വരുമ്പോൾ, അസൂയയുടെ ചിന്തകൾ, കോപത്തിന്റെ ചിന്തകൾ, വാശിയുടെയും വഴക്കിന്റെയും ചിന്തകൾ, പിണക്കത്തിന്റെയും അസഹ്യതയുടെയും ചിന്തകൾ വരുമ്പോൾ പിശാചിനോട് എതിർത്തു നിൽപ്പിൻ, എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും.

ബാല്യക്കാർ താഴെ നിൽക്കുകയാണ്. അബ്രാഹാം അവരോടു പറഞ്ഞു:

> *"നിങ്ങൾ കഴുതയുമായി ഇവിടെ ഇരിപ്പിൻ; ഞാനും ബാലനും അവിടത്തോളം ചെന്ന് ആരാധന കഴിച്ചു മടങ്ങിവരാം എന്ന് പറഞ്ഞു."*
>
> *ഉല്പത്തി 22 : 5*

അബ്രാഹാം ബാല്യക്കാരോട് പറഞ്ഞു കാണും: "യഹോവ കല്പിച്ചിരിക്കുന്ന സ്ഥലം ആ കാണുന്ന മലയാണ്. അങ്ങോട്ടാണ് ഞങ്ങൾ പോകുന്നത്. ഹോമയാഗം കഴിച്ചിട്ട് ഞങ്ങൾ മടങ്ങിവരാം. നിങ്ങൾ ഇവിടെയിരിപ്പിൻ." അവരെ അവിടെ ഇരുത്തിയിട്ട് പോകുകയാണ്. അബ്രാഹാം പറഞ്ഞ വാക്ക് പ്രത്യേകം ഓർക്കണം: "ഞാനും ബാലനും അവിടത്തോളം ചെന്ന് ആരാധന കഴിച്ച് മടങ്ങി വരാം." എങ്ങനെ ആ അപ്പനു പറയാൻ പറ്റി! അതാണ് ഉറപ്പ്.

സഹോദരങ്ങളേ, അടിയുറച്ച് നിൽക്കണമെങ്കിൽ, നിത്യശാന്തിയിലേക്ക് എത്തിച്ചേരണമെങ്കിൽ, നിങ്ങൾക്ക് സമാധാന ദേശത്ത് എത്തണമെങ്കിൽ, നിങ്ങൾക്ക് ഈ ഉറപ്പുണ്ടായിരിക്കണം. എന്റെ ദൈവം എന്നോട് കല്പിച്ചിരിക്കുന്നത് നിവർത്തിപ്പാൻ അവൻ ശക്തനാണ്.

ഞാൻ ഇവിടെ വിലകെട്ടവനാണ്; നിസ്സാരനാണ്; ദരിദ്രനാണ്, വിദ്യാഭ്യാസമില്ലാത്തവനാണ്, ഞാൻ ഒരു ഭീരുവാണ്,

ഞാൻ കഴിവില്ലാത്ത ആളാണ്. എന്നാൽ നീ എന്നെക്കുറിച്ച് ഇത്രയും ഉന്നതമായ കാര്യങ്ങളാണല്ലോ പറഞ്ഞിരിക്കുന്നത്. എന്റെ ഭാവിയെക്കുറിച്ച് ഇത്രയും ഉന്നതമായ കാര്യങ്ങളാണല്ലോ വിഭാവനം ചെയ്തിരിക്കുന്നത്. നിങ്ങൾ ദൈവസന്നിധിയിൽ താഴും. നിങ്ങൾ ദൈവത്തെ വിശ്വസിച്ചുകൊണ്ട് ധൈര്യത്തോടെ മുന്നോട്ട് പോകുവാൻ തുടങ്ങും.

അബ്രാഹാം പറഞ്ഞു: "ഞാനും ബാലനും അവിടത്തോളം ചെന്ന് ആരാധന കഴിച്ച് മടങ്ങിവരാം."

അബ്രാഹാമിന് ഉറപ്പുണ്ട്, ഈ ബാലൻ, അവനെ ഹോമ യാഗം കഴിച്ച് ഒരുപിടി ചാരമായി അവിടെ കിടന്നാൽ ആ ഒരു പിടി ചാരത്തിൽ നിന്ന് എന്റെ മകൻ യിസ്ഹാക്കിനെ ഉയിർപ്പിച്ച് എനിക്ക് ഒരു പുതിയ യിസ്ഹാക്കിനെ തരാൻ ദൈവം ശക്തനാണ്. നിർജ്ജീവമായ എന്റെ ശരീരത്തിൽ, നിർജ്ജീവമായ സാറയുടെ ഗർഭപാത്രത്തിൽ ഈ മകനെ തന്ന ദൈവം എന്നെ കാക്കാൻ ശക്തനാണ്. എന്റെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിക്കാൻ ശക്തനാണ്. ദൈവം മതിയായവ നാണ്. അബ്രാഹാമിന് വിശ്വാസമാണ്.

ദൈവജനമേ, ഈ വിശ്വാസത്തിന്റെ ഉറപ്പിലേക്ക് നിങ്ങൾ വരൂ. നിന്നെ നടത്താൻ കഴിവുള്ളവനാണ് ഇപ്പോൾ നിങ്ങളുടെ അരികത്തേക്കു വന്നിരിക്കുന്നത്. അവൻ നിങ്ങളുടെ നേരെ കരം നീട്ടുകയാണ്. അവൻ നിങ്ങളെ സമീപിക്കുകയാണ്. മകനേ, നിനക്ക് ബോദ്ധ്യമുണ്ടോ, നിന്നെ നടത്താൻ ഞാൻ മതിയായവനാണ് എന്ന്? ഞാൻ നിന്റെ വലങ്കരത്തിൽ മുറുകെ പിടിക്കുകയാണ്. ഞാൻ നിന്നെ അന്ത്യത്തോളം നടത്തിക്കൊ ള്ളാം.

ചെങ്കടൽ കടക്കുമ്പോൾ നീ പതറേണ്ട, ഞാൻ നിനക്ക് ചെങ്കൽപ്പാത ഒരുക്കിക്കൊള്ളാം. മരുഭൂമിയിൽക്കൂടി നീ നട ക്കുമ്പോൾ നീ പതറണ്ട, ഞാൻ നിനക്ക് ആകാശത്തുനിന്ന് മഞ്ഞും മഴയും തന്നുകൊള്ളാം. ഞാൻ നിനക്കുവേണ്ടി മന്ന

വർഷിച്ചുകൊള്ളാം. ഞാൻ പാറയിൽ നിന്ന് വെള്ളം പുറപ്പെടുവിച്ചു കൊള്ളാം. ഞാൻ നിന്നെ കാത്ത്, എത്തേണ്ടിടത്തു എത്തിച്ചുകൊള്ളാം. നീ പതറേണ്ട, ഞാൻ നിന്നെ വഴിയിൽ ഇട്ടിട്ടു പോകുകയില്ല.

നിന്നെ വിളിച്ചിറക്കിയത് ജീവനുള്ള ദൈവമാണെങ്കിൽ മകനേ, നിന്നെ അക്കരെ എത്തിക്കാൻ തന്നെയാണ് വിളിച്ചിറക്കിയത്. വിളിച്ചിറക്കിയിട്ട് വഴിയിൽ ഇട്ടിട്ടുപോകുന്നവനല്ല നിന്നെ വിളിച്ചത്. നിന്നെ അന്ത്യത്തോളം കൊണ്ടുപോകാൻ ശക്തനായവനാണ് നിന്നെ വിളിച്ചിരിക്കുന്നത്. അവന്റെ കരങ്ങളിലേക്ക് നിന്നെ കൊടുക്കുമോ?

യേശുവേ, നീ എനിക്കുവേണ്ടി ജീവനെ വച്ചല്ലോ; നീ എനിക്കുവേണ്ടി രക്തം ചിന്തിയല്ലോ; നീ എനിക്കുവേണ്ടി ദിവ്യ ജീവൻ ബലി അർപ്പിച്ചല്ലോ. ഇന്നിതാ ഞാൻ എന്നെത്തന്നെ നിന്റെ പാദപീഠത്തിലേയ്ക്ക് തരുന്നു. എന്നെ കൈക്കൊള്ളണമേ. എന്നെ സ്വീകരിക്കണമേ. എന്റെമേൽ നിന്റെ കരം വയ്ക്കണമേ. എന്നെ വിശുദ്ധീകരിക്കണമേ. എനിക്കു പുതിയ അനുഭവങ്ങൾ തരണമേ. എന്നെ കൈക്കൊള്ളണമേ. എന്നെ സ്വീകരിക്കണമേ; എന്നെ വിശുദ്ധീകരിക്കണമേ. എന്നെ കഴുകി വെടിപ്പാക്കണമേ. നിന്റെ സ്വർഗ്ഗീയ വചനത്താൽ എന്നെ പോഷിപ്പിക്കണമേ.

# പത്ത്

*"പിറ്റെന്നാൾ യേശു തന്റെ അടുക്കൽ വരുന്നത് അവൻ കണ്ടിട്ട്: ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്."*

*യോഹന്നാൻ 1 : 29*

*"കടന്നുപോകുന്ന യേശുവിനെ നോക്കീട്ട്: ഇതാ, ദൈവത്തിന്റെ കുഞ്ഞാട് എന്നു പറഞ്ഞു."*

*യോഹന്നാൻ 1 : 36*

'ഇതാ' എന്ന് ചൂണ്ടിക്കാണിച്ചു പറയുകയാണ്. 'എവിടെ?' എന്നുള്ള ഒരു ചോദ്യത്തിന്റെ മറുപടിയാണ് 'ഇതാ' എന്ന് പറഞ്ഞിരിക്കുന്ന ഈ തിരുവചനം.

ഉല്പത്തിപുസ്തകം ഇരുപത്തിരണ്ടാം അദ്ധ്യായത്തിൽ 'യാഗത്തിനുള്ള ആട്ടിൻ കുട്ടിയെവിടെ?'എന്ന ചോദ്യത്തിന്റെ മറുപടി നൂറ്റാണ്ടുകൾക്കുശേഷം തിരുവചനത്തിൽ ലഭിക്കുകയാണ്: 'ഇതാ, ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്!'

അബ്രാഹാമും യിസ്ഹാക്കും ഒരുമിച്ച് മോറിയാമല കയറുകയായിരുന്നു. മകനായ യിസ്ഹാക്കിന്റെ ചുമലിലേക്ക് അബ്രാഹാം വിറകുകെട്ട് എടുത്തു വച്ചു. അങ്ങനെയാണ് വായിക്കുന്നത്.

*"അബ്രാഹാം ഹോമയാഗത്തിനുള്ള വിറക് എടുത്തു തന്റെ മകനായ യിസ്ഹാക്കിന്റെ ചുമലിൽ വച്ചു; തീയും കത്തിയും താൻ എടുത്തു;*

*ഇരുവരും ഒന്നിച്ചു നടന്നു.” ഉല്പത്തി 22 : 6*

അബ്രാഹാമിന്റെ കയ്യിൽ യാഗമൃഗത്തെ അറുക്കുവാനുള്ള കത്തിയുണ്ട്, വിറകിന്മീതെ കിടത്തി യാഗമൃഗത്തെ ദഹിപ്പിക്കുവാനുള്ള തീയുമുണ്ട്.

*“അപ്പാ, എന്നു പറഞ്ഞതിന്നു അവൻ: എന്താകുന്നു മകനേ എന്നു പറഞ്ഞു. തീയും വിറകുമുണ്ട്; എന്നാൽ ഹോമയാഗത്തിനു ആട്ടിൻകുട്ടി എവിടെ എന്നു അവൻ ചോദിച്ചു.” ഉല്പത്തി 22 : 7*

വിറകുകെട്ട് കഴുതയുടെമേൽ നിന്നെടുത്ത് യിസ്ഹാക്കിന്റെ ചുമലിലേക്ക് അബ്രാഹാം വച്ചു കൊടുക്കുകയാണ്. വളരെ ഹൃദ്യമായ ഒരു ചിത്രം നമുക്കിവിടെ ലഭിക്കുന്നുണ്ട്.

കഴുത ചുമന്നുകൊണ്ടുവന്ന ആ വിറകുകെട്ട് മോറിയാമലയുടെ താഴ്വരയിൽ വന്നപ്പോൾ അബ്രാഹാം കഴുതപ്പുറത്തു നിന്നെടുത്ത് യിസ്ഹാക്കിന്റെ ചുമലിൽ വച്ചു കൊടുത്തു. യിസ്ഹാക്ക് ആ വിറകുകെട്ടും ചുമന്നുകൊണ്ട് മോറിയാമല കയറുകയാണ്. അബ്രാഹാം കത്തിയും തീയും കൈവശം വച്ചുകൊണ്ട് മകന്റെയൊപ്പം കയറിപ്പോകുന്നു.

എന്താണ് ഈ പഴയനിയമഭാഗത്തിന്റെ ആത്മീയമായ അർത്ഥം? പഴയനിയമം എപ്പോഴും പുതിയനിയമത്തിന്റെ നിഴലാണെന്ന് നമുക്കറിയാം. പുതിയനിയമത്തിൽ പൊരുളായി വരുന്ന വസ്തുതകൾ പഴയനിയമത്തിൽ നിഴലായി നമുക്കു ലഭിക്കുകയാണ്. അബ്രാഹാം വിറകുകെട്ട് കഴുതയുടെമേൽ നിന്നെടുത്ത് യിസ്ഹാക്കിന്റെ ചുമലിലേക്ക് വച്ചു കൊടുത്തു എന്നു പറയുന്നതിന്റെ പൊരുൾ എന്താണ്?

കഴുതയാകുന്ന മനുഷ്യൻ, വെറും ഹീനമൃഗമാകുന്ന മനുഷ്യൻ, അവൻ ഭാരങ്ങൾ ചുമന്ന്, പാപം ചുമന്ന്, അകൃത്യം ചുമന്ന്, ജീവിതത്തിലെ പ്രാരബ്ധങ്ങളും ദുരിതങ്ങളും ചുമന്ന് മുന്നോട്ടുപോകുമ്പോൾ അവന്റെ ജീവിതത്തിലെ തിന്മകളും

അശുദ്ധികളും മ്ലേച്ഛതകളും ഹീനതകളുമെല്ലാം ഈ മനുഷ്യന്റെ ചുമലിൽ നിന്നെടുത്ത് ഒരു പുരുഷന്റെമേൽ ഏല്പിക്കുകയാണ്. ആ പുരുഷനായ യിസ്ഹാക്ക് കർത്താവായ യേശുക്രിസ്തുവിന്റെ നിഴലാണ്.

എന്റെ പാപങ്ങൾ, എന്റെ മ്ലേച്ഛതകൾ, എന്റെ ജീവിതത്തിലെ ദൂഷ്യങ്ങൾ എല്ലാം എന്റെമേൽ നിന്നെടുത്ത് കർത്താവായ യേശുവിന്റെ മേൽ പിതാവായ ദൈവം ചുമത്തി. ജീവിതത്തിൽ ഞാൻ പേറിക്കൊണ്ടു വന്ന എല്ലാ അകൃത്യങ്ങളും അശുദ്ധികളും ദ്രവ്യാഗ്രഹവും സ്വാർത്ഥതയും അസൂയയും പകയും വിദ്വേഷവും എല്ലാ തിന്മയും പൈശാചികമായ എല്ലാ ഭാവങ്ങളും എന്റെമേൽ നിന്നെടുത്ത് നിത്യനായ ദൈവം, സ്നേഹവാനായ ദൈവം, തന്റെ ഏകജാതനായ കർത്താവായ യേശുവിന്റെ ചുമലിലേക്ക് ഏല്പിക്കുകയാണ്.

അബ്രാഹാം പിതാവ് വിറകെടുത്ത് യിസ്ഹാക്കിന്റെ ചുമലിന്മേൽ വച്ചു; യിസ്ഹാക്ക് ആ വിറകു ചുമന്നുകൊണ്ട് വധസ്ഥലത്തേക്ക് നീങ്ങുകയാണ്. വളരെ വ്യക്തമായ ഒരു ചിത്രം നമുക്കവിടെ കിട്ടുന്നുണ്ട്. നൂറ്റാണ്ടുകൾക്ക് ശേഷം കർത്താവായ യേശുക്രിസ്തു, തന്നെ ക്രൂശിക്കാനുള്ള കുരിശുംപേറിക്കൊണ്ട് ഗോഗുൽത്തായിലേക്ക് കയറിപ്പോകുന്നതിന്റെ ചിത്രമാണ് ഇവിടെ നിഴലായി നാം കാണുന്നത്. കർത്താവായ യേശുക്രിസ്തു ഗോഗുൽത്തായിലേക്ക് നടന്നുപോയ അതേ വഴികളിൽക്കൂടി തന്നെയാണ്, അതേ പാതയിലാണ് യിസ്ഹാക്ക് നൂറ്റാണ്ടുകൾക്കുമുമ്പ് വിറകുകെട്ട് ചുമന്നുകൊണ്ട് നടന്നുകയറിയത്.

മോറിയാമലയെന്നും ഗോഗുൽത്തായെന്നും കാൽവറിയെന്നും തലയോടിടമെന്നും എല്ലാം പറയുന്നത് ഒരേ സ്ഥലത്തിന്റെ പല പേരുകളാണ്. യിസ്ഹാക്ക് വിറകുകെട്ടും ചുമന്നുകൊണ്ടുപോയ അതേ വഴികളിൽക്കൂടി വർഷങ്ങൾക്കു ശേഷം കർത്താവായ യേശു, തന്നെ തൂക്കുവാനുള്ള കുരിശും ചുമന്നുകൊണ്ട് കയറിപ്പോയി.

അബ്രാഹാമിനറിയാം തന്റെ മകൻ അവൻ ചുമന്നുകൊണ്ടുപോകുന്ന വിറകുകെട്ടിന്മേൽ കിടന്ന് ദഹിക്കാൻ പോകുന്നു എന്ന്. എന്റെ മോനെ ഞാൻ തന്നെ, എന്റെ കൈകൊണ്ടുതന്നെ കത്തിയാൽ കൊന്ന് യാഗപീഠത്തിന്മേൽ വച്ച്, വിറകിന്മീതെ കിടത്തി ദഹിപ്പിക്കുമെന്ന് അബ്രാഹാം അറിയുന്നുണ്ട്.

മാനുഷിക രീതിയിൽ പറഞ്ഞാൽ നമുക്ക് നമ്മുടെ ഭാവനയിൽപോലും ഉൾക്കൊള്ളിക്കാൻ പറ്റാത്ത ഒരു കാര്യമാണത്. കാരണം, ഒരപ്പന്റെ കൈകൊണ്ട്, കത്തി മോന്റെമേൽ കുത്തിയാഴ്ത്തി ആ മോനെ കൊന്ന് ബലിയർപ്പിക്കുക! ചിന്തിക്കാവുന്ന ഒരു കാര്യമല്ല. അതാണ് ദൈവം പറഞ്ഞിരിക്കുന്നത്. ദൈവം പറഞ്ഞിരിക്കുന്ന ആ കാര്യം അബ്രാഹാം അനുസരിക്കാൻ തയ്യാറായി. വിശ്വാസമുള്ളിടത്ത് അനുസരണമുണ്ട്.

രണ്ടുപേരും കൂടി മുകളിലേക്ക് കയറിപ്പോവുകയാണ്. അനുസരിക്കാനുള്ള എളിമയോടും വിനയത്തോടും കൂടി അപ്പൻ നടന്ന് കയറുന്നു. അപ്പനോട് ചേർന്ന് വളരെ വിനയപൂർവ്വം, സ്നേഹത്തോടെ, താത്പര്യപൂർവ്വം, വലിയോരു കാര്യം ചെയ്യാൻ പോകുന്നു എന്നുള്ള വിചാരത്തോടെ യിസ്ഹാക്ക് ഒപ്പം നടന്നു കയറുന്നു.

പെട്ടെന്ന് യിസ്ഹാക്ക് വിറകുകെട്ടും ചുമന്നുകൊണ്ട് അല്പനേരം ഒന്നുനിന്നു: “അപ്പാ,” എന്നു വിളിച്ചു. “മോനേ, എന്താകുന്നു” എന്നു ചോദിച്ചു. “അപ്പാ, വിറകുണ്ട്, കത്തിയുണ്ട്, ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ?” മറ്റു കാര്യങ്ങൾ എല്ലാം ഒരുക്കി പക്ഷേ, യാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ? എന്നാണ് യിസ്ഹാക്ക് ചോദിക്കുന്നത്.

ആ ശബ്ദം തലമുറകളിലൂടെയിങ്ങനെ അനുരണനം ചെയ്തു. തലമുറകളായി ആ ചോദ്യം അന്തരീക്ഷത്തിൽ ലയിച്ചുനിന്നു. വർഷങ്ങൾ വർഷങ്ങൾ കഴിഞ്ഞ് ആ ചോദ്യത്തിന്റെ മറുപടി യോഹന്നാൻ സ്നാപകൻ യോർദ്ദാൻ ആറ്റിന്റെ തീര

ത്തുനിന്നുകൊണ്ട് വിളിച്ചു പറഞ്ഞു. കടന്നുപോകുന്ന യേശുവിനെ ചൂണ്ടിക്കാട്ടിക്കൊണ്ട് പറഞ്ഞു: "ഇതാ, ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്!" യാഗമായിത്തീർന്ന ദൈവത്തിന്റെ കുഞ്ഞാട്!

ലോകത്തിന്റെ പാപം സ്വന്തം ശരീരത്തിലേറ്റ് ലോകത്തിന്റെ പാപം മാറ്റിയ ദൈവത്തിന്റെ കുഞ്ഞാട്! ദൈവത്തിന്റെ അനുസരണയുള്ള കുഞ്ഞാട്! ദൈവകോപത്തീയിൽ വെന്തെരിഞ്ഞ കുഞ്ഞാട്! പാപിയായ മനുഷ്യനോടുള്ള, മനുഷ്യന്റെ പാപത്തോടുള്ള കോപത്തിന്റെ അഗ്നിയിൽ കത്തിയെരിഞ്ഞ ദൈവകുഞ്ഞാട്!

സഹോദരങ്ങളേ, ഓർക്കുക കരുണയുള്ള കർത്താവ്, നമ്മുടെ പാപം വഹിച്ച് കുരിശുംപേറി ഗോഗുൽത്തായിലേക്ക് നടന്നു നീങ്ങി. ജീവിതത്തിൽ എണ്ണിയാൽ തീരാത്ത പാപങ്ങൾ, അറിഞ്ഞും അറിയാതെയും അനേകം പാപങ്ങൾ നമുക്കു വന്നു. അകൃത്യങ്ങൾ ഏറെ സംഭവിച്ചുപോയി.

ചിന്തയിൽ പാപങ്ങൾ വന്നു, വികാരങ്ങളിൽ പാപങ്ങൾ വന്നു. വിചാരങ്ങളിൽ, ആഗ്രഹങ്ങളിൽ, മോഹങ്ങളിൽ പാപങ്ങൾ വന്നു. വാക്കുകളിലും പ്രവൃത്തിയിലും ഓരോ ഭാവത്തിലും ഓരോ ചലനത്തിലും പാപങ്ങൾ വന്നു. അനേകമനേകം പാപങ്ങൾ വന്ന് എല്ലാമെല്ലാം നാശയോഗ്യമായിത്തീരുന്നതിന് വഴിവെച്ചുകൊടുത്തു. നിത്യാന്ധകാരത്തിലേക്കു പോകുന്നതിന് നാം തന്നെ വഴി തുറന്നുകൊടുത്തു.

എന്റെ ശരീരം, എന്റെ ചിന്തകൾ, എന്റെ വികാരപ്രപഞ്ചം ഞാൻ പാപത്തിനു കൊടുത്തു. എന്റെ ആശയഗതികൾ ഞാൻ പാപത്തിനു കൊടുത്തു. പാപത്തിന്റെ അധിപതിയായ പിശാച് എന്റെ തലമേൽ നൃത്തം ചെയ്തു. പിശാച് എന്നെ പന്താടിക്കൊണ്ടിരുന്നു; എന്നാൽ നാഥാ, നീ എന്റെ പാപം വഹിച്ച് കുരിശിൽ മരിച്ചു. എന്റെ പാപത്തെ നീ ചുമന്നൊഴിച്ചു. 'ഇതാ, ലോകത്തിന്റെ പാപം ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ

കുഞ്ഞാട്!'

അബ്രാഹാം മകനോട് പറഞ്ഞു: "മോനേ, ദൈവം കരുതിക്കൊള്ളും." നാം അങ്ങനെയാണ് വായിക്കുന്നത്.

> *"അബ്രാഹാം ഹോമയാഗത്തിനുള്ള വിറക് എടുത്തു തന്റെ മകനായ യിസ്ഹാക്കിന്റെ ചുമലിൽ വെച്ചു; തീയും കത്തിയും താൻ എടുത്തു; ഇരുവരും ഒന്നിച്ചു നടന്നു. അപ്പോൾ യിസ്ഹാക്ക് തന്റെ അപ്പനായ അബ്രാഹാമിനോട്: അപ്പാ, എന്നു പറഞ്ഞതിന്ന് അവൻ: എന്താകുന്നു മകനേ എന്നു പറഞ്ഞു. തീയും വിറകുമുണ്ട്; എന്നാൽ ഹോമയാഗത്തിനു ആട്ടിൻകുട്ടി എവിടെ എന്ന് അവൻ ചോദിച്ചു. ദൈവം തനിക്ക് ഹോമയാഗത്തിനു ഒരു ആട്ടിൻകുട്ടിയെ നോക്കിക്കൊള്ളും, മകനേ, എന്നു അബ്രാഹാം പറഞ്ഞു. അങ്ങനെ അവർ ഇരുവരും ഒന്നിച്ചു നടന്നു. ദൈവം കല്പിച്ചിരുന്ന സ്ഥലത്ത് അവർ എത്തി; അബ്രാഹാം ഒരു യാഗപീഠം പണിതു, വിറക് അടുക്കി, തന്റെ മകൻ യിസ്ഹാക്കിനെ കെട്ടി യാഗപീഠത്തിന്മേൽ വിറകിന്മീതെ കിടത്തി."*
>
> *ഉല്പത്തി 22 : 6 – 9*

ദൈവം തനിക്കുവേണ്ടി ഒരു ആട്ടിൻകുട്ടിയെ കരുതിക്കൊള്ളും, മകനേ: അനുഭവത്തിന്റെ പിൻബലത്തിലാണ് അബ്രാഹാം പറയുന്നത്. കഴിഞ്ഞ നാല്പതു കൊല്ലമായി അബ്രാഹാം ഇത് അനുഭവിച്ചുകൊണ്ടിരിക്കയാണ്. നാല്പതിലേറെ വർഷമായി അബ്രാഹാമിന് പലപ്പോഴായി പത്തുപ്രാവശ്യം ദൈവത്തിന്റെ പ്രത്യക്ഷത ലഭിച്ചു കഴിഞ്ഞു. ഓരോ പ്രാവശ്യവും അബ്രാഹാമിന്റെ വിശ്വാസം ആഴത്തിലാഴത്തിലായിക്കൊണ്ടിരുന്നു. ദൈവം അബ്രാഹാമിനോട് ഇടപെടുകയാണ്, അബ്രാഹാമിന് വെളിപ്പെടുകയാണ്, ദൈവം അബ്രാഹാമിനോടു സംസാരിക്കുകയാണ്. അബ്രാഹാമിന് അനുഭവം കിട്ടി.

അബ്രാഹാമിന് അറിയാം ദൈവം കരുതുന്നവനാണെന്ന്, ദൈവം കാക്കുന്നവനാണെന്ന്. നിർജ്ജീവമായ എന്റെ ശരീരം, മക്കളുണ്ടാവുകയില്ലെന്ന് തീർച്ചയായും തീരുമാനിക്കാമായിരുന്ന എന്റെ ശരീരം ജീവനുള്ള ദൈവം ചൈതന്യവത്താക്കിത്തീർത്ത് എനിക്കൊരു കുഞ്ഞിനെ തന്നു. ദൈവം എനിക്കു തന്നതാണ്. ദൈവം എന്നോട് ഒരു വാക്കു പറഞ്ഞു: “ഈ നിന്റെ മകനിൽ നിന്ന് തലമുറകൾ തലമുറകൾ ഉദയം കൊള്ളും” എന്ന്. നിന്റെ മക്കൾ സന്തതി പരമ്പരയായി വർദ്ധിക്കുമെന്ന്. നിന്റെ മക്കൾ പെരുകിപ്പെരുകി വരും എന്ന്. ആകാശത്തിലെ നക്ഷത്രങ്ങളെ എണ്ണാമെങ്കിൽ നിന്റെ മക്കളെയും എണ്ണാം എന്ന്. അതുപോലെ അസംഖ്യം മക്കളുണ്ടാകുമെന്ന്.

അബ്രാഹാം അതിൽനിന്നെല്ലാം പുതിയ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട്, യിസ്ഹാക്കിനെ ലഭിച്ച ആനന്ദത്തോടെ ദൈവത്തെ സ്തുതിച്ചുകൊണ്ട് ആരാധനയുടെ സന്തോഷത്തിൽ മതിമറന്ന് ദൈവത്തെ പുകഴ്ത്തിക്കൊണ്ടും വാഴ്ത്തിക്കൊണ്ടും ദിനരാത്രങ്ങൾ കഴിക്കയാണ്. അബ്രാഹാമിനറിയാം എന്നോട് വാക്കുപറഞ്ഞ ദൈവം വാഗ്ദത്തം പാലിക്കുന്നവനാണ്, വാക്കു പറഞ്ഞാൽ മാറാത്തവനാണെന്ന്.

ജീവനുള്ള ദൈവം എല്ലാം കാണുന്നവനാണ് എന്ന് അബ്രാഹാമിനറിയാം. എനിക്കേറ്റവും നല്ലതു കരുതുവാൻ ദൈവം ശക്തനാണെന്ന്, ദൈവം സ്നേഹമാണെന്ന് അബ്രാഹാമിനറിയാം. അബ്രാഹാമിന് ദൈവത്തിനോട് പരിഭവമില്ല, പരാതിയില്ല, ദൈവത്തോട് നന്ദിയേയുള്ളൂ. അബ്രാഹാം കൂടെക്കൂടെ യാഗപീഠം പണിയുന്നുണ്ട്. അങ്ങ് നദിക്കക്കരെ നിന്ന് പുറപ്പെട്ടതിനുശേഷം പത്തുസ്ഥലങ്ങളിൽ അബ്രാഹാം യാഗപീഠം പണിതു.

ചെല്ലുന്നിടത്തെല്ലാം യാഗപീഠം പണിയുകയും യാഗമർപ്പിക്കുകയും ചെയ്തു. ഇങ്ങനെ ദൈവത്തോടുള്ള സഖിത്വത്തിലും സംസർഗ്ഗത്തിലും നിരന്തരം ആത്മാവിൽ ആനന്ദിച്ചുവന്ന ദൈവപൈതലിന് ഇപ്പോൾ സംശയമില്ല. എന്റെ ദൈവം

ജീവിക്കുന്ന ദൈവമാണ്. അവൻ വാക്കു പറഞ്ഞാൽ മാറുകയില്ല. അവൻ എന്നെ കാക്കും, അവൻ എന്റെ കാര്യം നോക്കും, അവൻ എന്നെ പരിപാലിക്കും. അവൻ എനിക്കു വേണ്ടി കരുതും. അബ്രാഹാം പ്രതീക്ഷയോടുകൂടെ മുമ്പോട്ടു പോകുമ്പോഴാണ് ചോദ്യം, "അപ്പാ, വിറകുണ്ട്, കത്തിയുണ്ട്, ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ?"

അബ്രാഹാം ഒന്ന് അമ്പരന്നു. മനസ്സൊന്നു പതറിയോ? എന്താ പറയുക മകനോട്? 'മോനേ, നിന്നെയാണ് യാഗം കഴിക്കാനുള്ളത്' എന്ന് മുഖത്തുനോക്കി എങ്ങനെ പറയും? എന്നാൽ പറയാതിരിക്കുന്നതെങ്ങനെ? ആ അപ്പന്റെ മനസ്സൊന്ന് പതറി. പക്ഷേ, അബ്രാഹാം ഒന്നു ചിന്തിച്ചിട്ട് പറഞ്ഞു: "മോനേ, അത് യഹോവ കരുതിക്കൊള്ളും." ദൈവം തനിക്ക് ഹോമയാഗത്തിന് ഒരാട്ടിൻകുട്ടിയെ കരുതിക്കൊള്ളും.

പ്രതിസന്ധി വരുമ്പോൾ ഒരു സെക്കന്റ് നിങ്ങൾ ചിന്തിക്കണം. ഞാൻ എങ്ങനെയാണ് ഇതിനെ നേരിടേണ്ടത്? എന്താണ് ഞാൻ മറുപടി പറയേണ്ടത്? ഞാൻ എങ്ങനെയാണ് പ്രതികരിക്കേണ്ടത്? ഞാൻ എങ്ങനെയാണ് ഇവിടെ പെരുമാറേണ്ടത്? ഞാൻ എന്താണ് ഇവിടെ പ്രവർത്തിക്കേണ്ടത്?

നിങ്ങളെ വിളിച്ചിറക്കിയ ദൈവം തക്കസമയത്ത് നിങ്ങൾക്ക് നാവിൽ ആലോചന തരും. എടുത്തുചാടി ഒന്നും പറയരുത്. ധൃതഗതിയിൽ ഒന്നും പ്രവർത്തിക്കരുത്. "Look before you leap" ചാടുന്നതിനുമുമ്പ് ഒന്നു നോക്കൂ. തക്കസമയത്ത് ജീവനുള്ള ദൈവം നിന്റെ നാവിൽ വരച്ചുതരികയും അവൻ നിന്നിൽക്കൂടി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യും.

> *"ദൈവം കല്പിച്ചിരുന്ന സ്ഥലത്ത് അവർ എത്തി; അബ്രാഹാം ഒരു യാഗപീഠം പണിതു, വിറക് അടുക്കി, തന്റെ മകൻ യിസ്ഹാക്കിനെ കെട്ടി യാഗപീഠത്തിന്മേൽ വിറകിന്മീതെ കിടത്തി." ഉല്പത്തി 22 : 9*

എത്ര പെട്ടെന്നാണ് തിരുവചനത്തിൽ അതു പറഞ്ഞു പോകുന്നത്! നമുക്കത്ര പെട്ടെന്ന് പറഞ്ഞു പോകാൻ പറ്റുകയില്ല. വേദപുസ്തകത്തിൽ പരിശുദ്ധാത്മാവ് രേഖപ്പെടുത്തുമ്പോൾ തൊട്ടുതൊട്ട് ചില കാര്യങ്ങൾ ധൃതഗതിയിൽ പറഞ്ഞുപോകുകയാണ്. എന്നാൽ എന്തെല്ലാം വികാരവിക്ഷുബ്ധമായ രംഗങ്ങളായിരിക്കും അവിടെ നടന്നത്! ഏതെല്ലാം മാനസികമായ സംഘർഷങ്ങളായിരിക്കും അവിടെയുണ്ടായിരുന്നത്! എല്ലാം നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ.

മനഃസംഘർഷങ്ങൾ വരുമ്പോൾ, ആന്തരികമായ സംഘട്ടനങ്ങൾ (Inner conflicts) നിങ്ങളുടെ ജീവിതത്തിൽ വരുമ്പോൾ പതറരുത്. നിങ്ങൾ തളരരുത്. ശാന്തമായി ദൈവത്തിൽ ആശ്രയിക്കുക. അബ്രാഹാം നമുക്ക് ഉത്തമ ദൃഷ്ടാന്തം കാണിച്ചു തന്നു. എല്ലാമെല്ലാം മനസ്സിലാക്കിത്തരാൻ നമ്മുടെ നാഥൻ നമ്മോടുകൂടെയിരിക്കട്ടെ. കർത്താവു നമ്മെ നയിക്കട്ടെ. യേശുക്രിസ്തുവിന്റെ കരം നിങ്ങളെ പിടിക്കട്ടെ.

> *"ഞാൻ നിന്നെ ഉപദേശിച്ച്, നടക്കേണ്ടുന്ന വഴി നിനക്ക് കാണിച്ചു തരും; ഞാൻ നിന്റെമേൽ ദൃഷ്ടി വച്ച് നിനക്ക് ആലോചന പറഞ്ഞുതരും."*
>
> *സങ്കീർത്തനം 32 : 8*

> *"കർത്താവ് നിങ്ങൾക്ക് കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവ് മറഞ്ഞിരിക്കയില്ല; നിന്റെ കണ്ണ് നിന്റെ ഉപദേഷ്ടാവിനെ കണ്ടുകൊണ്ടിരിക്കും. നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്ക് പിറകിൽ നിന്നു കേൾക്കും."* *യെശയ്യാവ് 30: 20, 21*

> *"നിന്റെ ആലോചനയാൽ നീ എന്നെ നടത്തും; പിന്നത്തേതിൽ മഹത്വത്തിലേക്ക് എന്നെ*

*കൈക്കൊള്ളും. സ്വർഗ്ഗത്തിൽ എനിക്ക് ആരുള്ളൂ? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല.” സങ്കീർത്തനം 73 : 24, 25*

ഈ ദൈവത്തിന്റെ സഖിത്വത്തിലേക്ക്, സ്നേഹത്തിലേക്ക് വരാൻ നിങ്ങൾക്ക് താത്പര്യമുണ്ടോ? ആ സ്നേഹനിധിയുടെ പാവനപാദത്തിൽ നിങ്ങളുടെ ജീവിതമർപ്പിക്കാൻ, നിത്യനായ ക്രിസ്തുവിന്റെ പാദപീഠത്തിങ്കൽ നിങ്ങളെത്തന്നെ അർപ്പിച്ചുകൊണ്ട് പുതുജീവിതം നയിക്കുവാൻ നിങ്ങൾക്കു തീരുമാനം വരുന്നുണ്ടോ?

അവനിതാ നിങ്ങളുടെ അരികത്തേക്കു വന്നിട്ടുണ്ട്. നിങ്ങൾ അവനെ തേടിത്തേടി മറ്റെങ്ങും പോകേണ്ട. അവനെത്തേടി നിങ്ങൾ തീർത്ഥയാത്ര ചെയ്യണ്ട. ഗോഗുൽത്തായിൽ യാഗമായി തീർന്നവൻ നിങ്ങളെത്തേടി ഇപ്പോൾ നിങ്ങളുടെ അരികത്തേക്കു വന്നിട്ടുണ്ട്. അവന്റെ പാദപീഠത്തിൽ നിങ്ങൾ നിങ്ങളെത്തന്നെ അർപ്പണം ചെയ്യൂ. അവനോടു പറയൂ: യേശുവേ, എനിക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകാ, എനിക്കുവേണ്ടി യാഗമായി തീർന്ന നാഥാ, ഇന്നു ഞാൻ എന്നെത്തന്നെ നിന്റെ പാദപീഠത്തിങ്കലേക്ക് സമർപ്പിക്കുന്നു. എന്റെ മേൽ നിന്റെ തൃക്കരം വയ്ക്കണമേ, എന്നെ ആശിർവ്വദിക്കണമേ, എന്നെ അനുഗ്രഹിക്കണമേ, എന്നെ വഴി നടത്തേണമേ, വേണ്ട വഴിയിൽ വേണ്ടതുപോലെ നടപ്പാനുള്ള കൃപ എനിക്കു തരണമേ. എന്റെ കാര്യം നീ ഏറ്റെടുക്കണമേ. ഇന്നുമുതൽ ഞാൻ നിന്റെ അടിമ.

## പതിനൊന്ന്

*"ദൈവം കല്പിച്ചിരുന്ന സ്ഥലത്ത് അവർ എത്തി; അബ്രാഹാം ഒരു യാഗപീഠം പണിതു, വിറക് അടുക്കി."* *ഉല്പത്തി 22 : 9*

അവർ മോറിയാമലയുടെ മുകളിൽ എത്തിച്ചേർന്നു. യിസ്ഹാക്കിന്റെ ചുമലിൽ നിന്ന് വിറകുകെട്ട് എടുത്ത് അബ്രാഹാം താഴെ വച്ചു. സ്നേഹനിധിയായ അബ്രാഹാം മകന്റെ നേരെ ഒന്നുകൂടി നോക്കി. മോൻ ആ മലയുടെ മുകൾപ്പരപ്പിൽ അവിടെയുള്ള നല്ല കാഴ്ചകൾ കണ്ടു നടക്കുകയാണ്. അതോ, വലിയോരു ശുശ്രൂഷ, ഹോമയാഗം നടക്കാൻ പോകുന്നതുകൊണ്ട് അവൻ എവിടെയെങ്കിലും പ്രാർത്ഥിച്ചിരിക്കുകയാണോ? നമുക്കറിഞ്ഞുകൂടാ. അതിനെക്കുറിച്ചൊന്നും ഇവിടെ വിവരിക്കുന്നില്ല. തെറ്റല്ലാത്ത ചിന്തകൾ നമുക്ക് നെയ്തെടുക്കാം.

നമ്മുടെ ഭാവനയിൽ, മോൻ ഇങ്ങനെ ഓടി നടക്കുകയാണ്. പൂക്കൾ, അവിടെ പറന്നു നടക്കുന്ന പൂമ്പാറ്റകൾ, എല്ലാം കണ്ടുകൊണ്ട് ആ ഓമനപ്പൈതൽ നടക്കുകയാണ്. അബ്രാഹാം ആ സമയംകൊണ്ട് യാഗപീഠം പണിത് വിറക് അടുക്കി. വിറക് അടുക്കിക്കൊണ്ടിരിക്കുമ്പോൾ ഇടയ്ക്ക് കണ്ണുനീർ ആ വിറകിന്മീതെ വന്ന് വീഴുന്നുണ്ടോ? അബ്രാഹാം ഇടയ്ക്ക് നിറകണ്ണുകളോടെ മകനെ ഒന്ന് നോക്കുന്നുണ്ടോ?

എല്ലാം തയ്യാറാക്കി, വിറകെല്ലാം അടുക്കി തയ്യാറായിക്കഴിഞ്ഞപ്പോൾ അബ്രാഹാം മോനെ വിളിച്ചു. വിനയത്തോടെ മകൻ വന്നു. മകൻ വന്നപ്പോൾ അബ്രാഹാം അവനെ വാരി

ചേർത്തടുപ്പിച്ചു. ആ നല്ല പിതാവ് അവന്റെ നെറുകയിൽ തെരുതെരെ ചുംബിച്ചു. അബ്രാഹാം മകന്റെ കവിളത്ത് ഉമ്മവെച്ചുകൊണ്ട് അവന്റെ കാതിൽ തന്റെ മുഖം ചേർത്തു പിടിച്ചുകൊണ്ട് പതുക്കെപ്പറഞ്ഞു: "മോനേ, ദൈവംതമ്പുരാൻ പറഞ്ഞിരിക്കുന്നത് നിന്നെ യാഗമർപ്പിക്കാനാണ്."

പെട്ടെന്ന് മോനൊന്നു ഞെട്ടി. അവൻ അപ്പന്റെ മുഖത്തേക്കൊന്നു നോക്കി. എന്റെ അപ്പൻ തന്നെയാണോ ഈ പറഞ്ഞത്? എന്താണ് അപ്പൻ ഈ പറയുന്നത്? ഒന്നും മനസ്സിലാകാത്തതുപോലെ മോൻ അമ്പരപ്പിൽ ഒന്നു നോക്കി. "അതേ മോനേ, നിന്നെ യാഗമർപ്പിക്കാനാണ് നമ്മുടെ കർത്താവ് കല്പിച്ചിരിക്കുന്നത്; നിന്നെയാണ് യാഗം കഴിക്കാൻ പോകുന്നത്." അബ്രാഹാമിന്റെ തൊണ്ടയിടറിയോ? അബ്രാഹാമിന്റെ മനസ്സ് പിന്നെയും പതറിയോ?

അബ്രാഹാം മോന്റെ കൈകൾ ചേർത്തു കെട്ടി. കാലുകൾ ചേർത്തുകെട്ടി. മകൻ വിനയപൂർവ്വം വളരെ എളിമയോടെ നിന്നുകൊടുത്തു. അവൻ അല്പംപോലും പതറുന്നില്ല. അപ്പൻ പറഞ്ഞു, ഞാൻ അത് അനുസരിക്കുന്നു. എന്തൊരു വിനയവും അനുസരണവുമുള്ള ബാല്യക്കാരൻ! അവൻ കൈനീട്ടി ക്കൊടുത്തു. അപ്പൻ കുഞ്ഞിനെയെടുത്ത് ആ വിറകിന്മീതെ കിടത്തി.

> *"അങ്ങനെ അവർ ഇരുവരും ഒന്നിച്ചു നടന്നു, ദൈവം കല്പിച്ചിരുന്ന സ്ഥലത്ത് അവർ എത്തി; അബ്രാഹാം ഒരു യാഗപീഠം പണിതു, വിറക് അടുക്കി, തന്റെ മകൻ യിസ്ഹാക്കിനെ കെട്ടി യാഗപീഠത്തിന്മേൽ വിറകിന്മീതെ കിടത്തി. പിന്നെ അബ്രാഹാം കൈനീട്ടി തന്റെ മകനെ അറുക്കേണ്ടതിന് കത്തി എടുത്തു."* *ഉല്പത്തി 22 : 9, 10*

ആ സൂര്യപ്രകാശത്തിൽ കത്തിയിങ്ങനെ വെട്ടിത്തിളങ്ങി നിൽക്കുന്നു. അബ്രാഹാം കണ്ണ് ഇറുകെപ്പൂട്ടിക്കാണും. 'എന്റെ

ദൈവമേ!' എന്ന് ഒന്നു വിളിച്ചു. യിസ്ഹാക്കും കണ്ണ് അടച്ചു കിടക്കുകയാണ്. കത്തി വന്നു വീഴും, രണ്ടു കഷണമാകും, താഴെ തീ കത്തും, ദഹിപ്പിക്കും - എല്ലാം, അപ്പനുമറിയാം, മകനുമറിയാം.

ആ കത്തി ഇതാ താഴാൻ തുടങ്ങുന്നു. പെട്ടെന്നാണ് ഒരു ശബ്ദം കേട്ടത്.

*"ഉടനെ യഹോവയുടെ ദൂതൻ ആകാശത്തുനിന്ന്: അബ്രാഹാമേ, അബ്രാഹാമേ എന്നു വിളിച്ചു."*
*ഉല്പത്തി 22 : 11*

ഈ അദ്ധ്യായം തുടങ്ങുമ്പോൾ ദൈവം അബ്രാഹാമിനെ വിളിച്ചത് ഒരു പ്രാവശ്യമാണ്. എന്നാൽ ഇപ്പോൾ വിളിക്കുന്നത് രണ്ടു പ്രാവശ്യമാണ്. വളരെ തിടുക്കത്തിലുള്ള വിളിയാണ്. എന്തൊരു ഉദ്വേഗപൂർവ്വമായ വിളിയാണത്! എന്തൊരാകാംക്ഷാ ഭരിതമായ വിളിയാണ്! "അബ്രാഹാമേ, അബ്രാഹാമേ," ദൈവം വിളിക്കുകയാണ്.

*"ഉടനെ യഹോവയുടെ ദൂതൻ ആകാശത്തുനിന്ന്: അബ്രാഹാമേ, അബ്രാഹാമേ, എന്നു വിളിച്ചു; ഞാൻ ഇതാ, എന്നു അവൻ പറഞ്ഞു. ബാലന്റെ മേൽ കൈവയ്ക്കരുത്; അവനോട് ഒന്നും ചെയ്യരുത്; നിന്റെ ഏകജാതനായ മകനെ തരുവാൻ നീ മടിക്കായ്കകൊണ്ട് നീ ദൈവത്തെ ഭയപ്പെടുന്നു എന്ന് ഞാൻ ഇപ്പോൾ അറിയുന്നു എന്ന് അവൻ അരുളിച്ചെയ്തു." ഉല്പത്തി 22 : 11, 12*

ദൈവം ബദ്ധപ്പെട്ട് വിളിക്കുകയാണ്. അവസാനനിമിഷം! സെക്കന്റുകൾക്കുള്ളിൽ കത്തി കഴുത്തിൽ അമരും, സംശയമില്ല. പക്ഷേ, തക്കസമയത്ത്, ഒട്ടും വൈകാതെ, അവസാന നിമിഷം അബ്രാഹാമിന്റെ വിശ്വാസം കണ്ടപ്പോൾ, അനുസരണം കണ്ടപ്പോൾ, സമർപ്പണം കണ്ടപ്പോൾ, സ്വർഗ്ഗത്തിലെ ദൈവം പറഞ്ഞു: അബ്രാഹാമേ, അബ്രാഹാമേ, ബാലന്റെമേൽ കൈ

വയ്ക്കരുത്, അവനോട് ഒന്നും ചെയ്കയുമരുത്. നീ ദൈവത്തെ ഭയപ്പെടുന്നു എന്ന് ഇപ്പോൾ മനസ്സിലായി.

ദൈവപൈതലേ, സ്വർഗ്ഗത്തിലെ ദൈവം താമസിക്കുകയില്ല. സ്വർഗ്ഗത്തിലെ ദൈവം നിന്റെ കാര്യത്തിൽ ഇടപെടാൻ വൈകുകയില്ല. നിന്നോടു സംസാരിക്കാൻ താമസിക്കയില്ല. തക്കസമയത്ത് നിന്നോട് ഇടപെടും. നീ സംശയിക്കേണ്ട. തക്ക സമയത്ത് ദൈവം നിന്നെ വിളിച്ചുണർത്തും. മോനേ, നീ പേടിക്കേണ്ട, ഞാൻ നിന്റെ കാര്യം അന്വേഷിച്ചുകൊള്ളാം. നിനക്കുവേണ്ടി ഏറ്റവും നല്ലത് ഞാൻ കരുതിക്കൊള്ളാം.

“ബാലന്റെ മേൽ കൈ വയ്ക്കരുത്, അവനോട് ഒന്നും ചെയ്കയുമരുത്” എന്നാണ് ദൈവം പറയുന്നത്. ചരിത്രത്തിലെ അത്യത്ഭുതകരമായ രംഗം വരച്ചു വയ്ക്കുവാൻ, പരിശുദ്ധാത്മാവ് എഴുതിയ ഈ തിരുവചനത്തിന്റെ, ശക്തിയുറ്റ തൂലികയുടെ, അത്ഭുതകരമായ മാസ്മരശക്തി ഇന്നു തലമുറകളെ സ്വാധീനം ചെയ്തുകൊണ്ടിരിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ അത്ഭുതകൃപ വ്യാപരിക്കുകയാണ്.

പരിശുദ്ധാത്മാവിന്റെ തീ, അന്നു യാഗപീഠത്തിലിറങ്ങാൻ തയ്യാറായ തീ ഇന്നു നിങ്ങളുടെമേൽ ഇറക്കുവാൻ, നിങ്ങളുടെ മേൽ ആവസിക്കുവാൻ കാത്തു നിൽക്കുകയാണ്. സമർപ്പിക്കുവാൻ നിങ്ങൾക്കു മനസ്സുണ്ടോ? എല്ലാം കൊടുക്കാൻ മനസ്സുണ്ടോ? യാഗമർപ്പിക്കാൻ മനസ്സുണ്ടോ? വിലപ്പെട്ടതു കൊടുപ്പാൻ മനസ്സുണ്ടോ? ഏറ്റവും വിലയേറിയത് ക്രിസ്തുവിന്റെ പാദപീഠത്തിങ്കലേക്ക് ഏൽപ്പിച്ചു കൊടുക്കാൻ നിങ്ങൾക്കു താത്പര്യമുണ്ടോ? നഷ്ടമല്ല എന്നു ഞാൻ പറയാം.

കുഞ്ഞേ, കൊടുത്താൽ നഷ്ടമല്ല. മോളേ, നീ കൊടുത്താൽ നിനക്കു നഷ്ടമല്ല. മോനേ, നീ സമർപ്പിച്ചാൽ നിനക്കു നഷ്ടമല്ല. അത് ആയിരമായിരം തലമുറകളിലേക്ക് അത്ഭുതകരമായ അനുഗ്രഹത്തിന്റെ വിളനിലമായി മാറാൻ പോകുകയാണ്. അതിശയങ്ങൾ വിരജിക്കാൻ പോകുകയാണ്. തലമുറകൾ

പ്രകമ്പനം കൊള്ളാൻ പോകുകയാണ്. തലമുറകളിലും യുഗങ്ങളിലും അത് മാറ്റൊലിക്കൊള്ളാൻ പോകുകയാണ്.

ദൈവജനമേ, നിങ്ങൾ എന്തു പറയുന്നു? ഇന്ന് ഈ വാക്കുകൾ വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളെ കാണുന്ന ദൈവത്തെ, നിങ്ങളെ കരുതുന്ന ദൈവത്തെ, നിങ്ങളെ സ്നേഹിക്കുന്ന ദൈവത്തെ, നിങ്ങൾക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകനെ, കൈക്കൊള്ളാൻ നിങ്ങൾക്കു മനസ്സുണ്ടോ? സമർപ്പിക്കാൻ നിങ്ങൾക്കു മനസ്സുണ്ടോ? വിലപ്പെട്ടത് സമർപ്പിക്കുവിൻ. നിങ്ങൾക്ക് ഏറ്റവും പ്രിയങ്കരമായത് സമർപ്പിക്കുവിൻ. ഒന്നും ബാക്കി വച്ചേക്കണ്ട. എല്ലാം കൊടുക്കുവിൻ. കൊടുത്താൽ അവൻ എല്ലാം വാങ്ങും.

ദൈവമക്കളേ, സമർപ്പിച്ചാൽ ആനന്ദം തുടങ്ങും. നിങ്ങൾക്കു സമാധാനം വേണമോ? ശാന്തി വേണമോ? സന്തോഷം വേണമോ? സ്വർഗ്ഗീയ സൗഭാഗ്യം നിങ്ങൾക്കു വേണമോ? എങ്കിൽ നിങ്ങൾ സമർപ്പിക്കുവിൻ. കർത്താവ് കഴിഞ്ഞകാലങ്ങൾ ചോദിക്കയില്ല. നീ എങ്ങനെ ജീവിച്ചവനാണ് എന്നു ചോദിക്കയില്ല. എല്ലാമെല്ലാം ക്ഷമിച്ച്, കരുണയോടെ സ്വീകരിക്കും.

എല്ലാം വിട്ട്, സകല കൂട്ടുകെട്ടും വിട്ട്, പഴയ പാപങ്ങൾ വിട്ട്, പഴയ തിന്മകൾ വിട്ട് ഓടിവരുവിൻ. അപ്പന്റെ മുമ്പിൽ വീഴുവിൻ. അപ്പനോട് പറയുവിൻ: അപ്പാ, നീ എന്നെ കൈക്കൊള്ളണമേ. സ്വർഗ്ഗത്തിലെ നിത്യപിതാവേ, എന്നെ നീ സ്വീകരിക്കണമേ. എനിക്കുവേണ്ടി ഊനമില്ലാത്ത കുഞ്ഞാടിനെ യാഗമർപ്പിച്ച നിത്യപിതാവേ, എന്റെമേൽ നിന്റെ കരം വയ്ക്കണമേ.

## പന്ത്രണ്ട്

*"ദൈവത്തിന്റെ വാഗ്ദത്തത്തിങ്കൽ അവിശ്വാസത്താൽ സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ടു ദൈവത്തിന് മഹത്വം കൊടുത്തു, അവൻ വാഗ്ദത്തം ചെയ്തത് പ്രവർത്തിപ്പാനും ശക്തൻ എന്ന് പൂർണ്ണമായി ഉറച്ചു. അതുകൊണ്ട് അത് അവന് നീതിയായി കണക്കിട്ടു. അവന് കണക്കിട്ടു എന്ന് എഴുതിയിരിക്കുന്നത് അവനെ വിചാരിച്ചു മാത്രം അല്ല, നമ്മെ വിചാരിച്ചുംകൂടെ ആകുന്നു."*

*റോമർ 4 : 20 - 23*

ദൈവത്തിന്റെ വാഗ്ദത്തങ്ങളെ അവിശ്വസിച്ചില്ല. ദൈവത്തിന്റെ അരുളപ്പാടുകളെ സംശയിച്ചില്ല. വാഗ്ദത്തങ്ങളെ അവിശ്വസിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ട് അബ്രാഹാം ദൈവത്തിന് മഹത്വം കൊടുത്തു. തന്റെ മകനായ യിസ്ഹാക്കിനെ യാഗം അർപ്പിക്കുവാൻ ദൈവത്തിന്റെ കല്പന വന്നപ്പോൾ അബ്രാഹാം അല്പം പോലും സംശയിച്ചില്ല.

വാഗ്ദത്തം അബ്രാഹാമിന്റെ മുമ്പിലുണ്ട്. ദൈവം തന്ന വാഗ്ദത്തം നിറവേറ്റാൻ ദൈവം ശക്തൻ എന്ന് അബ്രാഹാം ഉറച്ചു. അത് അവന് നീതിയായി കണക്കിട്ടു. "അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു, അത് അവന് നീതിയായി കണക്കിട്ടു" എന്ന് വേദപുസ്തകത്തിൽ പല ഭാഗങ്ങളിൽ പറഞ്ഞിട്ടുണ്ട്.

നീതീകരണം എന്നു പറയുന്നത്, വിശ്വാസത്തിൽ മനുഷ്യൻ ശക്തിപ്പെടുമ്പോഴാണ്. ദൈവം അബ്രാഹാമിന്റെ വിശ്വാസത്തെ മാനിച്ചു.

അബ്രാഹാം ദൈവത്തെ അനുസരിക്കും എന്നുള്ളത് കൃത്യമായും തെളിയിച്ചു കഴിഞ്ഞപ്പോൾ ദൈവത്തിന്റെ ശബ്ദം, ദൈവത്തിന്റെ വചനം ഇടപെട്ടു, നിത്യനായ ദൈവം ഇടപെട്ടു.

"അബ്രാഹാമേ, അബ്രാഹാമേ, ബാലന്റെമേൽ കൈവയ്ക്കരുത്."

എന്നാൽ നൂറ്റാണ്ടുകൾക്ക് ശേഷം അതേ സ്ഥലത്ത്, അതേ വേദിയിൽ ഒരു കുഞ്ഞാട് അറുക്കപ്പെട്ടു. അത് കർത്താവായ യേശുക്രിസ്തുവാണ്. തിരുവചനം വായിക്കുമ്പോഴാണ് നമുക്ക് മനസ്സിലാകുന്നത്, ശലോമോൻ ദൈവാലയം പണിതത് ഈ മോറിയാ പർവ്വതത്തിലാണ് എന്ന്.

> *"അനന്തരം ശലോമോൻ യെരൂശലേമിൽ തന്റെ അപ്പനായ ദാവീദിന് യഹോവ പ്രത്യക്ഷനായ മോറിയാപർവ്വതത്തിൽ യെബൂസ്യനായ ഒർന്നാന്റെ കളത്തിങ്കൽ ദാവീദ് വട്ടംകൂട്ടിയിരുന്ന സ്ഥലത്ത് യഹോവയുടെ ആലയം പണിവാൻ തുടങ്ങി."*
>
> *2 ദിനവൃത്താന്തം 3 : 1*

ഏഴ് സംവത്സരം കൊണ്ട് ശലോമോൻ ഒരു ദേവാലയം പണിതു. ദാവീദ് ഒരുക്കി വച്ചിരുന്ന സ്ഥലത്ത് മകനായ ശലോമോൻ ആലയം പണിതു. ദാവീദ് ഒർന്നാന്റെ കളത്തിൽ യാഗപീഠം ഒരുക്കി എങ്കിലും മകൻ ശലോമോനാണ് ദേവാലയം പണിയുന്നത്.

അബ്രാഹാമിന്റെ മകനായ യിസ്ഹാക്കിനെ യാഗമർപ്പിച്ച ആ മോറിയാപർവ്വതത്തിങ്കൽ തന്നെയാണ് ദാവീദ് യാഗപീഠം പണിതതും യാഗം കഴിച്ചതും. അതേ സ്ഥലം തന്നെയാണ് യെബൂസ്യനായ ഒർന്നാന്റെ കളം എന്നു പറയുന്നതും. യെബൂസ്യനായ ഒർന്നാന്റെ കളം തന്നെയാണ് അരവ്നയുടെ കളം എന്നും തിരുവചനത്തിൽ കാണുന്നത്. അവിടെത്തന്നെയാണ് ശലോമോൻ ദേവാലയം പണിതത്.

*"അന്നുതന്നേ ഗാദ് ദാവീദിന്റെ അടുക്കൽ വന്നു അവനോട്: നീ ചെന്ന് യെബൂസ്യനായ അരവ്നയുടെ കളത്തിൽ യഹോവയ്ക്ക് ഒരു യാഗപീഠം ഉണ്ടാക്കുക എന്നു പറഞ്ഞു."* *2 ശമൂവേൽ 24 : 18*

*"ദാവീദ് യഹോവയ്ക്ക് അവിടെ ഒരു യാഗപീഠം പണിതു ഹോമയാഗങ്ങളും സമാധാനയാഗങ്ങളും കഴിച്ചു."* *2 ശമൂവേൽ 24 : 25*

അവിടെ അരവ്നയുടെ കളത്തിൽ, ഒർന്നാന്റെ കളത്തിൽ, ദാവീദ് വട്ടംകൂട്ടിയിരുന്ന സ്ഥലത്ത് ശലോമോൻ ദേവാലയം പണിതു. അബ്രാഹാം പിതാവ് തന്റെ മകനായ യിസ്ഹാക്കിനെ യാഗം അർപ്പിക്കാൻ ഒരുക്കിയ സ്ഥലത്തു തന്നെയാണ് ദാവീദ് ആലയം പണിയാൻ യാഗപീഠം ഒരുക്കിയതും വട്ടംകൂട്ടിയതും. മോറിയാപർവ്വതത്തിലെ കാൽവറിമലയിലാണ് കർത്താവായ യേശു ക്രൂശിക്കപ്പെട്ടത്.

എന്തൊരത്ഭുതമാണത്! ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ കർത്താവായ യേശുക്രിസ്തു യാഗമാകുന്നതിന് നൂറ്റാണ്ടുകൾക്കുമുമ്പ്, ക്രൂശിന്മേൽ യാഗമായിത്തീർന്നതിന് വർഷങ്ങൾക്കുമുമ്പ് ദൈവത്തിന്റെ വചനത്തിൽ എല്ലാം രേഖപ്പെടുത്തിയിരിക്കുന്നു! എല്ലാം വട്ടം കൂട്ടിയിരിക്കുന്നു! എല്ലാം മുൻകൂട്ടി കണ്ടിരിക്കുന്നു, മുൻകൂട്ടി പ്രവചിച്ചിരിക്കുന്നു!

നമ്മെ ഓരോരുത്തരെക്കുറിച്ചും ദൈവത്തിന് വിലയേറിയ നിർണ്ണയങ്ങളുണ്ട്. നാം ഓരോരുത്തരെക്കുറിച്ചും ദൈവത്തിന് ചില നിശ്ചയങ്ങളുണ്ട്. ദൈവത്തിന് ചില വ്യക്തമായ പദ്ധതികളുണ്ട്.

നിത്യരക്ഷയ്ക്കുവേണ്ട കർമ്മപരിപാടികൾ ക്രിസ്തു ക്രൂശിന്മേൽ നിവർത്തിച്ചു. 'നിവൃത്തിയായി' എന്ന് കർത്താവായ യേശുക്രിസ്തു പറഞ്ഞ് തന്റെ പ്രാണനെ വിട്ടത്, ക്രൂശിന്മേൽ കർത്താവ് യാഗമായി അർപ്പിക്കപ്പെട്ടത്,

നൂറ്റാണ്ടുകൾക്കു മുമ്പ് തിരുവചനത്തിൽ പ്രവാചകന്മാർ രേഖപ്പെടുത്തി വച്ചിരിക്കുന്നു! എന്തൊരത്ഭുതമാണിത്!

അബ്രാഹാം യിസ്ഹാക്കിനെ യാഗം അർപ്പിക്കാൻ കത്തി ഓങ്ങി. അല്പനിമിഷത്തിനുള്ളിൽ കത്തി യിസ്ഹാക്കിന്റെ കഴുത്തിൽ പതിക്കും, കഴുത്ത് അറ്റുപോകും. അന്ന് ദൈവം തമ്പുരാൻ ഇടപെട്ടു, "ബാലന്റെ മേൽ കൈവയ്ക്കരുത്."

നൂറ്റാണ്ടുകൾക്ക് ശേഷം ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് അറുക്കപ്പെടാൻ നേരത്ത്, കർത്താവായ യേശുക്രിസ്തു ക്രൂശിൽ അർപ്പിക്കപ്പെടാൻ നേരത്ത് സ്വർഗ്ഗത്തിലെ നിത്യപിതാവ് ഇടപെട്ടില്ല. ദൈവംതമ്പുരാൻ മുഖം മറച്ചു കളഞ്ഞു. കർത്താവ് വിളിച്ചു: "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടത് എന്ത്" എന്ന് കർത്താവ് സങ്കടത്തോടെ കരഞ്ഞെങ്കിലും സ്വർഗ്ഗത്തിലെ നിത്യനായ ദൈവം അവിടെ ഇടപെട്ടില്ല.

യേശുക്രിസ്തു മുകളിലേക്ക് നോക്കി. ഉച്ചക്ക് പന്ത്രണ്ടുമണി മുതൽ മൂന്നുമണിവരെ ദേശമെല്ലാം കൂരിരുട്ടായിരുന്നു. ആ കൂരിരുട്ടിന്റെ മദ്ധ്യത്തിൽ യേശു നോക്കിയപ്പോൾ പിതാവിന്റെ തിരുമുഖം കാണുന്നില്ല. യേശുക്രിസ്തു നഗ്നനായി കുരിശിന്മേൽ കിടക്കുന്നതുകണ്ട് അത് കാണാൻ വയ്യാതെ സൂര്യൻ കണ്ണ് ഇറുകെ പൂട്ടിയടച്ചു എന്ന് പിതാക്കന്മാർ പാടി. ഭൂമിയെല്ലാം കൂരിരുട്ടായി, ആകാശം ഇരുളടഞ്ഞു. പിതാവായ ദൈവത്തെ യേശുക്രിസ്തു നോക്കി, പിതാവ് കൈവിട്ടുകളഞ്ഞു.

പ്രിയപ്പെട്ടവരേ, നമ്മുടെ ജീവിതത്തിൽ, നമുക്കുവേണ്ടി യാഗമായിത്തീർന്ന ക്രിസ്തു, നമുക്കാശ്വാസം തരികയാണ്. നമ്മുടെ കാര്യങ്ങൾ വരുമ്പോൾ മുകളിൽ നിന്ന് കർത്താവ് ഇടപെടും. നമ്മുടെ ഒരാവശ്യം വരുമ്പോൾ, നമ്മുടെ ജീവിതത്തിൽ ക്ലേശങ്ങൾ വരുമ്പോൾ, പ്രതിസന്ധികൾ വരുമ്പോൾ, പ്രശ്നങ്ങൾ വരുമ്പോൾ, ക്രിസ്തു തക്കസമയത്ത് ഇടപെടും. പിതാവായ ദൈവം ഇടപെടാതെ ക്രൂശിക്കപ്പെട്ടവനായ

ക്രിസ്തു, ഇന്ന് നമുക്കുവേണ്ടി പിതാവിന്റെ സന്നിധിയിൽ ഇടപെട്ടുകൊണ്ടിരിക്കുന്നു. അവൻ നമുക്കുവേണ്ടി ഇടനില നിൽക്കുകയാണ്. അവൻ നമുക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുകയാണ്. ജീവിതത്തിൽ പ്രശ്നങ്ങൾ വന്ന് അലട്ടുമ്പോൾ, മനസ്സ് വിങ്ങിക്കരയുമ്പോൾ, ഉള്ള് നീറിപ്പുകയുമ്പോൾ നമുക്കാശ്വാസം പകരാനായി ക്രിസ്തു കരംനീട്ടും. അവിടുന്ന് തക്കസമയത്ത് നമുക്ക് സമാധാനം തരും.

അനുസരണത്തിന് വലിയ വിലയുണ്ട്, അനുസരണത്തിന് വലിയ പ്രതിഫലമുണ്ട്. അബ്രാഹാം വചനം വിശ്വസിച്ചു, അനുസരിച്ചു.

ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ ദൈവം നമ്മോട് ആവശ്യപ്പെടുന്നു. മോനേ, ഇനി പാപം ചെയ്യരുത്. മോളേ, ഇനി പാപം ചെയ്യരുത്. നീ ഇനി ലോകത്തിന്റെ അടിമയായി പോകരുത്. ഇനിയും നീ ലോകത്തിന്റെ അഴുക്കിലേക്ക് തിന്മയിലേക്ക് വീണുപോകരുത്.

നിന്റെ ജീവിതത്തിൽ വരാനിരിക്കുന്ന അപകടങ്ങൾ നിനക്കു വരുന്നതിനുമുമ്പ് അതിവേഗം വഴി മാറിക്കൊള്ളുക. അതിവേഗം നീ തിരിഞ്ഞുകൊള്ളുക. ജീവനുള്ള ദൈവം നമുക്ക് മുന്നറിയിപ്പ് തരികയാണ്. നീ ഒരു കാര്യം മാത്രം ചെയ്താൽ മതി, നിന്നെത്തന്നെ യാഗമായി അർപ്പിക്കാൻ നീ തയ്യാറാവുക.

> *“സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ.”*
>
> *റോമർ 12 : 1*

നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയുമുള്ള, ദൈവത്തിന് പ്രസാദമുള്ള യാഗമായി സമർപ്പിപ്പിൻ! ഈ ശരീ

രത്തെ ദൈവത്തിനായി വിട്ടുകൊടുക്കുക. ഈ ശരീരത്തിലെ അവയവങ്ങൾ, അത് ബാല്യപ്രായത്തിലാകട്ടെ, യൗവ്വനത്തിലോ വാർദ്ധക്യത്തിലോ ആകട്ടെ, ആയിരിക്കുന്ന അവസ്ഥയിൽ ദൈവത്തിന് സൗരഭ്യവാസനയായി അർപ്പണം ചെയ്യുക.

നമ്മുടെ ശരീരത്തിൽ അശുദ്ധി പറ്റാൻ സമ്മതിക്കരുത്. നമ്മുടെ ഈ ശരീരത്തിൽ കളങ്കമേശാൻ സമ്മതിക്കരുത്. അഴുക്കായത് കാണുവാനും വായിക്കാനും ഈ കണ്ണുകൾ വിട്ടുകൊടുക്കരുത്. നമ്മുടെ നാവ് അരുതാത്തത് പറയാൻ, മറ്റുള്ളവരെ ദുഷിക്കാൻ വിട്ടുകൊടുക്കരുത്.

അഴുക്കായത് കുടിക്കാൻ ഈ നാവും വായും വിട്ടുകൊടുക്കരുത്. ഈ ചുണ്ടുകൾ അഴുക്കായത് ചുംബിക്കാൻ വിട്ടുകൊടുക്കരുത്. നമ്മുടെ ശരീരത്തിലെ അവയവങ്ങളെ ജീവനും വിശുദ്ധിയുമുള്ള യാഗമായി സമർപ്പിക്കണം. ദൈവത്തിനു പ്രസാദമുള്ള യാഗമായി സമർപ്പിക്കണം. അതു മാത്രമേ ദൈവം നമ്മോട് ആവശ്യപ്പെടുന്നുള്ളൂ. കരുണയുള്ള കർത്താവ് തന്നെത്തന്നെ സമർപ്പിച്ചു. പിതാവായ ദൈവത്തിന്റെ തിരുഹിതത്തിന് തന്നെത്തന്നെ അർപ്പണം ചെയ്തു.

അബ്രാഹാം ആ വെട്ടുകത്തി കൈയിൽ പിടിച്ചുകൊണ്ടു തന്നെ ഒന്ന് കാതോർത്തു. തല ഉയർത്തി ഒന്നു നോക്കി. എന്താണ് ആ നോട്ടത്തിന്റെ അർത്ഥം? കർത്താവേ, ഇതുവരെയും നീ പറഞ്ഞതെല്ലാം ഞാൻ അനുസരിച്ചു. കർത്താവേ, നാളിതുവരെ എന്റെ ജീവിതത്തിൽ നിന്നെ വിശ്വസിക്കുകയും നിന്റെ വചനം അനുസരിക്കയും ചെയ്തതല്ലേ?

നാഥാ, നിന്നോടു ഞാനൊന്നു പറഞ്ഞുകൊള്ളട്ടെ, യാഗപീഠം തയ്യാറായിട്ടുണ്ട്, വിറക് അടുക്കിവച്ചിട്ടുണ്ട്; കത്തി എന്റെ കൈയിലുണ്ട്; തീയും കരുതിയിട്ടുണ്ട്. യാഗത്തിനുള്ള ആട്ടിൻകുട്ടിയെവിടെ? യിസ്ഹാക്കിന്റെമേൽ കൈ വയ്ക്കരുത് എന്ന് നീ കല്പിച്ചു; ഞാൻ കൈ വയ്ക്കുന്നില്ല. പക്ഷേ, ഇനി ഞാൻ നിന്നോട് ഒരു കാര്യം ആവശ്യപ്പെടുകയാണ്. എനിക്ക് യാഗം

കഴിക്കാൻ ഒരു ആട്ടിൻകുട്ടിയെ നീ തരണം.

ജീവനുള്ള ദൈവം അബ്രാഹാമിന്റെ വാക്ക് അനുസരിച്ചു! ദൈവം മുന്നമേ കരുതിയിരുന്നു. അബ്രാഹാം യിസ്ഹാക്കിനെ കൂട്ടിക്കൊണ്ട് ഒരു വശത്തുകൂടി കയറുമ്പോൾ അപ്പുറത്തെ വശത്തുനിന്ന് ഒരു ആട്ടിൻകുട്ടിയും കയറി വരുന്നുണ്ടായിരുന്നു. അബ്രാഹാം കണ്ടില്ല. യിസ്ഹാക്കും കണ്ടില്ല. സ്വർഗ്ഗത്തിലെ ദൈവം കണ്ടിരുന്നു. മോറിയാമലയുടെ മറുവശത്തുകൂടി ഒരു ആട്ടിൻകുട്ടി ഇങ്ങനെ കയറി വരുന്നു.

ചരിത്രത്തിന്റെ താളുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന അതിമനോഹരമായ ഒരു സംഭവമാണ് അത്. നമുക്കുവേണ്ടി യേശുക്രിസ്തുവിനെ യാഗമായി അർപ്പിക്കുവാൻ, ലോക ത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവത്തിന്റെ കുഞ്ഞാ ടിനെ ദൈവം മുൻകൂട്ടി കരുതിയിരുന്നു.

അബ്രാഹാമിന്റെ നോട്ടത്തിന്റെ അർത്ഥം അതാണ്. ഇതു വരെ ഞാൻ നിന്നെ അനുസരിച്ചു; ഇനി നീ എന്നെ അനുസരി ക്കണം. ഒരു മനുഷ്യന് അങ്ങനെ പറയാമോ? അങ്ങനെ ചിന്തി ക്കാമോ?

പ്രിയപ്പെട്ടവരേ, അതാണ് പ്രാഗത്ഭ്യം! അതാണ് ധൈര്യം! സമർപ്പിച്ച ദൈവപൈതലിന് ഈ ധൈര്യം കിട്ടും. മുഴുവനായി ഞാൻ ഏൽപ്പിച്ചതല്ലേ? കർത്താവേ, നിന്റെ കൈയിലേക്ക് ഞാൻ മുഴുവൻ തന്നതല്ലേ? ഒന്നും ബാക്കി വയ്ക്കാതെ നിന്നെ ഏല്പിച്ചതല്ലേ? ഞാൻ നിന്നോട് വാക്കുപറഞ്ഞതല്ലേ? ഇപ്പോൾ നീ എന്റെ കാര്യം സാധിച്ചു തരണം.

യാഗപീഠം വെറുതെ ഇട്ടിട്ട് പോകാൻ എനിക്കു സാദ്ധ്യമല്ല. വിറക് അടുക്കിവച്ചിട്ടുണ്ട്, തീ അരികത്തുണ്ട്, കത്തി എന്റെ കൈയിൽ തിളങ്ങുന്നുണ്ട്, എനിക്ക് ഒരു ആട്ടിൻ കുട്ടിയെ തരണം. അത്ഭുതം! അപ്പുറത്ത് ഒരാട്ടിൻകുട്ടി കൊമ്പ് കാട്ടിൽ കുരുങ്ങിക്കിടക്കുന്നു! നമുക്കുവേണ്ടി കരുതുന്ന ദൈവം! തന്റെ പുത്രനെ നമുക്ക് തരുവാൻ തക്കവണ്ണം നമ്മെ സ്നേഹിച്ച

ദൈവം!

ഇപ്പോൾ, നിങ്ങൾ ദൈവത്തോടു പറയൂ: കർത്താവേ, നീ എനിക്കുവേണ്ടി കരുതുന്നു. നീ എന്റെ കാര്യം അന്വേഷിക്കുന്നു. നീ എന്റെ വാക്കിനെ മാനിക്കുന്നു. എന്റെ ആവശ്യങ്ങളെ നീ അറിയുന്നു. എന്റെ താത്പര്യങ്ങളെ നീ സ്നേഹത്തോട കാണുന്നു. കർത്താവേ, ഞാൻ ഇതുവരേയും നിന്നെ അനുസരിച്ചു എന്ന് പറയാൻ എന്റെ ജീവിതത്തിൽ സാധിച്ചിട്ടില്ല. എന്നാൽ ഈ നിമിഷം മുതൽ നാഥാ, നിന്നെ അനുസരിച്ച്, എന്റെ ദേഹവും ദേഹിയും ആത്മാവും നിന്റെ പാദപീഠത്തിൽ അർപ്പണം ചെയ്ത് ഒരു പുതുജീവിതം നയിക്കുവാൻ ഞാനിതാ തീരുമാനിക്കുന്നു.

ഞാൻ മുഴുവനായി, ഒന്നും ബാക്കി വയ്ക്കാതെ എന്നെത്തന്നെ നിന്റെ കൈയിലേക്ക് തരുന്നു. എന്നെ നീ കൈക്കൊള്ളണമേ. എന്റെമേൽ നിന്റെ കത്തി വയ്ക്കണമേ. എന്റെ പഴയ മനുഷ്യനെ ക്രൂശിക്കണമേ. ഒരു പുതിയ മനുഷ്യനായി ഉയിർത്തെഴുന്നേൽക്കുവാൻ എനിക്കു നീ ഭാഗ്യം തരണമേ.

## പതിമൂന്ന്

*"അങ്ങനെ വിശ്വാസികൾ, വിശ്വാസിയായ അബ്രാഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെടുന്നു."*
*ഗലാത്യർ 3 : 9*

അബ്രാഹാം ദൈവത്തോട് പറഞ്ഞ വാക്ക് ദൈവം അംഗീകരിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു. അബ്രാഹാമിനെപ്പോലെ ദൈവസന്നിധിയിൽ പറഞ്ഞ വാക്കുകൾ നാം പാലിക്കുമെങ്കിൽ, ദൈവത്തോട് പറഞ്ഞ വാക്കുകളിൽ നാം വിശ്വസ്തരായി നിൽക്കുമെങ്കിൽ, സ്വർഗ്ഗത്തിലെ നിത്യനായ ദൈവം നമ്മോട് പറഞ്ഞ വാക്ക് പാലിക്കും. അവൻ നമുക്കുവേണ്ടി അത്ഭുതങ്ങൾ നിവർത്തിക്കും. നമ്മുടെ ജീവിതത്തിൽ അതിശയങ്ങൾ പ്രവർത്തിച്ച് നമ്മെ കർത്താവ് ഐശ്വര്യമായി നടത്തും.

*"അബ്രാഹാം തലപൊക്കി നോക്കിയപ്പോൾ പിമ്പുറത്ത് ഒരു ആട്ടുകൊറ്റൻ കൊമ്പ് കാട്ടിൽ പിടിപെട്ടു കിടക്കുന്നത് കണ്ടു; അബ്രാഹാം ചെന്നു ആട്ടുകൊറ്റനെ പിടിച്ചു തന്റെ മകനു പകരം ഹോമയാഗം കഴിച്ചു."* *ഉല്പത്തി 22 : 13*

അബ്രാഹാം തല പൊക്കി നോക്കിയപ്പോൾ:

1. ദൈവത്തിന്റെ വാഗ്ദത്തം ലഭിച്ചു – Promise
2. ദൈവത്തിനായി സമർപ്പിച്ചു. – Dedication
3. ദൈവത്തിന്റെ കരുതൽ ലഭിച്ചു. – Provision

അബ്രാഹാമിന് ദൈവത്തിന്റെ കരുതൽ മനസ്സിലാക്കാൻ കഴിഞ്ഞു. തനിക്ക് യാഗം അർപ്പിക്കുന്നതിനുവേണ്ടി ദൈവം ഒരു ആട്ടിൻകുട്ടിയെ കരുതി വച്ചിരിക്കുന്നത് കണ്ടു. ദൈവത്തിന്റെ provision. ദൈവം തനിക്കുവേണ്ടി കരുതുന്നത് അബ്രാഹാമിന് അനുഭവമായിത്തീർന്നു. ആ സ്ഥലത്തിന് അബ്രാഹാം 'യഹോവ യിരേ' എന്ന് പേരിട്ടു. ദൈവം കാണുന്നു, ദൈവം കരുതുന്നു! God sees and God cares!

സഹോദരങ്ങളേ, നമുക്കുവേണ്ടി കരുതുന്ന ഒരു ദൈവമുണ്ട്! നാം ദൈവതിരുമുഖത്തേക്ക് നോക്കുമ്പോൾ, നാം ഉയരത്തിലേക്ക് കണ്ണുകളെ ഉയർത്തുമ്പോൾ അവൻ നമുക്കുവേണ്ടി കരുതുന്നത് നാം കാണുകയാണ്.

സങ്കീർത്തനക്കാരൻ പാടി.

*"ഞാൻ എന്റെ കണ്ണ് പർവ്വതങ്ങളിലേക്ക് ഉയർത്തുന്നു; എനിക്കു സഹായം എവിടെനിന്നു വരും? എന്റെ സഹായം ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയ യഹോവയിങ്കൽനിന്നു വരുന്നു."*

*സങ്കീർത്തനങ്ങൾ 121 : 1, 2*

നിങ്ങൾ ദൈവസന്നിധിയിൽ പ്രാർത്ഥിച്ച് ദൈവത്തിന്റെ കരുതൽ പ്രാപിച്ചിട്ടുണ്ടോ? ദൈവം നിങ്ങൾക്കുവേണ്ടി കരുതുന്നത് നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ? നിങ്ങളുടെ ഉള്ളിന്റെ തേങ്ങലുകൾ, ഹൃദയത്തിന്റെ ഭാരങ്ങൾ ദൈവം മാറ്റിത്തരുന്നത് നിങ്ങൾ അനുഭവിച്ചിട്ടുണ്ടോ? അനേകമനേകം ഉരുകി വലയുന്ന പ്രശ്നങ്ങളുമായി ദൈവസന്നിധിയിലേക്ക് ചെല്ലുമ്പോൾ കർത്താവ് ആശ്വാസം തരുന്നത് നിങ്ങൾക്ക് അനുഭവമായിട്ടുണ്ടോ?

*"സമാധാനം ഞാൻ നിങ്ങൾക്ക് തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്ക് തരുന്നത്."* *യോഹന്നാൻ 14 : 27*

ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്. ചികിത്സകൊണ്ട് രോഗം സൗഖ്യമായി, അതൊരു സമാധാനമാണ്. കടം മാറി, അതൊരു സമാധാനമാണ്. മക്കളുണ്ടായി അതൊരു സമാധാനമാണ്. മക്കൾ നല്ലവണ്ണം പഠിച്ച് നല്ല ഭാവി നേടുന്നു, അതൊരു സമാധാനമാണ്. നല്ല വീടുണ്ടായി, നല്ല ആരോഗ്യം ലഭിച്ചു, ഒരു ജോലി കിട്ടി, നമുക്ക് പഠിത്തത്തിൽ വളരാനും ഉയരാനും സാധിച്ചു. ഇതെല്ലാം സമാധാനമാണ്. പക്ഷേ കർത്താവ് പറയുന്നു: "ലോകം തരുന്ന സമാധാനമല്ല ഞാൻ നിങ്ങൾക്ക് തരുന്നത്."

ഇന്ന് സുവിശേഷലോകം വാസ്തവത്തിൽ തെറ്റായ ദിശയിലൂടെ നീങ്ങുന്നു എന്ന് ഞാൻ വളരെ വിനയപൂർവ്വം നിങ്ങളെ അറിയിക്കട്ടെ. സുവിശേഷകന്മാർ, സുവിശേഷവേലയുടെ പ്രസംഗസംവിധാനങ്ങൾ, തെറ്റായ വഴിയിലൂടെ നീങ്ങുന്നു എന്ന് ചിലപ്പോഴെല്ലാം എനിക്കു തോന്നിപ്പോകാറുണ്ട്. എല്ലാം സുഖമായിരിക്കും, രോഗം മാറിക്കൊള്ളും, കഷ്ടത മാറിക്കൊള്ളും, ദുരിതം മാറിക്കൊള്ളും, ദൈവം എല്ലാം കരുതിക്കൊള്ളും, എല്ലാം ശുഭമായും സമാധാനമായും തീർന്നുകൊള്ളും, ഒന്നും പേടിക്കാനില്ല. ക്രിസ്തുവിനായി ജീവിതം സമർപ്പിച്ചാൽ പിന്നെ ദുരിതമില്ല, ആകുലമില്ല, പിന്നെ സങ്കടമില്ല, കഷ്ടപ്പാടില്ല. കടമെല്ലാം മാറിക്കൊള്ളും എന്നെല്ലാം പറയുന്ന സുവിശേഷപ്രസംഗങ്ങൾ! Prosperity Gospel! അത് സത്യ സുവിശേഷമല്ല.

എന്താണ് നിർമ്മല സുവിശേഷം? ആത്മാവിന്റെ വീണ്ടെടുപ്പിനുവേണ്ടി കർത്താവായ യേശുക്രിസ്തു ക്രൂശിൽ മരിച്ചു എന്നുള്ളതാണ് നിർമ്മലസുവിശേഷം. നരകാവകാശിയായ മനുഷ്യന് സ്വർഗ്ഗം നൽകാൻ വേണ്ടി നിത്യനായ ദൈവം സ്വർഗ്ഗത്തിൽനിന്ന് ഭൂമിയിലേക്കിറങ്ങി വന്ന് മനുഷ്യന്റെ പാപം ചുമന്ന് കുരിശിൽ മരിച്ചു എന്നതാണ് നിർമ്മല സുവിശേഷം.

അനേകർ തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഭൗതികമായ നന്മകൾ ലാക്കാക്കികൊണ്ട് ക്രൈസ്തവ പ്രവർത്തനങ്ങളിൽ

മുഴുകുന്ന ആളുകളുണ്ട്. ഭൗതികമായ നേട്ടങ്ങൾ ലക്ഷ്യമാക്കി ക്കൊണ്ട് ക്രിസ്തീയവേലകളിൽ മുഴുകുന്ന ആളുകളുണ്ട്. പ്രിയപ്പെട്ടവരേ, ദൈവം കരുതുന്നു. ദൈവം അബ്രാഹാമിന് യിസ്ഹാക്കിന് പകരം ഒരു ആട്ടിൻകുട്ടിയെ കരുതി. ദൈവം നമുക്കുവേണ്ടി കർത്താവായ യേശുവിനെ കരുതി!

> *"സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാ സന്തോഷം ഇന്ന് ഞാൻ നിങ്ങളോട് സുവിശേഷി ക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനി ച്ചിരിക്കുന്നു." ലൂക്കോസ് 2 : 10*

രക്ഷിതാവ് ജനിച്ചു! അതാണ് സുവിശേഷം! ആ രക്ഷി താവിനെ ലഭിക്കുന്നതാണ് നിർമ്മല സുവിശേഷം! ആ രക്ഷി താവിനെ പ്രാപിക്കുവാൻ ആഹ്വാനം ചെയ്യുന്നതാണ് നിർമ്മല സുവിശേഷം! രക്ഷിതാവ് ജീവിതത്തിലേക്ക് വരുന്നതാണ് നിർമ്മല സുവിശേഷത്തിന്റെ കാതൽ!

ഈ വാക്കുകൾ വായിക്കുമ്പോൾ, സുവിശേഷത്തിൽ വിശ്വസിക്കുന്ന നിങ്ങൾ ചിന്തിച്ചു നോക്കണം, യേശു എന്റെ ഹൃദയത്തിൽ വസിക്കുന്നുണ്ടോ? എനിക്ക് രോഗസൗഖ്യം കിട്ടിയാൽ മതിയാവുകയില്ല. കടം മാറിയാലും മതിയാവുകയില്ല. എനിക്ക് വിവാഹം കഴിഞ്ഞാലും, എനിക്കു മക്കളുണ്ടായാലും നല്ല ഭവനം പണിതാലും നല്ല ജോലിയുണ്ടെങ്കിലും നല്ല വരുമാനമാർഗ്ഗമുണ്ടെങ്കിലും, എല്ലാമെല്ലാം മരണം വരെ മാത്രമേ ഉണ്ടാവൂ. എന്നാൽ മരണത്തിന് അപ്പുറത്തേക്കുള്ള നിത്യത സ്വർഗ്ഗരാജ്യത്തിൽ കഴിയുവാൻ സാധിക്കുന്നതാണ് മഹാസന്തോഷം എന്നു പറയുന്നത്.

ആ മഹാസന്തോഷം നമുക്ക് ലഭിക്കണമെങ്കിൽ ക്രിസ്തു ക്രൂശ് വഹിച്ചതുപോലെ ക്രൂശും ചുമന്ന് മുന്നോട്ട് പോകണം. ക്രിസ്തുവിന്റെ കുരിശല്ല നാം ചുമക്കേണ്ടത്. അവനവന്റെ കുരിശ് നാം ചുമക്കണം. അവനവന്റെ ജീവിതത്തിലെ കുരിശു

ചുമക്കുക! അത് കേൾക്കാൻ ഇമ്പമുള്ള, രസകരമായ വാക്കല്ല. നിന്ദയേൽക്കാൻ തയ്യാറാകണം; കുരിശിന്റെ വഴിയാണ് ക്രിസ്തീയ വഴി. കുരിശിന്റെ വഴിയിലൂടെ പോകാൻ തയ്യാറാകുമ്പോളാണ് വാസ്തവത്തിൽ ഞാൻ ഒരു ക്രിസ്ത്യാനിയായി തീരുന്നുള്ളൂ.

ഇന്ന് പല സഭകളുണ്ട്, പല സമുദായ ങ്ങളുണ്ട്. എന്നാൽ ഇന്നത്തെ അനേകം ക്രിസ്ത്യാനികളും ക്രിസ്തു ഇല്ലാത്ത ക്രിസ്ത്യാനികളാണ്. ക്രിസ്തു ജീവിതത്തിൽ ഇല്ല, ക്രിസ്തു ഹൃദയത്തിൽ ഇല്ല.

ക്രിസ്തു ഇല്ലാത്ത ക്രിസ്തീയജീവിതം! ക്രിസ്തു ഇല്ലാത്ത കൺവെൻഷനുകൾ! ക്രിസ്തു ഇല്ലാത്ത ആരാധനകൾ! ക്രിസ്തു ഇല്ലാത്ത പ്രസംഗവേദികൾ! ക്രിസ്തു ഇല്ലാത്ത സുവിശേഷ പ്രസംഗങ്ങൾ! ക്രിസ്തു ഇല്ലാത്ത ധ്യാനയോഗങ്ങൾ!

ക്രിസ്തു ജീവിതത്തിലേക്ക് വരിക എന്നുപറഞ്ഞാൽ ക്രൂശ് നാം സ്വീകരിക്കുക എന്നാണ്. കുരിശിന്റെ വഴിയാണത്; അത് നിന്ദയുടെ വഴിയാണ്, ആക്ഷേപത്തിന്റെ വഴിയാണ്,പരിഹാസത്തിന്റെ വഴിയാണ്. സകലരും വെറുക്കുന്ന വഴിയാണ്, ലോകത്തിന് ഹിതകരമല്ലാത്ത വഴിയാണ്. ആ വഴിയെ പോകാൻ സാധിക്കുന്നെങ്കിൽ മാത്രമേ ക്രിസ്തുവിന്റെ ശിഷ്യനായിരിക്കാൻ കഴിയുകയുള്ളൂ.

കർത്താവ് പറഞ്ഞു: “തന്നെത്താൻ ത്യജിച്ച് ക്രൂശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല.”

*“ഏറിയ പുരുഷാരം അവനോടുകൂടെ പോകുമ്പോൾ അവൻ തിരിഞ്ഞ് അവരോട് പറഞ്ഞത്: എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്തജീവനെയും കൂടെ പകയ്ക്കാതിരിക്കയും ചെയ്യുന്നവന് എന്റെ*

*ശിഷ്യനായിരിപ്പാൻ കഴികയില്ല.”*

*ലൂക്കോസ് 14 : 25, 26*

കർത്താവിന്റെ പിറകെ അനേകർ ആഗ്രഹത്തോടെ, ആവേശത്തോടെ വരുന്നു. അത്ഭുതങ്ങൾ നടക്കുന്നു. കുരുടന് കാഴ്ച കിട്ടുന്നു, ദരിദ്രർക്ക് ആഹാരം ലഭിക്കുന്നു. അഞ്ചപ്പം കൊണ്ട് അയ്യായിരംപേരെ പോഷിപ്പിക്കുന്നു. കുഷ്ഠരോഗികൾക്ക് സൗഖ്യം കിട്ടുന്നു. മുടന്തർ എഴുന്നേറ്റ് നടക്കുന്നു. പക്ഷവാതരോഗി എഴുന്നേറ്റു നടക്കുന്നു. പന്ത്രണ്ടു വർഷമായി രക്തവാർച്ചയുള്ള സ്ത്രീ സൗഖ്യമാകുന്നു. ആളുകൾ തിങ്ങിക്കൂടി വരികയാണ്. അങ്ങനെ ഏറിയ പുരുഷാരം തന്റെ പിന്നാലെ വരുന്നതുകണ്ടപ്പോഴാണ് യേശു ഇപ്രകാരം പറഞ്ഞത്.

അപ്പനെ പകയ്ക്കണം എന്നാണോ കർത്താവു പറഞ്ഞത്? അമ്മയെ വെറുക്കണം എന്നാണോ പറഞ്ഞത്? ഭാര്യയെയോ അല്ലെങ്കിൽ ഭർത്താവിനെയോ വെറുക്കണമെന്നാണോ പറഞ്ഞത്? മക്കളെ പകയ്ക്കണം എന്നാണോ പറഞ്ഞത്? സ്വന്ത ജീവനേയും പകയ്ക്കുക എന്നു പറഞ്ഞാൽ എന്താണർത്ഥം? ഒന്നാം സ്ഥാനം, Supreme priority ക്രിസ്തുവിന് കൊടുക്കുക എന്നാണ്. ഒന്നാമത്തെ പരിഗണന ക്രിസ്തുവിന് കൊടുക്കണം. അതിന് സാധിക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് എന്റെ ശിഷ്യനായിരിപ്പാൻ സാധിക്കുകയില്ല.

എന്റെ അപ്പനെക്കാൾ, അമ്മയെക്കാൾ, എന്റെ ഭാര്യയെക്കാൾ, ഭർത്താവിനേക്കാൾ, മക്കളെക്കാൾ, എന്റെ സ്വത്തിനേക്കാൾ, ജോലിയേക്കാൾ, എന്റെ വരുമാനത്തേക്കാൾ, എന്റെ ഭവനത്തേക്കാൾ, എന്റെ ഭാവിയേക്കാൾ എല്ലാം ഒന്നാം സ്ഥാനം യേശുവിന് കൊടുക്കാൻ ഞാൻ തയ്യാറായില്ലെങ്കിൽ എനിക്ക് യേശുവിന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല. അവനവന്റെ ക്രൂശ് എടുത്തുകൊണ്ട് യേശുവിന്റെ പിന്നാലെ പോകാത്തവനും യേശുവിന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല.

*"അങ്ങനെ തന്നേ നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതൊക്കെയും വിട്ടുപിരിയുന്നില്ല എങ്കിൽ അവന് എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല."*

*ലൂക്കോസ് 14 : 33*

തനിക്കുള്ളതൊക്കെയും വിട്ടുപിരിയുക. ഒന്നാംസ്ഥാനം ക്രിസ്തുവിന്, ക്രിസ്തുവിന്റെ ഇഷ്ടത്തിന്, ക്രിസ്തുവിന്റെ അഭിമതത്തിന്, ക്രിസ്തുവിന്റെ ആശയത്തിന്, ക്രിസ്തുവിന്റെ ഹിതത്തിന്, ക്രിസ്തുവിന്റെ ആലോചനയ്ക്ക്, ക്രിസ്തുവിന്റെ വഴികൾക്ക്.

ഞാൻ അല്പം ലജ്ജയോടെ പറയുകയാണ്. ഞാൻ പതിനേഴാമത്തെ വയസ്സിൽ മാനസാന്തരപ്പെട്ടവനാണ്. ഞാൻ ദൈവവേല ചെയ്തു. ഓടി നടന്നു പ്രസംഗിച്ചു, ശരിയാണ്. പക്ഷേ, ഈ പറയുന്നതിന്റെ അർത്ഥം എനിക്കറിഞ്ഞൂകൂടായിരുന്നു. ഞാൻ സുവിശേഷവേല ചെയ്തു. ബൈബിൾ ക്ലാസ്സുകൾ എടുത്തു. ഒരു ദിവസം പോലും ഇളവില്ലാതെ പ്രസംഗിച്ച കാലങ്ങളുണ്ട്. പക്ഷേ, ഈ പറയുന്നതിന്റെ പൊരുൾ എനിക്ക് മനസ്സിലായിരുന്നില്ല.

എന്നാൽ ആഴമേറിയ ഒരു സമർപ്പണത്തിലേക്ക് കർത്താവ് എന്നെ നടത്തി. എന്റെ ജീവിതത്തിലേക്കു തിരിഞ്ഞു നോക്കാൻ ദൈവം എനിക്ക് അവസരം തന്നു. എന്റെ ജീവിതത്തിൽ കർത്താവ് വേദനിക്കുന്നത് പലതും പലതും ഉണ്ടെന്ന് മനസിലായി. പാപങ്ങളല്ല പ്രിയരേ, സ്വന്തം ഇഷ്ടങ്ങൾ, സ്വന്തം താത്പര്യങ്ങൾ. മറ്റു പലതിനും ഞാൻ ഒന്നാം സ്ഥാനം കൊടുത്തിരുന്നു. ലൗകികമായ പലതും അതിന്റെ കൂടെ യേശുവും; അത്രയേ എന്റെ ഭക്തിജീവിതം ഉണ്ടായിരുന്നുള്ളൂ.

എന്നാൽ വളരെ ആഴത്തിലുള്ള ഒരു ക്രിസ്തീയജീവിതത്തിന്റെ സമർപ്പണത്തിലേക്ക് പരിശുദ്ധാത്മാവ് എന്നെ പയ്യെപ്പയ്യെ നടത്തി. എന്റെ പിറകെ, ഒരു ബദ്ധപ്പാടും കൂടാതെ, വളരെ ശാന്തമായി കർത്താവ് നിന്നു.

എനിക്ക് അടിക്കടി പ്രതിസന്ധികൾ വരാൻ തുടങ്ങി; പലരും വെറുക്കാൻ തുടങ്ങി; പകയ്ക്കാൻ തുടങ്ങി. പലവിധത്തിൽ എതിർപ്പുകൾ വന്നു എന്നു മാത്രമല്ല, ആക്ഷേപങ്ങൾ വന്നു, പരിഹാസങ്ങൾ വന്നു. ഒരിക്കലും ചിന്തിക്കുകപോലും ചെയ്യാത്ത കാര്യങ്ങൾ എന്റെമേൽ ആരോപിച്ചു. അങ്ങനെ പടിപടിയായി – ഞാൻ ഒന്നൊന്നായി തിരിഞ്ഞു നോക്കാൻ തുടങ്ങി.

ഇതെല്ലാം വരുമ്പോൾ എനിക്കു വാട്ടം വരുന്നു. പലരും ആക്ഷേപിക്കുമ്പോൾ എന്റെ മുഖം വാടുന്നു, എന്റെ ഹൃദയം മ്ലാനമാകുന്നു. പലരും ഇല്ലാത്തതു പറയുമ്പോൾ എനിക്ക് ഉള്ളിൽ സങ്കടം വരുന്നു. അത് ഒരു ദൈവപൈതലിന് ചേർന്നതല്ലല്ലോ എന്ന് മനസ്സിലാക്കാൻ ഇടയായി. മനസ്സിലായി വരുന്തോറും ഓരോന്നോരോന്നായി സമർപ്പിക്കാൻ ഇടയായി. ഇന്നും ഞാൻ എളിമയോടെ പറയട്ടെ, ഞാൻ തികഞ്ഞവനായില്ല.

> *"ലഭിച്ചു കഴിഞ്ഞു എന്നോ, തികഞ്ഞവനായി എന്നോ അല്ല, ഞാൻ ക്രിസ്തു യേശുവിനാൽ പിടിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് എനിക്കും അതു പിടിക്കാമോ എന്നുവച്ച് പിന്തുടരുന്നതേയുള്ളൂ. സഹോദരന്മാരേ, ഞാൻ പിടിച്ചിരിക്കുന്നു എന്നു നിരൂപിക്കുന്നില്ല. ഒന്നു ഞാൻ ചെയ്യുന്നു; പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിന്നായി ലാക്കിലേക്ക് ഓടുന്നു."*
>
> *ഫിലിപ്പിയർ 3 : 12 – 14*

ദൈവത്തിന്റെ ഒരു പരമവിളി എന്റെമേൽ വന്നിരിക്കുന്നു. മോനേ, നിന്റെ സമർപ്പണം പൂർണ്ണമായില്ല, ആഴത്തിൽ നീ സമർപ്പിക്കൂ. ഈ ലോകമെല്ലാം മാറിപ്പോകും. ഇവിടെയുള്ളതെല്ലാം തീർന്നുപോകും. ആരോഗ്യം വറ്റിപ്പോകും. പണം തീർന്നുപോകും. സ്നേഹിതർ മാറിപ്പോകും. കൂട്ടാളികൾ വിട്ടുപോകും. എന്നാൽ മകനേ, വിട്ടുപോകാത്തത് ഒന്നുണ്ട്;

അതു ഞാൻ മാത്രമാണ്.

മകനേ, നിന്റെ ജീവിതത്തിൽ ഞാൻ നിന്നോടു കൂടെ ഇരിക്കാം. അന്ത്യത്തോളം ഞാൻ നിന്റെ കൂടെ ഇരിക്കാം. എനിക്ക് നിന്നെ ആവശ്യമാണ്. നിനക്കും എന്നെ ആവശ്യ മായി വരട്ടെ. നീ എന്റെ പിന്നാലെ വരുവിൻ. എല്ലാം മറന്നും എല്ലാം വിട്ടും ആക്ഷേപം സഹിച്ചും പ്രതിസന്ധികൾ നേരിട്ടും എല്ലാവരുടേയും തെറ്റിദ്ധാരണകളും ഒറ്റപ്പെടുത്തലുകളും കുറ്റ പ്പെടുത്തലുകളുമെല്ലാം ഏറ്റും നീ എന്റെ പിന്നാലെ വരൂ. ഞാൻ പോയ പാത കുരിശിന്റെ പാതയാണ്. ഞാൻ കുരിശും പേറി പോയ പാതയിലൂടെ നീ എന്റെ പിന്നാലെ വരൂ എന്നുപറ ഞ്ഞുകൊണ്ട് ക്രിസ്തു എന്നെ നിർബ്ബന്ധിച്ച് വിളിച്ച് അവന്റെ കൂടെ നടത്തിക്കൊണ്ടുപോയി.

സ്വർഗ്ഗത്തിലെ ദൈവം എന്നിൽ അത്ഭുതം പ്രവർത്തിച്ചു. അവൻ എനിക്ക് ആശ്വാസം തന്നു; ധൈര്യം തന്നു; പ്രത്യാശ തന്നു; പ്രാഗത്ഭ്യം തന്നു. നിങ്ങളെ ഓരോരുത്തരെയും കരുണ യുള്ള കർത്താവ് ആശയോടെ നോക്കി നിൽക്കുന്നു. നിങ്ങ ളിൽ വലിയ പ്രവൃത്തി ചെയ്യാൻ ദൈവം ആശയോടെ നോക്കി നിൽക്കുകയാണ്.

ഒരിക്കൽ മാനസാന്തരപ്പെട്ടു, ഒരിക്കൽ സമർപ്പിച്ചു, ഒരി ക്കൽ ജീവിതം യേശുവിന് കൊടുത്തു എന്നു പറയുന്ന നിങ്ങൾ ചില പ്രകടമായ പാപങ്ങളോട് യാത്രപറഞ്ഞ നിങ്ങൾ, സംതൃപ്തരായി കഴിയരുത്. നിങ്ങളുടെ സമർപ്പണം ഇനിയും ശരിയാകാനുണ്ട്. സമർപ്പണം ഇനിയും ആഴത്തിലേക്ക് പോകേണ്ടതുണ്ട്. നിന്റെ കുറ്റികളെ ഉറപ്പിക്ക. നിന്റെ കയറുകളെ നീട്ടുക.

> *"നിന്റെ കൂടാരത്തിന്റെ സ്ഥലത്തെ വിശാലമാക്കുക; നിന്റെ നിവാസങ്ങളുടെ തിരശ്ശീലകളെ അവർ നിവിർക്കട്ടെ; തടുത്തുകളയരുത്; നിന്റെ കയറു കളെ നീട്ടുക; നിന്റെ കുറ്റികളെ ഉറപ്പിക്ക."*
>
> *യെശയ്യാവ് 54 : 2*

നിന്റെ വിശ്വാസത്തിന്റെ കുറ്റികളെ ഉറപ്പിക്കണം. മകനേ, കുറ്റി ഇനിയും താഴ്ത്തണം, സമർപ്പണം ഇനിയും ആഴത്തിലാക്കണം. “Lengthen thy cords and strengthen thy stakes.”

ആഴത്തിലുള്ള ഒരു സമർപ്പണത്തിലേക്ക് കരുണയുള്ള കർത്താവ് നിങ്ങളെ ക്ഷണിക്കുകയാണ്. നിങ്ങളുടെ പ്രവർത്തനമണ്ഡലങ്ങളെ വിശാലമാക്കാം. ഇന്ന് ഇടുങ്ങിയ ജീവിതമാണ്. കുടുംബത്തിൽ മാത്രം ഒതുങ്ങി നിൽക്കുക യാണ്. സ്വന്തം കാര്യങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. ചില സ്വാർത്ഥകാര്യങ്ങളിലാണ് ഇന്ന് നിങ്ങളുടെ ജീവിതം ഒതുങ്ങി നിൽക്കുന്നത്. അവിടെ നിന്ന് വിശാലതയിലേക്ക് കയറുകളെ നീട്ടണം. തിരുനിവാസത്തിന്റെ ചിറകുകളെ നിങ്ങൾ നിവർത്തണം. എല്ലാ കൂടാരങ്ങളേയും നിവർത്തണം. നിങ്ങൾ കുറ്റികളെ ആഴത്തിൽ ഉറപ്പിച്ചുകൊണ്ട് വിശാലതയിലേക്ക് നീങ്ങുക.

അക്കരെ ചെല്ലുമ്പോൾ ഇതിന്റെ എല്ലാം വിലയറിയാം. ഒരുനാൾ നാം അക്കരയിലേക്ക് പറക്കും. അവിടെ ചെല്ലു മ്പോൾ അറിയാം ഇവിടെ നാം നേടിയത് എന്താണെന്ന്. നാം ആശ്വാസദേശത്തേക്ക് പോകേണ്ടവരാണ്. എല്ലാം മാറും. എല്ലാം തീരും, എല്ലാം വിട്ടു പോകും. ആരും കൂടെ പോരാൻ ഉണ്ടാവുകയില്ല.

പ്രിയപ്പെട്ട ഭാര്യക്ക് സങ്കടത്തോടെ കരയാം; പ്രിയപ്പെട്ട ഭർത്താവിന് വേദനയോടെ വിതുമ്പാം. പ്രിയപ്പെട്ട മക്കൾക്ക് കണ്ണീരോടെ, അതിദു:ഖത്തോടെ അരികത്തു ചേർന്നു നിൽക്കാം. അതിന്നപ്പുറത്തേക്ക് ആർക്കും ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. പക്ഷേ, ഞാൻ എന്നു പറയുന്ന മനുഷ്യനോ അക്ക രയിലേക്ക് കടന്നുപോകുന്നു. ഈ ലോകം പിന്നിലേക്ക് മാറുന്നു. മനുഷ്യൻ ഇതാ, നിത്യതയിലേക്ക് അടുക്കുന്നു.

ഓരോ നിമിഷം കഴിയും തോറും നാമും നിത്യതയോട്

അടുത്തടുത്ത് വരികയാണ്. സ്നേഹിതരേ, ഇന്ന് നിങ്ങൾക്ക് നിത്യജീവന്റെ ഉറപ്പ് വേണമോ? പ്രാഗത്ഭ്യം വേണമോ? അവനെ അനുസരിക്കാൻ തയ്യാറാകുക. യേശുവിന് കീഴ്പ്പെടുവാൻ, വിനയപ്പെടാൻ തയ്യാറാകുക. യേശുവിന്റെ സന്നിധിയിൽ നിങ്ങൾ സമർപ്പിക്കാൻ തയ്യാറാകുക.

നിങ്ങളെ ആഴമേറിയ സമർപ്പണത്തിലേക്ക്, കുറ്റി ആഴത്തിൽ ഉറപ്പിക്കുന്ന അനുഭവത്തിലേക്ക് നയിക്കാൻ, യേശു ഇതാ നിങ്ങളുടെ അരികത്തേക്കു വരികയാണ്. കർത്താവേ, എന്റെ ജീവിതത്തിലെ കുരിശുകൾ പുഞ്ചിരിയോടെ എടുത്തുകൊണ്ട് ഞാനും ഇതാ വരുന്നു. പരിഭവമില്ലാതെ, നിരാശയില്ലാതെ, സങ്കടമില്ലാതെ കുരിശ് ഞാൻ എടുത്തുകൊള്ളാം. നീ പോയ അതേ കാൽച്ചുവടുകളിലൂടെ ഞാനും ഇതാ വരുന്നു. വിശ്വാസത്തോടെ പറയുവിൻ, വിശ്വാസത്തോടെ പ്രാർത്ഥിപ്പിൻ, വിശ്വാസത്തോടെ തീരുമാനിപ്പിൻ. വിശ്വാസത്തോടെ സമർപ്പിപ്പിൻ. നമുക്ക് പ്രാർത്ഥിക്കാം:

കാരുണ്യവാനായ സ്വർഗ്ഗീയപിതാവേ, ജീവന്റെ അരുളപ്പാടുകൾക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. സ്വർഗ്ഗീയ കരുതലിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. അബ്രാഹാമിന്റെ ജീവിതത്തിൽ നിന്ന് പുതിയ പാഠങ്ങൾ പഠിക്കുവാൻ കൃപ തന്നതിനായി സ്തോത്രം. എല്ലാവരേയും വാഴ്ത്തണമെ. എല്ലാവരുടെ മേലും തൃക്കരം വയ്ക്കണമേ. ആണിപ്പാടുള്ള കരം വച്ച് എല്ലാവരേയും ആശീർവ്വദിക്കണമേ. തിരുനാമം മഹത്വപ്പെടുത്തണമേ. യേശുക്രിസ്തുവിന്റെ രാജകീയ നാമത്തിൽ തന്നേ, ആമേൻ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം – ഭാഗം ഒന്ന്
53. കണ്ണീർപ്പാടം – ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)
Ph : 0484 -2689489, 9142 303096

| | |
|---|---|
| രണ്ടാം ശനിയാഴ്ച | 9.00am - 2.00pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| ഒന്നാം ചൊവ്വാഴ്ച (സ്ത്രീകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |